THE MALANKARA SABHA



മലങ്കരസഭ



Rs. 15

ഓഗസ്റ്റ് 2013

The Official Media of Malankara Orthodox Syrian Church

www.malankarasabha.in

അമ്മ

ശൂനോയോ പെരുന്നാൾ


നവാഭിഷിക്തരായ
കോർ–എപ്പിസ്ക്കോപ്പാമാർക്ക്
പ്രാർത്ഥനാശംസകൾ



വന്ദ്യ ദിവ്യശ്രീ.
പി.ജി. കുര്യൻ
പ്ലാങ്കാലയിൽ
കോർഎപ്പിസ്ക്കോപ്പാ



വന്ദ്യ ദിവ്യശ്രീ.
വൈ. തോമസ്
മുട്ടുവേലിൽ
കോർഎപ്പിസ്ക്കോപ്പാ



വന്ദ്യ ദിവ്യശ്രീ.
പി. അലക്സാണ്ടർ
പൊയ്കമേലേതിൽ
കോർഎപ്പിസ്ക്കോപ്പാ




വന്ദ്യദിവ്യശ്രീ.
ജോൺ സി. വർഗീസ്,
ഈഴകത്ത്
കോർഎപ്പിസ്ക്കോപ്പാ



സാന്ത്വനം സോഷ്യൽ വെൽഫെയർ
ഫൗണ്ടേഷൻ, അടൂർ, കേരള


ദൈവകൃപയുടെ
87–ാം വർഷം



റവ. മദർ സൂസൻ കുരുവിള

ആയുരാരോഗ്യ മംഗളങ്ങളോടെ...

മാർ ഗ്രീഗോറിയോസ്ആശ്രമം
Kandanadu



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 8, പുസ്തകം 70, ഓഗസ്റ്റ് 2013

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
മാധ്യമ ഭീകരത
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

8 സമകാലികം
കേരളത്തിലെ സമകാലിക.....
- ഫാ. ഷാലു ലൂക്കോസ് തിരുമംഗലം

10 ലേഖനം
യരുശലേം തീർത്ഥാടനമെന്ന...
- ഫാ. ഡോ. ഒ. തോമസ്

11 നോമ്പ്
വി. കന്യകമറിയം പാശ്ചാത്യ-പൗരസ്ത്യ...
- ഡോ. എം. കുര്യാക്കോസ് മുകളത്ത്

12 ദാമ്പത്യം
ദാമ്പത്യം കോടതി കയറുമ്പോൾ
- ജി. ബാലകൃഷ്ണൻ നായർ

14 പഠനം
ഇടവിടാതെ പ്രാർത്ഥിപ്പിൻ
- ഫാ. ഡോ. ബി. വറുഗീസ്

21 വായന
വിശുദ്ധർ വണങ്ങപ്പെടണം...
- ഫാ. ഡോ. ഏബ്രഹാം ഉമ്മൻ

23 നമ്മിലൊരാൾ
ഏറ്റവും ചെറിയ വലിയ വൈദികൻ
-കെ. വി. മാമ്മൻ കോട്ടയ്ക്കൽ

25 ഗസ്റ്റ്
നമ്മുടെ അമ്മമാർ : സുഗതകുമാരി
- അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

28 പഠനം
വിശുദ്ധ ബൈബിളിലെ മേരിമാരുടെ...
- തോമസ് കുളത്തിൻ കരോട്ട്, മുട്ടം

ധ്യാനപംക്തി, പിൻമൊഴി, സമ്യഗ് ദർശനം, പുനർനവം, സ്ത്രൈണം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.

President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalankara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

BRIEFLY

കാതോലിക്കാ ദിനപ്പിരിവ് സമാഹരണം വിവിധ ഭദ്രാസനങ്ങളിൽ നിന്നും ഓഗസ്റ്റിൽ പ. കാതോലിക്കാ ബാവാ സ്വീകരിക്കും. 2013-14-ൽ 5 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം.

സെപ്റ്റംബർ അഞ്ചിന് പ. കാതോലിക്കാ ബാവായും മാർപ്പാപ്പായും തമ്മിൽ വത്തിക്കാനിൽ കൂടിക്കാഴ്ച

പരുമല സെമിനാരിയിൽ സെപ്റ്റം. 14-ന് സ്ലീബാദാസ സമൂഹത്തിന്റെ വാർഷിക സമ്മേളനം പ. ബാവ ഉദ്ഘാടനം ചെയ്യും.

മർത്ത്മറിയം സമാജം അന്തർദേശീയ വാർഷിക സമ്മേളനം 2013 സെപ്റ്റംബർ 18, 19, 20 തീയതികളിൽ തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഓമല്ലൂർ സെന്റ് തോമസ് വലിയ പള്ളിയിൽ നടത്തും. ക്യാമ്പിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 23 നു മുമ്പായി ഭദ്രാസന സെക്രട്ടറിമാരുടെ പക്കൽ പേരു രജിസ്റ്റർ ചെയ്യണം. ഒരിടവകയിൽ നിന്നും 2 പ്രതിനിധികളെ പള്ളിച്ചെലവിൽ അയയ്ക്കണം. (രജി. ഫീ. 500 രൂപ)



മലങ്കരസഭ

10 ഓഗസ്റ്റ് 2013

എല്ലാ മാസവും മലങ്കരസഭയുടെ അഭിമാന പ്രകാശം

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരു വർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ


വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി

ഡോ. സഖറിയ മാർ തെയോഫിലോസ്



2013 ലെ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്കായി കാനഡായിലെ എഡ്മണ്ടൻ പള്ളിയിലേക്ക് ലണ്ടൻ വഴിയാണ് പോകേണ്ടത്. ലണ്ടൻ എയർപോർട്ടിൽ നിന്ന് എന്റെ പെട്ടികളുമായി മുന്നോട്ടുനീങ്ങിയപ്പോൾ അസഹ്യമായ നടുവേദന അനുഭവപ്പെട്ടു. ലണ്ടനിലെ ചില സ്നേഹിതരായ ഡോക്ടർമാരുടെ സഹായത്താൽ പ്രാഥമിക ശുശ്രൂഷയിൽക്കൂടി അല്പം ആശ്വാസം ലഭിച്ചു. തുടർന്നുള്ള യാത്രയിലും കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകളിലും അതിവേദന ഉണ്ടായെങ്കിലും അനുഗ്രഹകരമായി ശുശ്രൂഷകൾ നടത്തി. അമേരിക്കയിലെ ഒന്നുരണ്ട് സ്ഥലങ്ങൾ സന്ദർശിച്ച ശേഷമാണ് ഏപ്രിൽ 21-ന് ഹൂസ്റ്റൺ പള്ളിയിൽ വിശുദ്ധ കുർബ്ബാനയ്ക്ക് എത്തിയത്. മുട്ടിനും നടുവിനും വേദന അനുഭവപ്പെട്ടതിനെ തുടർന്ന് വി. കുർബ്ബാനയിൽ തുബ്ദേൻ ഭാഗത്ത് ശാരീരിക ക്ഷീണം കൊണ്ട് ഇരുന്നുപോയി. തുടർന്നുള്ള ശുശ്രൂഷകൾ വേദന സഹിച്ച് ഞാൻ തന്നെ പൂർത്തീകരിച്ചു.


ഹൂസ്റ്റണിലെ ആശുപത്രിയിൽ 24-ന് ഞാൻ അഡ്മിറ്റായി. നമ്മുടെ സഭാംഗങ്ങളായ അനവധി പേർ അവിടെ ജോലി ചെയ്യുന്നുണ്ട്. ഏകദേശം 29 ദിവസം ഞാൻ ചികിൽസ തേടി അവിടെ കഴിഞ്ഞു. നമ്മുടെ അനവധി പേരുടെ നിരന്തരമായ പ്രാർത്ഥനയാൽ ആരോഗ്യത്തോടെ ഹൂസ്റ്റൺ അരമനയിലേക്ക് താമസം മാറ്റി. നാല്പതിലധികം ദിവസം അരമനയിൽ താമസിച്ചു. അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തന്നു. സമീപപ്രദേശങ്ങളിൽ നിന്നും നമ്മുടെ വൈദികരും വിശ്വാസികളും എന്നെ കാണുവാൻ വന്നു. തിരികെ നാട്ടിലേക്ക് വരുവാനുള്ള ഫസ്റ്റ് ക്ലാസ്സ് എയർടിക്കറ്റ് നമ്മുടെ പ്രിയങ്കരനായ ജേക്കബ് മാത്യു (ജോജോ) ക്രമീകരിച്ചു തന്നു. നാട്ടിൽ എത്തിയിട്ടും മൂന്നു ദിവസം കോഴിക്കോട്ട് ആശുപത്രിയിൽ ആയി. ഇനി വിദഗ്ധ ചികിൽസക്കായി ബോംബെയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലേക്ക് പോകുകയാണ്. ഇപ്പോഴും എനിക്ക് മുട്ടിനും നടുവിനും വേദന ഉണ്ടെങ്കിലും യാതൊരു ബുദ്ധിമുട്ടും കൂടാതെ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു.

അമേരിക്കയിലെ ഡോക്ടറന്മാർ 'എന്റെ ക്യാൻസർ രോഗം സൗഖ്യമാകുന്ന'താണെന്ന് പറഞ്ഞു. അതിനാൽ ഏവരും തുടർന്നും പ്രാർത്ഥിക്കണം.

ഒരുകാര്യം കൂടി ഞാൻ വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്. ഇത് സ്വപ്നമാണോ ദർശനമാണോ എന്ന് വ്യക്തമായി പറയുവാൻ എനിക്കറിയില്ല. അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി എനിക്ക് പ്രത്യക്ഷമായിട്ട് പറഞ്ഞു: ആബൂൻ, വേദനകൾ എല്ലാം മാറും, അബൂൻ സൗഖ്യം പ്രാപിക്കും. പിറ്റേ ദിവസം മുതൽ നടക്കുവാൻ ആരംഭിച്ചു. നടക്കുവാനുള്ള ആത്മധൈര്യം ലഭിക്കുകയും ചെയ്തു. ഇത് അഭി. ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥത മൂലമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആ പ്രാർത്ഥനയാണ് ഇന്ന് എന്നെ ഇവിടെ എത്തിച്ചത്. നിങ്ങൾ ഏവരും എനിക്കുവേണ്ടിയും എല്ലാ രോഗികൾക്കുവേണ്ടിയും പ്രാർത്ഥിക്കണം.

(വാകത്താനം ഞാലിയാകുഴി മാർ ബസ്സേലിയോസ് ദയറായിൽ ജൂലൈ 12-ന് വെള്ളിയാഴ്ച നടത്തിയ പ്രഭാഷണ സംഗ്രഹം)

മഹാപുരോഹിത സന്ദേശം




പൗരസ്ത്യ സഭയുടെ ആദ്ധ്യാത്മികത ആരാധനയിൽ അധിഷ്ഠിതമാണ്. മലങ്കര സഭയുടെ സ്വർഗ്ഗീയമായ ആരാധനകളും കൂദാശകളും ഏറ്റവും അനുഗ്രഹപ്രദമായും ഭക്തിപൂർവ്വവും അനുഷ്ഠിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നമുക്ക് ഏവർക്കും ഉത്തരവാദിത്വമുണ്ട്. ഗായകസംഘങ്ങളെക്കുറിച്ച് പ. സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ഗൗരവമായി ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ പ. സഭയിലെ ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഗായകസംഘവും കൂദാശകൾക്ക് വരുന്ന പ്രൈവറ്റ് ഗായകസംഘങ്ങളും 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്' രജിസ്ട്രേഷൻ ഉള്ളവരാണ് എന്നുറപ്പുവരുത്തുവാൻ വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ആരാധനാ സംഗീത വിദ്യാലയമായ **'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്'** നടത്തുന്ന കോഴ്സ് പഠിച്ച് പാസ്സായിട്ടുള്ളവർക്കും ശ്രുതിയുടെ അംഗീകാരവും രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റും ഉള്ള പ്രൈവറ്റ് ഗായകസംഘങ്ങൾക്കും മാത്രമേ 2014 ജനുവരി മാസം 1-ാം തീയതി മുതൽ പ. സഭയുടെ ദേവാലയങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകുന്നതിന് അനുവാദം ഉണ്ടായിരിക്കുകയുള്ളൂ എന്ന കാര്യം ഈ കൽപനയിലൂടെ നാം അറിയിക്കുന്നു. അംഗീകാരം കൂടാതെ നിലവിൽ ഗായകസംഘമോ പ്രൈവറ്റ് ക്വയറോ നടത്തുന്നവർക്ക് രജിസ്ട്രേഷന് അവസരം ലഭിക്കുന്നതിന് 2013 ഡിസംബർ മാസത്തിന് മുമ്പായി ശ്രുതി സ്കൂൾ മൂന്ന് ആരാധനാ സംഗീത കോഴ്സുകൾ നടത്തുന്നതാണ്. പ. സഭയിലെ ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നമ്മുടെ 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കി'നെ നാം ചുമതലപ്പെടുത്തിയിട്ടുള്ള വിവരവും ഏവരെയും അറിയിക്കുന്നു. ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഓരോ മെത്രാസനത്തിലും ഒരു മോനിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുന്നതാണ്. പ. സഭയുടെ ആരാധനാസംഗീത പാരമ്പര്യവും അതിന്റെ തനിമയും കൂദാശാനുഷ്ഠാനങ്ങളിലെ ജനപങ്കാളിത്തവും ഒട്ടും നഷ്ടമാകാതെ, തികഞ്ഞ ആത്മീയ അച്ചടക്കത്തോടെ നമ്മുടെ ദേവാലയങ്ങളിൽ ആരാധന നടത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ വൈദിക സ്ഥാനികളും, ഗായകസംഘാംഗങ്ങളും, വിശ്വാസികളും ഒരുമിച്ച് പ്രവർത്തിക്കണം.

ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

മാധ്യമ ഭീകരത



Hyper Reality and MEDIA PROPAGANDA

'മാധ്യമ അജൻഡ, മാധ്യമ സിൻഡിക്കേറ്റ്, മാധ്യമ ഭീകരത, മാധ്യമ തീവ്രവാദം, മാധ്യമ ക്വട്ടേഷൻ, മാധ്യമ ഗുണ്ടായിസം' എന്നിവയിൽ എല്ലാം അന്തർഭവിച്ചിരിക്കുന്നത് മാധ്യമ നയ നിഷേധങ്ങളാണ്.

'ടെലിവിഷൻ ചാനലുകളിലെ
ലൈംഗിക കാഴ്ചകൾക്ക് എതിരെ
നടപടി എടുക്കുവാൻ കഴിയുമോ
-(ഒരു അമ്മയുടെ സങ്കടം)

* * *

കുടുംബാന്തരീക്ഷത്തിൽ ടെലിവിഷൻ കാണുവാൻ
കഴിയാതെ വന്നിരിക്കുന്നു. സീരിയലുകളെക്കാൾ
അസഭ്യതയാണ് വാർത്താ ചാനലുകളിൽ
- (നിരീക്ഷണം)

* * *

യാഥാർത്ഥ കാഴ്ചകൾ വർണ്ണപ്പൊലിമയിലും
ബഹുഗുണീഭവത്തിലും ബൃഹദ്‌രൂപത്തിലും
അയഥാർത്ഥമാക്കി
പൊലിപ്പിക്കുകയാണ് ചാനലുകൾ.
- (ഴാങ്ങ് ബ്രോദിയാർ)'

മലയാളികളുടെ ബോധവിചാരങ്ങളെ സ്വാധീനിക്കുന്നതിൽ ടെലിവിഷൻ ചാനലുകളുടെ പങ്ക് നിർണ്ണായകമാണ്. മലയാളി എവിടെയുണ്ടോ അവിടെയെല്ലാം മലയാളം വാർത്താ ചാനലുകളും കേരളീയ രാഷ്ട്രീയവും സജീവമാണ്. ജനപ്രിയമായ പൂർണ്ണസമയ വാർത്താ ചാനലുകളും അവയിലെ തത്സമയ സംപ്രേഷണങ്ങളും ജനജീവിതത്തെ ഇപ്പോൾ അസ്വസ്തമാക്കുകയാണ്. രാഷ്ട്രീയ പോരാട്ടങ്ങൾ മാധ്യമങ്ങൾ ഏറ്റെടുത്തപ്പോൾ സഭ്യതയുടെ അതിരുകൾ ലംഘിച്ച് ഭീകതര പങ്കിടുകയാണ്. കാഴ്ചക്കാരെ ലക്ഷ്യമാക്കി ഉല്പാദിപ്പിക്കുന്ന രഹസ്യ സ്വഭാവമുള്ളതെന്തും ചോർത്തിയെടുത്ത് സംപ്രേഷണം ചെയ്യുവാനുള്ള 'ചങ്കൂറ്റം' മാധ്യമ ധർമ്മമായി വ്യാഖ്യാനിക്കപ്പെടുന്നു.

മാധ്യമങ്ങളിലെ കാഴ്ചകൾ വെറും കാഴ്ചകളല്ല. വിസ്മയകാഴ്ചകളും മായിക കാഴ്ചകളുമാക്കി തീർക്കുന്നുവെന്ന് ഴാങ്ങ് ബ്രോദിയാറിന്റെ നിരീക്ഷണം എത്രയോ ശരിയാകുന്നു. മാധ്യമങ്ങളിൽ യാഥാർത്ഥ്യങ്ങളില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. കമ്പോളം ലക്ഷ്യമാക്കിയുള്ള കാഴ്ചകളുടെ അതിയാഥാർത്ഥ്യത്തിന്റെ മുമ്പിൽ സത്യവും നീതിയും വിസ്മൃതമാക്കപ്പെടുന്നു. അങ്ങനെ പൊതുസമൂഹത്തെ അരാഷ്ട്രീയവൽക്കരിക്കുവാനും ശിഥിലീകരിക്കുവാനും മാധ്യമങ്ങൾ ബോധപൂർവ്വം ശ്രമിക്കുന്നു. കൂടാതെ മാധ്യമങ്ങളിൽ സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കുമാണ് പ്രാമുഖ്യം എന്നും വെളിപ്പെടുത്തുന്നു.

മാധ്യമങ്ങൾ വിഷയ വിശകലനങ്ങളിലും അവതരണത്തിലും നീതിയുടെ പക്ഷം ചേരുമ്പോൾ ആത്യന്തികമായി സമാധാനവാഹകരായിതീരും. എന്നാൽ ഇപ്പോൾ ശക്തിപ്പെടുന്ന 'മതതീവ്രവാദം, മതഭീകരത, ഭീകരാക്രമണം, രാഷ്ട്രീയ സംഘർഷം, മാഫിയാ ബന്ധങ്ങൾ, ലൈംഗിക കാഴ്ചകൾ തുടങ്ങിയവയിൽ മാധ്യമങ്ങൾ ഉയർത്തുന്ന ദൃശ്യകോലാഹലങ്ങൾ അനവധിയാണ്. രാഷ്ട്രീയ-മത-രംഗങ്ങളിൽ വളർന്നുവരുന്ന 'വിലയ്ക്കെടുത്ത' മാധ്യമ പ്രവർത്തനവും

സംസ്ക്കാരിക 'വികൃത മാധ്യമ പ്രവർത്തനവും' ശാന്തിക്കും സ്വസ്ഥതയ്ക്കും ജീവിതാന്തസ്സിനും മുഖ്യ വെല്ലുവിളി ഉയർത്തുന്നു. ഇവ ആത്യന്തികമായി മാധ്യമ സംസ്കാരത്തിന്റെ ധാർമ്മികതയേയും ജനാധിപത്യ സ്വഭാവത്തെയും ഹനിക്കുകയാണ്. വസ്തുനിഷ്ഠവും സുതാര്യവുമായ വാർത്താവിവരണങ്ങൾ നൽകേണ്ട മാധ്യമങ്ങൾ പണം, അധികാരം, രാഷ്ട്രീയം എന്നിവയ്ക്ക് കീഴടങ്ങുമ്പോൾ മാധ്യമ ധാർമ്മികതയുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് തുരങ്കം വെയ്ക്കുന്നു.

മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ശബ്ദദൃശ്യ വിവരണങ്ങളും വ്യാഖ്യാനങ്ങളും ആത്യന്തികമായി സമൂഹത്തിൽ സംഘർഷവും മാനസ്സിക പിരിമുറുക്കവും സൃഷ്ടിക്കുകയാണ്. അശാന്തിയുടെ അന്തരീക്ഷമാണ് സമൂഹത്തിലും മനുഷ്യമനസ്സിലും മാധ്യമങ്ങൾ പങ്കിടുന്നത്. ആക്രമണവും ലൈംഗികതയും സജ്ജീവമായി ഉദ്ദീപിപ്പിക്കുന്നതിൽകൂടി മാധ്യമങ്ങൾ നേടുന്നത് മൂലധനം, സാമ്രാജ്യത്വം, കമ്പോളം എന്നിവയാണ്. വൻകിട സാമ്രാജ്യത്വ ശക്തികളുടെയും മാധ്യമ ഭീമന്മാരുടെയും കാഴ്ചപ്പാടിലാണ് സത്യത്തെ ഇവർ വക്രീകരിക്കുന്നത്. സത്യത്തിന്റെ കാവൽക്കാരാകേണ്ട മാധ്യമങ്ങൾ യഥാർത്ഥ വസ്തുതകളുടെ തമസ്ക്കരണം, വക്രീകരണം എന്നിവ ഉൾക്കൊള്ളിച്ചുള്ള തത്സമയ വിവരണങ്ങളാണ് പലപ്പോഴും ശക്തിപ്പെടുത്തുന്നത്. വിവരണങ്ങളിൽ അതിശയോക്തി കലർന്ന വർണ്ണചിത്രങ്ങളും.

പ്രചാരവും സ്വാധീനവും കമ്പോളവും ഉറപ്പാക്കുന്നതിനായി ശ്രദ്ധിക്കുന്ന മാധ്യമങ്ങൾ കൃത്യത, ധീരത, വ്യക്തത തുടങ്ങിയ വാർത്താ മൂല്യങ്ങളെ അനീതി, ഉപഭോഗം, സംഘർഷം, ഭീകരത, ലൈംഗികത, തീവ്രവാദം, രാഷ്ട്രീയ ചേരിതിരിവുകൾ, ആശയ സംഘർഷങ്ങൾ എന്നിവയുടെ അധീശത്വത്തിൽ കുടുക്കി. ഇപ്പോൾ സംഘർഷളും ലൈംഗികതയും മാധ്യമങ്ങളുടെ പ്രധാന വാർത്താമൂല്യമായി തീർന്നു. സാമ്രാജ്യത്വ അജൻഡ, നിക്ഷിപ്ത താല്പര്യങ്ങൾ, കമ്പോള മൂല്യങ്ങൾ, ജാതീയ-രാഷ്ട്രീയ ചേരിതിരിവുകൾ എന്നിവയെല്ലാം മാധ്യമങ്ങളുടെ നിലനിൽപ്പിനെ സ്വാധീനിക്കുന്നുണ്ട്.

മാനവസമൂഹത്തിന് നീതിയും ശാന്തിയും പകരേണ്ട മാധ്യമങ്ങൾ അനീതിയുടെയും അശാന്തിയുടെയും 'ഭീകര വിഭവങ്ങളാണ്' പങ്കിടുന്നത്. മാധ്യമങ്ങളിൽ അവതരിപ്പിക്കുന്നവയിൽ സാമൂഹിക വിരുദ്ധതയും വിവിധ തരത്തിലുള്ള സംഘം ചേരലുകളും ഉൾക്കൊള്ളുന്നു. നീതിയും സമാധാനവും തകർക്കുന്നതിൽ ഇപ്പോഴുള്ള പ്രധാന വെല്ലുവിളി 'മാധ്യമങ്ങളിലെ സംവേദന വക്രീകരണങ്ങളാണ്'. മാധ്യമങ്ങളിൽ നുണ, അല്പസത്യം, അർത്ഥസത്യം, പെരുങ്കള്ളം, തമസ്ക്കരണം, വക്രീകരണം, പർവ്വതീകരണം, പക്ഷപാതം, നിസ്സാരവൽക്കരണം എന്നിവ ഉൾക്കൊള്ളിച്ചുള്ള വാർത്തകളുടെ സൃഷ്ടിയും നിർമ്മിതിയും പ്രചാരവും ദ്രുതഗതിയിൽ സംവേദിക്കപ്പെടുകയാണ്. വാർത്താവിവരണങ്ങളിൽ പൊതുസമൂഹത്തെ ഞെട്ടിക്കുക, വിസ്മയിപ്പിക്കുക, രസിപ്പിക്കുക, കരയിപ്പിക്കുക തുടങ്ങിയവയാണ് ലക്ഷ്യം. ഇത്തരം 'ഹിഡൻ അജൻഡാ' വഴി മാധ്യമങ്ങളുടെ സാമ്രാജ്യത്വവും മേൽക്കോയ്മയും കമ്പോളവും ഉറപ്പിക്കുന്നു.

മാധ്യമങ്ങളിലെ 'ഭീകരതയുടെ ശബ്ദദൃശ്യങ്ങൾ' 'സമ്മതങ്ങളുടെ നിർമ്മിതി'യായിത്തീരുന്നു. പൊതുസമൂഹത്തെ മാധ്യമങ്ങൾ വിവിധതരത്തിൽ 'സമ്മതിപ്പിക്കുകയാണ്'. അങ്ങനെ വിമർശനാത്മകതയും സർഗ്ഗാത്മകതയും പൊതുസമൂഹത്തിൽ നിന്നും അന്യമാക്കുന്നതിൽ മാധ്യമങ്ങൾ ബോധപൂർവ്വം ഇടപെടുന്നു. പൊതുസമൂഹത്തെ നിഷ്ക്രിയരാക്കുന്നതിലും ഈ 'സമ്മത നിർമ്മിതി' മുഖ്യപങ്കുവഹിക്കുന്നു.

ഭരണകൂടത്തിന്റെയും മത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ജിഹ്വയാകുന്ന മാധ്യമങ്ങൾ സാമൂഹിക പരിവർത്തനത്തെയോ സമൂഹത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെയോ തിരിച്ചറിയുന്നില്ല. അന്യന്റെ സ്വകാര്യതയിലേക്ക് അതിക്രമിച്ചു കയറുവാനുള്ള മാധ്യമ തൃഷ്ണയും അവ സംപ്രേക്ഷണം ചെയ്ത് റേറ്റിംഗ് ഉയർത്തുന്നതിനുള്ള കപട തന്ത്രങ്ങളും അപഹാസ്യമത്രേ. മാധ്യമങ്ങളിലെ അപമാനവീകരണത്തിന്റെ പ്രത്യയ ശാസ്ത്രത്തെ ശക്തമായി പ്രതിരോധിക്കുവാനുള്ള ധാർമ്മിക ബോധനം അനിവാര്യമാണ്. ധാർമ്മിക മൂല്യച്യുതികളുടെ കാവൽക്കാരായിത്തീരുന്ന മാധ്യമങ്ങളുടെ 'ജീർണ്ണതയ്ക്കും ഭീകരതയ്ക്കും' എതിരെ വ്യാപകമായ പ്രതിരോധം ശക്തിപ്പെടുത്തണം.

> “ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ലോകം ആരുടെതാണ്? എന്തിന്റെതാണ്? മാധ്യമങ്ങൾ സംപ്രേഷണം ചെയ്യുന്ന വിഭവങ്ങൾ മനുഷ്യമനസ്സിൽ സൃഷ്ടിക്കുന്നത് അശാന്തിയും അധാർമ്മികതയുമല്ലേ?. ”

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

സമകാലികം



ഫാ. ഷാലു ലൂക്കോസ് തിരുമംഗലം

കേരളത്തിലെ സമകാലിക (അ) സംബന്ധങ്ങൾ

ദൈവത്തിന്റെ നാട് എന്ന പേര് കൊണ്ട് മാത്രം ജീവിക്കുന്ന ഒരു നാടായി കേരളം മാറിക്കൊണ്ടിരിക്കുന്നു എന്നത് പോലെ തന്നെ കേരളത്തിൽ ദൈവം ഉണ്ടോ? എന്ന് സന്ദേഹിക്കേണ്ട കാലമായിരിക്കുന്നു കേരളം തട്ടിപ്പുകളുടെ പറുദീസയായി, കുറ്റകൃത്യങ്ങളുടെ തുരുത്തായി മാറിക്കൊണ്ടിരിക്കുന്നു. ലൈംഗികത വിറ്റു തിന്നുന്ന ചാനലുകൾ മുതലാളിത്ത ഭാവത്തിൽ സമൂഹത്തിന്റെ എല്ലാ പൊതു ധാരകളെയും ആക്രമിച്ചു കൊണ്ടേയിരിക്കുന്നു. രാഷ്ട്രബോധം നഷ്ടപ്പെട്ട രാഷ്ട്രീയ കോമര മാലിന്യങ്ങൾ, ജനാധിപത്യത്തെ അപകടരമാക്കിയിരിക്കുന്നു. ജന്മം കൊടുത്ത പിതാവും മാതാവും (തത്ക്കാലം അവരെ അങ്ങനെ വിളിക്കാം) ഹിറ്റ്ലറുടെ 'കോൺസൻട്രേഷൻ ക്യാമ്പു'കളിൽ പോലും നടക്കാത്ത വിധത്തിൽ കുഞ്ഞുങ്ങളെ ഉപദ്രവിച്ച് കൊണ്ടിരിക്കുന്നു. "മാനം വിറ്റും ഓണം ഉണ്ണാം" എന്ന തരത്തിൽ പഴഞ്ചൊല്ലുകൾ തിരുത്തേണ്ടി വരുന്ന വിധത്തിൽ ചാനൽ ചർച്ചകൾ പുരോഗമിക്കുന്നു. യാതൊരു അദ്ധ്വാനവുമില്ലാതെ എങ്ങനെയെല്ലാം ഏറ്റം സുഖകരമായി ജീവിക്കാം എന്ന് പുതിയ തലമുറ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രകൃതി ചൂഷണം അതിഭീകരവും സ്ത്രീ വിധ്വംസനം അതിഭീകരത്വവും ആയി തുടരുന്നു. സ്ത്രീക്കും പ്രകൃതിക്കും വേണ്ടി എഴുതാൻ മാത്രം ആളുകൾ, അവർക്കു വേണ്ടി ചെറുവിരൽ ഒന്നനക്കാൻ

> "അക്രമത്തിൽ നിന്ന് തുടങ്ങുകയോ അതിൽ അവസാനിപ്പിക്കുകയോ ചെയ്യുന്ന പ്രവർത്തനമാണ്ഇന്നത്തെ രാഷ്ട്രീയ പ്രവർത്തനം.
>
> 
>
>
> രാഷ്ട്രീയ പ്രവർത്തനം രാഷ്ട്രീയത്തിന് വേണ്ടി അല്ലാതാവുക മാത്രമല്ല. രാഷ്ട്രത്തെ നശിപ്പിക്കുക കൂടി ചെയ്യുമ്പോൾ രാഷ്ട്രം ഗ്രാഫിന്റെ താഴ്ചയുടെ അവസാന ബിന്ദുവിലെത്തുന്നു."
>
> - (സുകുമാർ അഴീക്കോട്)

ജനകീയ പ്രശ്നങ്ങൾ മറക്കരുത് : ഹൈക്കോടതി

"ഭരണ പ്രതിപക്ഷ കക്ഷികൾക്ക് വികസന കാര്യങ്ങളിൽ താത്പര്യമില്ല. റോഡില്ലാത്തതും മഴക്കെടുതിയിലും ജനത്തിന് ജീവിക്കാൻ പറ്റാത്തതുമൊന്നും ആർക്കും പ്രശ്നമല്ല. സോളാറും കിടപ്പറരംഗങ്ങളുമൊക്കെയാണ് ശ്രദ്ധാകേന്ദ്രം. ജനങ്ങളുടെ ദുരിതമോ നാട്ടിലെ യാഥാർത്ഥ പ്രശ്നങ്ങളോ ഒന്നും ആരും കാണുന്നില്ല. രണ്ടോ മൂന്നോ സ്ത്രീകളെ ചുറ്റിപ്പറ്റിയാണ് ചർച്ചകൾ സെൻസേഷണൽ വിഷയങ്ങളുടെ പിന്നാലെ നടന്ന് ജനകീയ പ്രശ്നങ്ങളിലുള്ള ബാധ്യതകൾ എല്ലാവരും മറക്കുകയാണ്"

- (ഹൈക്കോടതി).

ആരും ഇല്ലാതാവുക ദുരന്തമാണ്. ഈ ദുരന്തപർവ്വത്തിൽ ജീവിക്കുമ്പോൾ ഇത് "കേരളം" ആണോ "കരാളം" ആണോ എന്ന് അത്ര ബുദ്ധി ജീവിയൊന്നും അല്ലാത്ത ഒരു സാധാരണപ്പെട്ടവൻ സന്ദേഹിക്കുകയാണ്. അഴിമതിക്ക് ചൂട്ടുപിടിക്കുന്നയിടങ്ങളിൽ എങ്ങനെ വികസനം? എന്ത് ജനാധിപത്യം? അതിവേഗം പോകുന്നവർ മാലിന്യത്തിൽ ചവിട്ടാതെ പോകുമ്പോഴാണ് അത് അതിവേഗമാകുന്നത്.

1. രാഷ്ട്രീയം-മതം എന്നിവ പുനർവിചാരത്തിനുതകണം.


രാഷ്ട്രീയവും-മതവും ഇന്ന് പുനർവിചാരം ചെയ്യപ്പെടണം. മതത്തിൽ ഇടപെടുന്ന രാഷ്ട്രീയവും രാഷ്ട്രീയത്തിൽ ഇടപെടുന്ന മതവും ഇന്നത്തെ കേരള സാമൂഹിക സാംസ്കാരിക ജീവിതത്തിൽ വളരെ അപകടങ്ങൾ വിതച്ചിട്ടുണ്ട്. **മതത്തിന്റെ തോളിൽ കൈയ്യിട്ട് അധികാരക്കസേര പിടിക്കാൻ രാഷ്ട്രീയം ശ്രമിക്കുന്നു. മതം, തോളിൽ കൈയ്യിട്ട് നടന്ന രാഷ്ട്രീയത്തിന്റെ കഴുത്തിൽ പിടിക്കാൻ ശ്രമിക്കുന്നു. ഇന്ന് കേരളം കാണുന്ന പരിഹാസ്യമായ കാഴ്ചയാണ്.** രാഷ്ട്രീയത്തിനും മതത്തിനും വ്യത്യസ്ത ധർമ്മങ്ങൾ ആണ് ഉള്ളത്. രണ്ടും കൂടി കുഴയരുത്. ധർമ്മങ്ങൾ മറക്കുകയുമരുത്. ഒന്ന് രാജ്യസേവനമാണെങ്കിൽ ഒന്ന് ആത്മീയ ഉത്ഥാനമാണ്. രാഷ്ട്രിയ നേതൃത്വങ്ങൾ മത സംഘടനകളുടെ അന്തഃപുരങ്ങൾ കയറിയിറങ്ങുന്നത് നിർത്തണം. ജനാധിപത്യ വിശ്വാസികൾ ഉള്ളിടത്ത് രാഷ്ട്രത്തിന് ഒന്നും സംഭവിക്കില്ല. ഈ കയറിയിറങ്ങൽ അവസാനിക്കാത്തത് കൊണ്ടാണ് മതനേതൃത്വങ്ങൾ അവരുടെ അന്തപുരങ്ങളിൽ ഇരുന്ന് കൊണ്ട് രാഷ്ട്രീയത്തിനെതിരെ ആക്രോശിക്കുകയും വരുതിക്ക് നിർത്താൻ ശ്രമിക്കുകയും ചെയ്യുന്നത് ചില രാഷ്ട്രീയക്കാരൊക്കെ അവരുടെ വെട്ടിൽ വീഴുകയും ചെയ്യുന്നു. ആത്മാവിന് വേണ്ടി നിൽക്കേണ്ടുന്ന മതങ്ങൾ തങ്ങളുടെ പാത്രത്തിൽ കിട്ടിയ അപ്പം കുറഞ്ഞ് പോയി എന്ന വിധത്തിൽ പരിദേവനം നടത്തുകയും പുലഭ്യം പറയുകയും ചെയ്തു കൊണ്ടിരിക്കുന്നു.

മലങ്കരസഭയുടെ പിതാക്കന്മാർ അങ്ങനെ ഒരു രാഷ്ട്രീയ ചായ്‌വിൽ നിൽക്കാത്തതിനാലും രാഷ്ട്ര ബോധത്തോടും നീതിയോടും നിലപാടുകൾ നിലനിർത്തുന്നതിനാലും അഭിമാനം കൊള്ളുന്നു.

"മതേതരത്വം" എന്ന ആശയം രാഷ്ട്രീയവും മതവും ചർച്ചയ്ക്കെടുക്കരുത് എന്നാണ് എന്റെ വിനീമായ അഭിപ്രായം. ഇവിടെ എവിടെയാണ് മതേതരത്വം പുലരുന്നത്? പുറമെ അത്ര കാണാനില്ലെങ്കിലും അകമെ വളരെയേറെ അസഹിഷ്ണുതയോടെ ജീവിക്കുന്ന സമൂഹങ്ങൾ കൂടിവരുകയാണ്. ഹിന്ദുത്വ ദേശീയവാദം പോലും ഒരു മതവിചാരമായി മാറുകയാണ്. കലാപങ്ങളിൽ മരണപ്പെടുന്നവർക്ക് ഒരു നായ്ക്കുട്ടിയുടെ സഹതാപം എങ്കിലും കിട്ടുന്നുണ്ട്, എന്ന് ആശ്വസിക്കാം. പ്രധാനമന്ത്രിയായി ഉയർത്തിക്കാട്ടുന്ന ഒരാളുടെ അഭിപ്രായം പോലും തീരെ അസഹിഷ്ണുതയുള്ളതായി മാറുന്നിടത്താണ് നാം ജീവിക്കേണ്ടിവരുന്നത്. "ഹൈന്ദവം" "സൈന്ധവം" ആണ് അത് ഒരു സംസ്ക്കാരമാണ് നാം ആ സംസ്ക്കാരത്തിന്റെ ഭാഗമാണ്. അത് നമ്മുടെ പ്രാണനാണ്, ജീവനാണ് എന്ന ബോധമെങ്കിലും നമുക്കുണ്ടാകാം. മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പൈതൃകമുള്ള ഭാരത ക്രൈസ്തവ സമൂഹം ഈ സംസ്ക്കാരത്തിന്റെ ഭാഗമാണ് നാം ആരേയും ആക്രമിച്ചിട്ടില്ല ഒരു കൈയ്യേറ്റവും നടത്തിയിട്ടില്ല. ആക്രമിച്ചവരും വെട്ടിപ്പിടിച്ചവരും കുരുതി നടത്തിയവരും ആണ് ഭയക്കേണ്ടത് മാർത്തോമ്മായുടെ പൈതൃകമുള്ള ഭാരതസഭ. സ്നേഹസുവിശേഷത്തിൽ വളർന്നതാണ് ഇത് തദ്ദേശീയമാണ്. അത് ദേശത്തെ തിരസ്ക്കരിച്ചല്ല ഇവിടെ വളർന്നത്.

ഇപ്പോൾ മാർത്തോമ്മായുടെ പൈതൃകം ഏറ്റെടുക്കാൻ വ്യഗ്രതപ്പെടുന്ന കോളനി വത്കരണത്തിന്റെ സഭകളെ നേരിടണം എന്നല്ല; നാം തന്നെയാണ് മാർത്തോമ്മൻ പൈതൃകത്തിന്റെ മക്കൾ എന്ന നേരറിവ് പൊതു സമൂഹമദ്ധ്യേ ശക്തമായി ഉയർത്തിപ്പിടിക്കാൻ നമുക്കാകണം. ഈ കോളനി സഭകളെല്ലാം ഈ അപ്പോസ്തോലിക പൈതൃകത്തിൻ കീഴിൽ പുനരൈക്യപ്പെടണം. അതിലൂടെ ഞങ്ങൾ മാർത്തോമ്മായുടെ മക്കൾ എന്ന് അധരം കൊണ്ട് ഏറ്റ് പറയണം.

"ജനാധിപത്യം ചേരിതിരിവല്ല, സത്യാന്വേഷണമാണ്" (ഒ.വി. വിജയൻ) സഹിഷ്ണുതയുള്ള ജനാധിപത്യമാണ് ഇവിടെ പുലരേണ്ടത്. സംഘർഷം രാഷ്ട്രീയക്കാരന്റെ (അവൻ അധികാരത്തിലായാലും പ്രതിപക്ഷത്തായാലും) ഉപജീവനമാർഗ്ഗമാണ്. രാഷ്ട്രീയക്കാരൻ ജീവിക്കുന്നു. രാഷ്ട്രം തകരുന്നു" (സുകുമാർ അഴീക്കോട്) മതവും രാഷ്ട്രീയവും ഇന്ന് ചേരിതിരിവുകളിൽ നിന്ന് അകന്ന് നിൽക്കേണ്ടതുണ്ട്. രണ്ടും സംഘർഷങ്ങൾ സൃഷ്ടിച്ച് ആളെ കൂട്ടുന്ന പദ്ധതിയായി മാറിക്കൊണ്ടിരിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിൽ" എന്ന് രാഷ്ട്രീയ സംവിധാനങ്ങളേയോ "ദൈവം ഇരിക്കുന്ന ശ്രീകോവിൽ" എന്ന് മതസംവിധാനങ്ങളെയോ വ്യാഖ്യാനം ചെയ്യാൻ കഴിയുമോ? എന്ന് നാം വിചാരപ്പെടണം. സംഘർഷം സൃഷ്ടിക്കുന്ന രാഷ്ട്രീയവും മതവും സമൂഹത്തെ തകർക്കാതിരിക്കാൻ അനുതാപപ്പെടണം.



> "മത പുരോഹിതന് ദൈവസ്പർശം ഇല്ലാതാകുമ്പോൾ അവൻ അധികാര മോഹിയായിത്തീരുന്നു. ഭൗതീക ലോകത്തിലെ ദുരകൾക്ക് അടിമയായിത്തീരുന്നു"
>
> (ഒ.വി. വിജയൻ)

2. സ്ത്രൈണതയ്ക്ക് ഒരു പുനർവിചിന്തനം

"വേട്ടക്കാരന്റെ ആക്രോശവും ഇരകളുടെ വിലാപവുമാണ് ചുറ്റും മുഴങ്ങിക്കേൾക്കുന്നത് എന്നാൽ വേട്ടക്കാരനെ സ്വയം പരിഹാസ്യനാക്കാൻ മാത്രം ഉയർന്നതാണ് ഇരയുടെ സർഗ്ഗാത്മക സ്വാതന്ത്ര്യം എന്ന് അവനെ ബോധ്യപ്പെടുത്താനാണ് എനിക്കിഷ്ടം" - ഡോ. റോസി തമ്പി

സ്ത്രൈണതയ്ക്ക് ഒരു പുനർവിചിന്തനത്തിന് സമയമായിരിക്കുന്നു എന്നാണ് എഴുത്തുകാരിയുടെ പക്ഷം. പഴയ സ്ത്രൈണ വിചാരങ്ങളെ അതിന്റെ ധൈഷണികതയെ ഒന്ന് തിരുത്തേണ്ടത് ആവശ്യമാണ്. സ്ത്രീ

ശേഷം 30-ാം പേജിൽ

ലേഖനം

യരുശലേം തീർത്ഥാടനമെന്ന ടൂർ

ഫാ. ഡോ. ഒ. തോമസ്

ഹൈടെക് യുഗത്തിൽ ആത്മീയതയ്ക്കു 'ഒരു ഹൈടെക് ഭാഷ' വേണമല്ലോ. യരുശലേം തീർത്ഥാടനം/ടൂർ അത്തരത്തിൽ ഒന്നായി തീർന്നിരിക്കുന്നു എന്ന് ചിന്തിക്കുന്നത് അവിടെ പോകാൻ ഇതുവരെ ഭാഗ്യം ലഭിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം. 'ടൂർ ഓപ്പറേറ്റേഴ്സ്' കൂടാതെ പൗരോഹിത്യ പാസ്റ്റർ ശ്രേണികളിലുള്ളവരും ആത്മീയതയുടെ ഔന്നത്യത്തിൽ വിശ്വാസികളെ എത്തിക്കാൻ വളരെ പാടുപെടുകയാണ്. ഒൻപതുമാസം ലോകരക്ഷകനെ ഉദരത്തിൽ വഹിച്ച്, മുലപ്പാൽ കൊടുത്തു വളർത്തിയ ദൈവമാതാവിന് പുണ്യം ലവലേശമില്ല. എന്നാൽ കർത്താവ് നടന്ന ഭൂമി പുണ്യമാണ് എന്ന് നവീകരണ പെന്തക്കോസ്തു നേതാക്കളും പാസ്റ്ററന്മാരും പരസ്യം നൽകി യരുശലേമിൽ പോകാൻ ആളേ കൂട്ടുമ്പോൾ അതിന്റെ വേദശാസ്ത്രം ഒട്ടും പിടികിട്ടുന്നില്ല. ഏതായാലും കച്ചവട ലക്ഷ്യം വന്നു കഴിയുമ്പോൾ, മിക്ക സഭകളും, സഭകളിലല്ലാത്തവരും ഭാരനിറയിലാണെന്നു കണ്ടെത്താൻ വലിയ വിഷമമൊന്നുമില്ല.

ഗലീലക്കടലിലെ വഞ്ചിയിൽകയറി 'അക്കരെയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി' പാടുകയും ചാവുകടലിൽ പൊങ്ങിക്കിടക്കുകയും, യോർദാൻ നദിയിലെ വെള്ളം കുപ്പികളിലാക്കി വീട്ടിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ ഏതാണ്ട് ആത്മീയതയുടെ പരമകാഷ്ഠയിലെത്തി എന്ന ചിന്ത ചിലരിലെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് അറിഞ്ഞു കൂടാ. അതെന്തായാലും ദക്ഷിണേന്ത്യാ സഭയുടെ ഒരു തീരുമാനമാണ് ഇത്തരത്തിൽ ഒരു കൂലംകഷമായ ചിന്തയ്ക്ക് ഹേതുവായത് എന്നതു മറച്ചു വയ്ക്കുന്നില്ല. "വിശുദ്ധനാട് തീർത്ഥാടനം വിശുദ്ധമോ" എന്ന തലക്കെട്ടിൽ 'ന്യൂ വിഷൻ മാസികയിൽ' ഒരു ലേഖനം വന്നിരുന്നു (ഏപ്രിൽ ലക്കം). വിശുദ്ധനാട് തീർത്ഥാടനം അത്ര വിശുദ്ധമല്ലാത്തതിനാൽ അതിനെ പ്രോത്സാഹിപ്പിക്കരുത് എന്ന നിലപാടാണ് ദക്ഷിണേന്ത്യ സഭ സ്വീകരിച്ചിരിക്കുന്നത്. അതിന് കാരണമായി പറയുന്ന സംഗതികൾ സാധാരണ വിശ്വാസികളുടെ ഇടയിൽ വരാത്തതെങ്കിലും ചിന്തയ്ക്ക് വിധേയമാക്കാവുന്നതാണ്. അതായത് വിശുദ്ധനാട് തീർത്ഥാടനം ഇസ്രായേൽക്കാർ പ്രോത്സാഹിപ്പിക്കുന്നത് 'സാമ്പത്തികം' എന്ന ഒറ്റ ലക്ഷ്യം മാത്രം വെച്ചുകൊണ്ടാണ്. തന്നെയുമല്ല അതിൽ കൂടി ലഭിക്കാവുന്ന അധിക വരുമാനം ഉപയോഗിച്ച് ആയുധങ്ങൾ വാരിക്കൂട്ടി, അമേരിക്കൻ സഹായത്തോടെ പാവപ്പെട്ട പാലസ്തീനികളെ അടിച്ചമർത്തുകയാണെന്നും, നീതിരഹിതമായി ഇസ്രയേലിനെ പരോക്ഷമായി സഹായിക്കുകയാണ് തീർത്ഥാടകർ ചെയ്യുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. തന്നെയുമല്ല പാലസ്തീനിലാണ് കൂടുതൽ ക്രിസ്ത്യാനികൾ പാർക്കുന്നതെന്നും, അതിനാൽ ഇസ്രായേലിന്റെ അധിനിവേശത്തിൽ ഒട്ടനവധി ക്രിസ്ത്യാനികളും പീഡിപ്പിക്കപ്പെടുന്നു എന്ന വസ്തുതയും പരിഗണിക്കുമ്പോൾ വിശുദ്ധനാട് തീർത്ഥാടനം അത്ര വിശുദ്ധമല്ല എന്ന് വെളിപ്പെടുന്നു.

തീർത്ഥാടനത്തിന്റെ അന്തർദ്ദേശീയ മാനങ്ങൾ മാറ്റി വെച്ചു കൊണ്ടു തന്നെ ഈ പ്രതിഭാസത്തെ ഒന്നു വിശകലനം ചെയ്യാം. യരുശലേം തീർത്ഥാടനത്തെ പറ്റിയുള്ള ക്രൈസ്തവ നിലപാട് എന്തായിരിക്കണം? മുസ്ലീംങ്ങൾക്ക് മക്കയും, ഹജ്ജുമൊക്കെ പുണ്യം കിട്ടാൻ മുഖാന്തിരമായി ഖുറാൻ പഠിപ്പിക്കുന്ന കർമ്മം തന്നെയാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു പഠിക്കൽ വേദപുസ്തകത്തിലോ ക്രൈസ്തവ സഭയുടെ ചരിത്രത്തിലോ കാണുന്നില്ല. ക്രിസ്തീയ വിശ്വാസിയുടെ ആത്മീയ വളർച്ചയുടെ മാനദണ്ഡം പുതിയനിയമ കല്പനകൾ, പ്രത്യേകമായി പറഞ്ഞാൽ ഗിരിപ്രഭാഷണങ്ങളിൽ കർത്താവ് പഠിപ്പിച്ച ദൈവരാജ്യമൂല്യങ്ങളുടെ സ്വാംശീകരണത്തിലാണ് നിലകൊള്ളുന്നത്. പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യ ജീവൻ ഉണ്ട്". (വി. യോഹ. 6:54) എന്ന പഠിപ്പിക്കലും വളരെ അർത്ഥ



വത്താണ്. ദൈവീകരണമെന്ന ലക്ഷ്യത്തോടെ വി. ആരാധനയിലുള്ള പങ്കാളിത്തം ആത്മീയ ജീവിതത്തിൽ അതിപ്രധാനമാണ്. അതുപോലെ തന്നെയാണ് "ഈ ചറിയവരിൽ ഒരുത്തനു ചെയ്യുന്നത് എനിക്കാകുന്നു ചെയ്തത്" (വി. മത്തായി 25:40) എന്ന കർത്താവിന്റെ പ്രബോധനവും. ഉന്നതലക്ഷ്യത്തോടുകൂടി വിശുദ്ധ ആരാധനയും, ത്യാഗനിർഭരമായ മനുഷ്യസ്നേഹത്തിന്റെ പ്രവർത്തനങ്ങളും ഒത്തു ചേരുമ്പോൾ യഥാർത്ഥ ആത്മീയതയായി. തലചായിക്കാൻ കൂരയില്ലാത്തവരും ചോർന്നൊലിക്കുന്ന ചെറ്റക്കുടിലുകളിൽ കഴിയുന്നവരും, ചികിത്സിക്കാൻ വകയില്ലാത്ത ഹൃദ്രോഹികളും, ക്യാൻസർ രോഗികളും, ഒക്കെ ചുറ്റിലുമുള്ളപ്പോൾ, 75000 മുതൽ ഒരു ലക്ഷം വരെ യരുശലേം തീർത്ഥാടനത്തിനു ചെലവാക്കുമ്പോൾ, ആ തുക ഈ ചെറിയവരിൽ ഒരുത്തനായി ചെലവഴിച്ചാൽ അതല്ലേ കൂടുതൽ പുണ്യമെന്ന ചോദ്യം, അർത്ഥരഹിതമായി തള്ളിക്കളയാനാവുമോ? ക്രിസ്തുവിന്റെ മനസ്സ് പഞ്ചനക്ഷത്ര ഹോട്ടലുകളിൽ കഴിയുന്ന തീർത്ഥടാക/ടൂറിസ്റ്റുകളോടൊപ്പമോ അതോ തെരുവോരത്തു കഴിയുന്ന അഗതികളോടൊപ്പമോ?

ഇങ്ങനെയൊക്കെ ചോദിക്കാൻ തുടങ്ങിയാൽ ഉടനെ ഒരു മറുചോദ്യം വരുമെന്നുറപ്പാണ്. ഇതു പുണ്യപ്രവർത്തിയല്ലെങ്കിൽ പരിശുദ്ധനായ പരുമലത്തിരുമേനി എന്തിനു യരുശലേമിൽ പോയി. പരുമലതിരുമേനിയുടെ ഊർശ്ലേം യാത്രാ വിവരണം ഈ ചോദ്യം ചോദിക്കുന്നവർ ഒന്ന് മനസ്സിരുത്തി വായിക്കുന്നതു കൊള്ളാം. ഊർശ്ലേം യാത്രയ്ക്കുവേണ്ടി തിരുമേനി സഹിച്ച ത്യാഗം മറ്റെന്തെങ്കിലും കാര്യത്തിനു വേണ്ടി തിരുമേനി സഹിച്ചിരുന്നോ എന്നു തോന്നുന്നില്ല. അത്രയ്ക്കു ത്യാഗനിർഭരമായിരുന്നു ആ യാത്ര. ഭിക്ഷയാചിക്കുന്നതുപോലെ അനേകരോട് ചോദിച്ചു വാങ്ങിയാണ് യാത്രക്കൂലി ഉണ്ടാക്കിയത്. തീവണ്ടിയിലും, കപ്പലിലും,

ശേഷം [illegible] പേജിൽ

ഡോ. എം. കുര്യാക്കോസ് മുകളത്ത്

വി. കന്യകമറിയം പാശ്ചാത്യ – പൗരസ്ത്യ സഭകളിൽ

മരിയൻ ദൈവശാസ്ത്രത്തിന്റെ മുഖ്യമായ ആശയങ്ങൾ ഓർത്തഡോക്സ് വിശ്വാസങ്ങളുടെ വെളിച്ചത്തിൽ വളരെ ചുരുക്കമായി പ്രതിപാദിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം. മരിയൻ ദൈവശാസ്ത്രം ഇന്ന് പ്രൊട്ടസ്റ്റന്റ് പെന്തകോസ്ത് വിഭാഗങ്ങൾപോലും കൂടുതൽ പഠനങ്ങൾക്ക് വിധേയമാക്കുന്നുണ്ട് എന്നത് ഒരു സത്യമാണ്.



നമ്മുടെ പൗരാണിക സഭയടക്കമുള്ള പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ മരിയൻ ദൈവശാസ്ത്രം വേദാനുസരണവും പിതാക്കന്മാരുടെ പാരമ്പര്യത്തിൽ അധിഷ്ഠിതവുമാണ്. എന്നാൽ റോമൻ കത്തോലിക്കാ സഭയുടെ ആചാരനുഷ്ഠാനങ്ങളിൽ കാലാന്തരത്തിൽ അമിത ഭക്തി എന്ന് തെറ്റിദ്ധരിക്കത്തക്ക വിധത്തിൽ വേദവിപരീതങ്ങളും വിഗ്രഹാരാധനയുടെ ലക്ഷണങ്ങളും കടന്നുകൂടിയിട്ടുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മറിയം എന്ന പേരിന്റെ ഉത്ഭവം

മേരി എന്ന് ഇംഗ്ലീഷിലും മറിയ, മറിയം എന്ന് ഗ്രീക്കിലും സംബോധന ചെയ്യപ്പെടുന്ന പേരിന്റെ എബ്രായ മൂലം മിറിയ എന്നാണ്. മോശയുടെ സഹോദരിയുടെ പേരാണ് ബൈബിളിൽ ആദ്യം കാണപ്പെടുന്നത്. വാക്കിന്റെ ഉത്ഭവത്തെപ്പറ്റി പണ്ഡിതന്മാരിൽ അഭിപ്രായ ഐക്യം ഇല്ല. "Marye" എന്ന ഈജിപ്ഷ്യൻ പദമാകാം എന്ന് ചിലർ എഴുതിക്കാണുന്നു. അതിന്റെ അർത്ഥം പ്രിയപ്പെട്ടവൾ, സ്നേഹിക്കപ്പെട്ടവൾ, അനുഗ്രഹിക്കപ്പെട്ടവൾ എന്നെല്ലാമാണ്. മിസ്രയിം വാസക്കാലത്ത് യഹൂദസ്ത്രീകൾക്ക് ഈ പേർ ലഭിച്ചിരുന്നതുകൊണ്ട് ഈ വാദം ശരിയാകാം. എന്നാൽ സെമിറ്റിക് ഭാഷകളിലും ദക്ഷിണേന്ത്യൻ ഭാഷകളിലും ഒരുപോലെ പ്രാവീണ്യം നേടി മലയാള ഭാഷയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയ ഡോ. പി.എം. ജോസഫിന്റെ വിശകലനത്തിൽ മറയെന്നും യാഹ് എന്നുമുള്ള രണ്ടു എബ്രായ മൂലപദങ്ങളുടെ സന്ധിയാണ് മറിയം. മറ എന്ന ധാതുവിന്റെ അർത്ഥം ഉയർത്തപ്പെട്ടവൾ എന്നാണ്. അപ്പോൾ യഹോവയിലേക്ക് ഉയർത്തപ്പെട്ടവൾ എന്ന് നാമാർത്ഥം വരുന്നു.

വി. മറിയമിന് വി. സഭയിലെ സ്ഥാനം

മറിയമിന് സ്തുതി ചൊവ്വാക്കപ്പെട്ട വിശുദ്ധ സഭയിലെ സ്ഥാനം നാലാം തുബ്ദേനിലെ ആദ്യ വാചകത്തിൽ നിർവചന രൂപത്തിൽ അടങ്ങിയിരിക്കുന്നു. ഭൂമിയിലെ സകല വംശങ്ങളിൽ നിന്ന് ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, സ്തുതിക്കപ്പെട്ടവളും, വിശുദ്ധിയുള്ളവളും, മഹത്വമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളുമായി നിത്യകന്യകയും ഭാഗ്യവതിയുമായ ദൈവമാതാവായ മറിയമിനേയും ഞങ്ങൾ ഓർക്കുന്നു. ഈ എട്ട് വിശേഷണങ്ങൾ ആത്മീയവും ഭൗതികവുമായ പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു. ഇവയെ സംഗ്രഹിച്ച് മൂന്ന് വിശിഷ്ടതകൾ ആക്കി സംക്ഷേപിക്കുമ്പോൾ അവൾ (എ) ദൈവമാതാവാണ്. (ബി) നിത്യകന്യകയാണ് (സി) നിത്യവിശുദ്ധയാണ്.

ശേഷം 18–ാം പേജിൽ



ദാമ്പത്യം കോടതി കയറുമ്പോൾ...

■ ജി. ബാലകൃഷ്ണൻ നായർ

സ്വന്ത ഭവനത്തിലെ സ്വാതന്ത്ര്യവും ചില ദുഃശ്ശാഠ്യങ്ങളും മറ്റൊരു ഭവനത്തിൽ വില പോയെന്നു വരില്ല. തന്റെ രീതികൾക്കനുസൃതമായി പുതിയ ഭവനത്തിലുള്ളവരെല്ലാം മാറണമെന്ന ശാഠ്യമുപേക്ഷിച്ച് അവരുടെ രീതികൾക്കിണങ്ങുന്ന തരത്തിൽ സ്വയം മാറിക്കൊണ്ടവരുടെ സ്നേഹം പിടിച്ചുപറ്റി സന്തോഷം സൃഷ്ടിക്കുവാനുള്ള ചാതുര്യം വധുവിനുണ്ടാകവണം.

വിവാഹ മോചനത്തിനുള്ള കേസ് ഒരു സിവിൽ കോടതി വ്യവഹാരമാണ്. സാധാരണഗതിയിൽ വർഷങ്ങളോളം കോടതിയിൽ കയറിയിറങ്ങേണ്ട വിധം നീണ്ടുപോകാവുന്ന ഒന്നാണ്. എന്നാൽ ബന്ധപ്പെട്ട കക്ഷികളുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് കേസിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിലാണ് എന്നതുകൊണ്ടാണ് ഇത്തരം കേസുകൾക്കായി മാത്രം കുടുംബക്കോടതികൾ നിലവിൽ വന്നത്. ഒരു ജില്ലയിൽ ഒന്നെന്ന വിധം 14 എണ്ണം തുടങ്ങി. എങ്കിലും കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് കൊല്ലം ജില്ലയിൽ രണ്ടെണ്ണമുണ്ടായി. അതും പോരാതെ വന്നതിനാൽ മൂന്നാമതൊന്നുകൂടി തുടങ്ങി. ഇപ്പോൾ ഇവിടെയൊന്നും ഉൾക്കൊള്ളാനാവാത്തവിധം കേസുകൾ വന്നുകുമിഞ്ഞുകൂടുന്നതിനാൽ കൂടുതൽ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിന് ചിന്തിച്ചുകൊണ്ടിരിക്കുന്നു. 2013 മാർച്ച് 31 നവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് വിവാഹമോചന കേസുകൾക്ക് 208% വർദ്ധനയുണ്ടായി. കോടതിയിൽ വരാത്തവവേറെയും. 25 വർഷം മുൻപ് ഇല്ലാതിരുന്ന അവസ്ഥ. പിന്നെന്താണിവിടെ സംഭവിച്ചത്; സംഭവിച്ചുകൊണ്ടിരിക്കുന്നത്?


വിവാഹ തീരുമാനം

ഇന്ന് വിവാഹത്തോടൊപ്പം വിവാഹമോചനവും ചിന്തിക്കുന്ന ഒരു തലമുറ രൂപപ്പെട്ടുവരുന്നുണ്ട്; അതും ഒരു സാധനം വാങ്ങിയാൽ ഇഷ്ടപ്പെട്ടില്ലെങ്കിൽ കളഞ്ഞിട്ട് മറ്റൊന്നു വാങ്ങിക്കുന്നത്ര ലാഘവത്തോടെ. ഇത്തരം ഉപഭോക്തൃ സംസ്ക്കാരം ദാമ്പത്യ ജീവിതത്തിലുണ്ടാവുന്നത് ഭാരതീയമാണോ? കേരളീയമാണോ? മുൻപിങ്ങനെ ആയിരുന്നില്ല എന്നതല്ലേ വാസ്തവം. വിവാഹം കഴിക്കണം എന്ന അവസ്ഥ സംജാതമായശേഷം വിവാഹിതരായിരുന്നു മുൻപ്. ഇന്നത്തെ സ്ഥിതി അതല്ല. കൗമാരം മുതൽ ആഗ്രഹം പൂർത്തീകരിക്കുക എന്നതിലുപരി ഗൗരവകരമായ ഒരു കുടുംബ സംവിധാനമുണ്ടാവണമെന്നും ഗുണനിലവാരമുള്ള ഒരു അനന്തരതലമുറയെ പാരമ്പര്യത്തിനു ടവു തട്ടാതെ വാർത്തെടുക്കണമെന്നുമുള്ള യാഥാർത്ഥ്യബോധത്തിന് ക്ഷയം സംഭവിക്കുന്നു. ഇതിനെ ബോധവൽക്കരിക്കേണ്ട മുതിർന്നവർക്ക് പിടികൊടുക്കാതെ ഉപരിപ്ലവമായ മനക്കോട്ടകളിൽ സഞ്ചരിക്കുന്ന

ഒരു പുതു തലമുറ ഉരുത്തിരിഞ്ഞു വരുന്നതാണ് അപകടകരമായിക്കൊണ്ടിരിക്കുന്നത്. എപ്പോൾ വിവാഹിതരാവണം? ഭാര്യ/ഭർത്താവ് എങ്ങിനെയാവണം? ജീവിത സാഹചര്യങ്ങളെ എങ്ങനെ അഭിമുഖീകരിക്കണം എന്നു തുടങ്ങിയുള്ള അടിസ്ഥാന കാര്യങ്ങൾ മനസിലാക്കാനോ അവ സ്വായത്തമാക്കാനോ ഉള്ള ക്ഷമയില്ലാത്തതാണിതിനു കാരണം. കുറച്ചു കാലം മുമ്പു വരെ പുരുഷന് ജോലി കിട്ടിയാൽ വിവാഹമാകാം എന്നും ആവശ്യത്തിന് വിദ്യാഭ്യാസമായാൽ സ്ത്രീയ്ക്കുമതാകാം എന്നുമുള്ള കാഴ്ചപ്പാടുണ്ടായിരുന്നു. അതിനുമുൻപ് അവർ കെട്ട് പൊട്ടിച്ച് പോകുമായിരുന്നില്ല. ഇന്നത്തെ തീരുമാനമൊക്കെ വിചിത്രമായിരിക്കുന്നു. 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലുമൊക്കെ തീരുമാനങ്ങളെടുക്കുന്നു. നിവർത്തികേടിനാൽ ചില മാതാപിതാക്കളതിന് കൂട്ടു നില്ക്കുന്നു. കുറെയേറെപേരോട് ലോഹ്യം കൂടുന്നു, കുറച്ചു പേരോട് അടുപ്പമുണ്ടാവുന്നു, തരംകിട്ടുമ്പോൾ ഫോൺ ചെയ്ത് കൊച്ചുവർത്തമാനം പറഞ്ഞ് ഞരമ്പുകൾ ത്രസിപ്പിക്കുന്നു, സൗകര്യം കിട്ടുമ്പോൾ ഭാഗികമായോ പൂർണ്ണമായോ ലൈംഗിക ബന്ധത്തിലേർപ്പെടുന്നു, ഏതെങ്കിലുമൊരാളുമായി താമസിക്കുവാൻ തീരുമാനിക്കുന്നു. കുറച്ചു നാളുകൾ കഴിയുമ്പോൾ ഈ ആളെക്കാൾ നല്ലത് മറ്റേയാളായിരുന്നു എന്ന ചിന്തയും താരതമ്യവും ഉണ്ടാവുന്നു, ചില യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നു, വീട്ടുകാർ എരിതീയിൽ എണ്ണപകരുന്നു, നേരേകോടതിയിലേക്കു പോകുന്നു. രണ്ടാം വിവാഹത്തിന് (അതിനുശേഷമുള്ളതിനും) മാത്രമായി മാര്യേജ് ബ്യൂറോകൾ വരെ പ്രവർത്തിക്കുന്നു. ഈ വിധം വിവാഹമെന്ന ആർഷഭാരത സംസ്ക്കാരത്തിന്റെ അന്തഃസത്തയ്ക്കും പവിത്രതയ്ക്കും വിലയില്ലാതായി. ഇത്തരം വിവരക്കേടിന്റെ ഫലമായ കയ്പുനീർ രുചിച്ച് നല്ലയൊരു വിഭാഗം യുവതീയുവാക്കൾ ആന്തരിക സംഘർഷത്താൽ ജീവിതഗുണനിലവാരം തകർന്ന് നഷ്ടസ്വപ്നങ്ങളെ തിരിച്ചറിഞ്ഞ് അമർഷമടക്കി മാനസിക വൈകല്യത്തിനടിമപ്പെട്ടു കഴിയുന്നു, യുവാക്കൾ മദ്യത്തിലഭയം തേടുന്നു.

ദാമ്പത്യം

വിവാഹം കഴിഞ്ഞ് ആണും പെണ്ണും ഒരുമിച്ചു കഴിയുന്ന ജീവിതത്തെ ദാമ്പത്യമെന്നു പറയാം. എന്നാലീ കഴിഞ്ഞുകൂടലിനുപരിയാണ് യാഥാർത്ഥ്യബോധത്തോടെയുള്ള ദാമ്പത്യം. ദാമ്പത്യ സൗഖ്യവും ദാമ്പത്യ ദുഃഖവുമുണ്ട്. രണ്ടും അവരവരുണ്ടാക്കുന്നതാണ്. സൗഖ്യം ദുഃഖമാകാൻ ഒരു നിമിഷം മതി. എന്നാലീ ദുഃഖത്തിൽ നിന്നും മോചനം നേടി സൗഖ്യത്തിലെത്താൻ കാലതാമസവും കഠിന പ്രയത്നവും ആവശ്യമാണ്. ലളിതമായി പറഞ്ഞാൽ സന്തോഷകരമായ ദാമ്പത്യത്തിന് ആവശ്യ ബോധം വിട്ടുവീഴ്ചാ മനോഭാവവുമാണാവശ്യം. ഇതുണ്ടാക്കിയെടുക്കാനുള്ള പ്രാപ്തിക്കുറവും, അറിവില്ലായ്മയും, ക്ഷമയില്ലായ്മയുമാണ് ദാമ്പത്യ പ്രശ്നമായി മാറുന്നതും കാലക്രമത്തിൽ വേർപിരിയണമെന്ന ചിന്തയുദിക്കുന്നതും. ദാമ്പത്യത്തെപ്പറ്റി വ്യക്തത ഉണ്ടായ ശേഷം മാത്രം വിവാഹിതരാവണം. അവ്യക്തത വിദഗ്ധരുമായി സംസാരിച്ച് പരിഹരിക്കണം. മനസിലായശേഷം തനിക്കിങ്ങനെ ജീവിക്കുവാൻ സാധിക്കുമോ എന്ന് ചിന്തിക്കണം. തടസ്സങ്ങൾ കണ്ടുപിടിച്ച് നീക്കണം. അതിനുശേഷമെ വിവാഹത്തെപ്പറ്റി ചിന്തിക്കാവൂ. പങ്കാളിയെ അവരുടെ കഴിവുകളെയും ദൗർബല്യങ്ങളേയും അറിഞ്ഞു തന്നെ സ്വീകരിക്കണം. തന്റെ കഴിവും കഴിവുകേടും ചേർത്ത് ചർച്ച ചെയ്യണം. പരിഹരിക്കുവാൻ സാധ്യമായവ പരിഹരിക്കുവാൻ ആത്മാർത്ഥത ഉണ്ടാവണം. അടിസ്ഥാനവ്യക്തിത്വ സ്വഭാവങ്ങളെ തിരുത്തുവാൻ ശ്രമിക്കരുത്. നിബന്ധനകളില്ലാത്ത പ്രണയം (Unconditional Love) എന്ന സ്നേഹത്തിന്റെ ഭാവമായിരിക്കണം ദമ്പതികൾക്കുണ്ടാവേണ്ടത്. ഇങ്ങനെ ഇങ്ങനെയൊക്കെ എന്നോടു പെരുമാറിയാൽ അങ്ങനെ അങ്ങനെയൊക്കെ ഞാൻ പെരുമാറാം എന്ന നിലപാട് ദാമ്പത്യത്തിന് ശോഭനമല്ല. ചെറിയ ഉരസലുകൾ ഉണ്ടാവുന്നത് സ്വാഭാവികമാണ്. അവ പരിഹരിക്കപ്പെടുമ്പോൾ ഊഷ്മളമായി സ്നേഹിക്കാനുതകും. വഴക്കുണ്ടെങ്കിലെ വഴക്കമുണ്ടാവൂ. എന്നാൽ വഴക്കിന്റെ ആയുസ് 48 മണിക്കൂറിലധികമാകാൻ പാടില്ല. വഴക്കിനു മുൻകൈയ്യെടുത്തവർ പരിഹാരത്തിനും മുൻകയ്യെടുക്കണം. അവിടെ ഒരു അഹംഭാവം (ego) പാടില്ല. ദാമ്പത്യവഴക്കുകൾക്കു വലിയ കാരണമൊന്നും കാണാൻ കഴിയില്ല. മറ്റുള്ളവർ കേട്ടാൽ അതിശയം തോന്നുന്നത്ര ചെറിയ കാര്യങ്ങളാവും വഴക്കിനാധാരം. അവയെ ഊതിപെരുപ്പിച്ച് ജീവിതം ദുഃസ്സഹമാക്കുമ്പോഴാണ് ദാമ്പത്യ പ്രശ്നമായി മാറുന്നത്.



മാതാപിതാക്കളുടെ റിമോട്ട് കൺട്രോൾ

പെൺകുട്ടിയെ വിവാഹം ചെയ്തയക്കേണ്ടത് അവർക്കാവശ്യമായ ദാമ്പത്യവിവരം ബോധ്യപ്പെടുത്തിയാവണം. അതിനുശേഷം അവൾ ഭർത്തൃഭവനത്തിന്റെ ഘടകമാണെന്ന ഭാരതീയ ദർശനം മനസിലാക്കേണ്ടത് അവളുടെ മാതാവാണ്. സ്വന്ത ഭവനത്തിലെ സ്വാതന്ത്ര്യവും ചില ദുഃശ്ശാഠ്യങ്ങളും മറ്റൊരു ഭവനത്തിൽ വിലപോയെന്നുവരില്ല. തന്റെ രീതികൾക്കനുസൃതമായി പുതിയ ഭവനത്തിലുള്ളവരെല്ലാം മാറണമെന്ന ശാഠ്യമുപേക്ഷിച്ച് അവരുടെ രീതികൾക്കിണങ്ങുന്ന തരത്തിൽ സ്വയം മാറിക്കൊണ്ടവരുടെ സ്നേഹം പിടിച്ചുപറ്റി സന്തോഷം സൃഷ്ടിക്കുവാനുള്ള ചാതുര്യം വധുവിനുണ്ടാകണം. തൊട്ടതിനും പിടിച്ചതിനുമെല്ലാം അസഹ്യത ഭാവിച്ച് സ്വന്തം മാതാപിതാക്കളെ വിളിച്ച് പരാതി പറയുമ്പോൾ, ബുദ്ധിയുള്ള മാതാപിതാക്കൾ അതിനെ പ്രോത്സാഹിപ്പിക്കാതെ, പ്രായോഗികത ഉപദേശിക്കുകയാണ് വേണ്ടത്. അല്ലാതെ "നിനക്കിഷ്ടമില്ലാത്തത് വല്ലതുമുണ്ടെങ്കിൽ ഇങ്ങോട്ട് പോരുക, അവരെയൊരു പാഠം പഠിപ്പിക്കാം" എന്നുള്ള രീതിയിൽ മാതാപിതാക്കൾ പറഞ്ഞുതുടങ്ങുമ്പോഴാണ് കോടതി അന്വേഷിക്കേണ്ട അവസ്ഥയിലെത്തിച്ചേരുന്നത്.

വീട്ടിൽ വന്നുകയറുന്ന പെൺകുട്ടിക്കു ഒരു കുറവും വരുത്താതെ സ്വന്തം മക്കളെപ്പോലെയോ അതിലുപരിയോ ആയികാണേണ്ടവരാണ് വരന്റെ മാതാപിതാക്കൾ. പക്വതയെത്തിയ അവർക്ക് മരുമക്കളുടെ ഭാഗത്തു നിന്നും അപക്വമായ ചില പെരുമാറ്റങ്ങളുണ്ടായാൽ ക്ഷമാപൂർവ്വം കൈകാര്യം ചെയ്യാൻ സാധിക്കണം. ഇവർ രണ്ടുപേരുടെയും ഇടയിൽ ഒരു പാലമായി ഭർത്താവ് നിലകൊള്ളണം. തങ്ങൾ വളർത്തി വലുതാക്കിയെടുത്ത മകനെ ഒരു സുപ്രഭാതത്തിൽ തങ്ങളിൽ നിന്നടർത്തിയെടുത്തുകൊണ്ടു പോകുന്ന മരുമകളെ അവർക്ക് ഉൾക്കൊള്ളാനാവില്ല.

ശേഷം 17-ാം പേജിൽ



പഠനം

ഫാ. ഡോ. ബി. വറുഗീസ്

ഇടവിടാതെ പ്രാർത്ഥിപ്പീൻ

(1 തെസ്സ. 5: 17)

ദൈവവിശ്വാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൃശ്യഭാവമാണ് പ്രാർത്ഥന. ദൈവത്തെ അന്വേഷിക്കുന്നതാണ് പ്രാർത്ഥനയുടെ കാതലായവശം. സങ്കീർത്തനക്കാരന്റെ ചിന്തയിൽ ഈ അന്വേഷണം ദൈവഹിതമാണ്. "എന്റെ മുഖം അന്വേഷിപ്പീൻ എന്ന് നിങ്കൽനിന്നു കൽപ്പന വന്നു എന്ന് എന്റെ ഹൃദയം പറയുന്നു." എന്ന് സങ്കീർത്തനക്കാരൻ പറയുന്നുണ്ടല്ലോ? (സങ്കീ. 27: 8) "അവന്റെ മുഖത്തെ ഇടവിടാതെ അന്വേഷിപ്പീൻ" (സങ്കീ. 105: 4) എന്ന് ആഹ്വാനം ചെയ്യുന്നത്, അന്വേഷണം ദൈവഹിതമായതുകൊണ്ടാണ്...

...പ്രാർത്ഥന ദൈവഹിതമാണെന്ന് വി. പൗലൂസും പഠിപ്പിക്കുന്നു. " ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവീൻ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആന്തരികഗീങ്ങളാലും, തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും, കീർത്തനം ചെയ്തും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവീൻ. " (എഫെ. 5: 17–20), മനുഷ്യനെക്കുറിച്ച് ' ക്രിസ്തു യേശുവിൽ ദൈവേഷ്ടമാണ്, ' പ്രാർത്ഥന, അതിനാൽ 'ഇടവിടാതെ പ്രാർത്ഥിപ്പീൻ' (1 തെസ്സ. 5: 17) എന്ന് വി. പൗലൂസ് ആഹ്വാനം ചെയ്യുന്നു. " പ്രാർത്ഥനയിൽ ഉറ്റിരിപ്പീൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പീൻ " (കൊലോ. 4: 2) എന്നും, അപ്പൊസ്തോലൻ ഉദ്ബോധിപ്പിക്കുന്നത് ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദുപ്രാർത്ഥനയായതുകൊണ്ടാണ്.

എന്താണ് പ്രാർത്ഥന?

പ്രാർത്ഥനയുടെ പ്രാധാന്യത്തെ പ്പറ്റി ക്രിസ്ത്യാനികൾക്കിടയിൽ കാര്യമായ അഭിപ്രായവ്യത്യാസങ്ങളില്ല. എന്നാൽ എന്താണ് പ്രാർത്ഥനയെന്നും, അതിന്റെ ഉള്ളടക്കം എന്തായിരിക്കണം എന്നതും സംബന്ധിച്ച് പലർക്കും വ്യക്തമായ ധാരണ ഉണ്ടെന്നു തോന്നുന്നില്ല. സ്വകാര്യലാഭങ്ങൾക്കുവേണ്ടി നിരന്തരം യാചിക്കുന്നതാണ് പ്രാർത്ഥനയെന്ന് പലരും ചിന്തിക്കുന്നു. ഈ ചിന്തയാണ് പ്രാർത്ഥനാ ഗ്രൂപ്പുകളിലേക്ക് ആളുകളെ ആകർഷിക്കുന്നത്.

യാതൊരു മുതൽമുടക്കുമില്ലാതെ അതിലാഭകരമായി നടത്താവുന്ന സ്വയം തൊഴിൽ സംരംഭമാണ് പ്രാർത്ഥനാ ഗ്രൂപ്പുകളെന്ന് മനസ്സിലാക്കിയ വിരുതന്മാരായ 'ബ്രദേഴ്സ്,' അവരുടെ കൂടെ ചേർന്നോ, അവരുടെ മദ്ധ്യസ്ഥതയിലോ പ്രാർത്ഥിച്ചാൽ ചോദിക്കുന്നതെന്തും കിട്ടുമെന്ന് വാഗ്ദാനം നൽകി ആളുകളെ ആകർഷിക്കുന്നു. അതിനായി ഉപഭോക്തൃവസ്തുക്കളുടെ വിപണനത്തെ വെല്ലുന്ന പരസ്യം നൽകുന്നു. (പ്രത്യേക ബ്രാൻഡ് സോപ്പ് ഉപയോഗിച്ചാൽ പ്രായം കുറയുകയും, ചർമ്മകാന്തിയും, സൗന്ദര്യവും വർദ്ധിക്കുമെന്ന പരസ്യം പോലെ. വിപണന തന്ത്രത്തിന്റെ അടിസ്ഥാനതത്വം പ്രലോഭനമാണ്. അത്ഭുതപ്രവർത്തനം, കാര്യസാധ്യം എന്നീ വാഗ്ദാനങ്ങൾ ഈ വിപണന തന്ത്രത്തിന്റെ ഭാഗമാണ്. വിശ്വാസികളുടെ ആത്മീയാഭിവൃദ്ധിയെക്കാൾ, സാമ്പത്തികലാഭമാണ് ഇതിന്റെ പിന്നിലുള്ളതെന്നു വ്യക്തമാണ്.

യാചിപ്പീൻ എന്നാൽ നിങ്ങൾക്കു കിട്ടും. (ലൂക്കോ. 11: 9)

ചോദിക്കുന്നതെന്തും ഉടനടിലഭിക്കുമെന്ന വാഗ്ദാനം സുവിശേഷങ്ങളിൽ കാണുന്നില്ല. തിരുവെഴുത്തുകൾ തെറ്റായി വ്യാഖ്യാനിക്കുന്നവർ അത്തരം വാഗ്ദാനങ്ങൾ നൽകാറുണ്ട്. " യാചപ്പീൻ, എന്നാൽ നിങ്ങൾക്കു കിട്ടും..." (ലൂക്കോസ്. 11: 9–10).

തുടർന്നുള്ള വാക്യങ്ങൾ പലരും വിട്ടുകളയാറുണ്ട്: സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും? " (ലൂക്കോ. 11: 11–13).

ആദ്യത്തെ രണ്ടുവാചകങ്ങൾ മാത്രം വായിച്ചാൽ പ്രാർത്ഥനയിൽ എന്തുചോദിച്ചാലും കിട്ടുമെന്ന ധാരണയുണ്ടാകാം. ലൂക്കോസ് 11: 1–13 ന്റെ പ്രമേയം പ്രാർത്ഥനയാണ്. ശിഷ്യന്മാരുടെ ആവശ്യപ്രകാരം കർത്താവ് അവരെ കർത്തൃപ്രാർത്ഥന പഠിപ്പിച്ചു. തുടർന്ന് നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകതയെപ്പറ്റി പഠിപ്പിക്കുവാൻ അർദ്ധരാത്രിക്ക് അയൽക്കാരന്റെ വാതിൽക്കൽ മുട്ടുന്നയാളിന്റെ ഉപമ പറയുന്നു.

അതിന്റെ തുടർച്ചയാണ് ഈ വചനങ്ങൾ. മക്കൾക്ക് പ്രയോജനമുള്ള കാര്യങ്ങൾ മാത്രം നൽകുന്ന പിതാവിന്റെ ചിത്രമാണ് ഇവിടെ കർത്താവ് നൽകുന്നത്. ചോദിച്ചാൽ നിശ്ചയമായും, നിർലോഭമായും ലഭിക്കുന്ന ദാനം പരിശുദ്ധാത്മാവാണെന്ന് പറഞ്ഞുകൊണ്ട്, പ്രാർത്ഥനയെപ്പറ്റിയുള്ള ഭാഗം കർത്താവ് അവസാനിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്ന ലക്ഷ്യത്തോടെ പ്രാർത്ഥിക്കണമെന്നാണ് കർത്താവ് ഇവിടെ പഠിപ്പിക്കുന്നത്. യാചിക്കുന്നതെന്തും ലഭിക്കുമെന്ന രീതിയിൽ പലരും വ്യാഖ്യാനിക്കുന്ന മറ്റു വേദഭാഗങ്ങളും (മത്താ. 18: 19; 21: 22; മർക്കോസ് 11: 24) ഈ അർത്ഥത്തിൽ വേണം മനസ്സിലാക്കുവാൻ.

ചോദിക്കുന്നതെല്ലാം ലഭിച്ചാൽ മനുഷ്യന് ആത്മീയ വർദ്ധന ഉണ്ടാകണമെന്നില്ല, സ്വാർത്ഥത നിറഞ്ഞ് ദൈവത്തിൽ നിന്നും അകന്നു പോയേക്കാം. മരുഭൂമിയിൽ വെച്ച് മന്നായും, കാടപ്പക്ഷിയും യഥേഷ്ടം വെള്ളവും നൽകിയിട്ടും ഇസ്രായേൽ ജനത യഹോവക്കെതിരായി പിറുപിറുത്തത് ഉദാഹരണമാണ്.

നമ്മുടെ കർത്താവ് ഗത്സമെനിയിൽ നടത്തിയതാണ് മാനവ ചരിത്രത്തിലെ ഏറ്റവും തീവ്രമായ പ്രാർത്ഥന, "പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമെ; എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവനു പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണ വേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി" (ലൂക്കോ. 22: 42-44)

മാനുഷികരീതിയിൽ ചിന്തിച്ചാൽ ദൈവപുത്രന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചില്ല, എന്നാൽ പ്രാർത്ഥനയുടെ ലക്ഷ്യത്തെപ്പറ്റിയും, ലഭിക്കുന്ന മറുപടിയെപ്പറ്റിയുമുള്ള വ്യക്തമായ സൂചനകൾ ഈ വേദഭാഗത്തിൽ കാണുവാൻ സാധിക്കും. 'എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ' എന്നാണ് യേശുക്രിസ്തു പ്രാർത്ഥിച്ചത്. മുട്ടിപ്പായ പ്രാർത്ഥനയുടെ ഉള്ളടക്കം ഇതായിരിക്കണം. ദൈവഹിതം നമ്മിൽ നിവർത്തിതമാകാനാണ് പ്രാർത്ഥിക്കേണ്ടത്. ഗ്രീസിലെ മൗണ്ട് ആത്രാസിലെ ഒരു സന്യാസിയുടെ ജീവചരിത്രത്തിൽ, 'പ്രാർത്ഥിക്കണമെന്ന് അദ്ദേഹത്തോട് ആരെങ്കിലും ആവശ്യപ്പെട്ടാൽ, ദൈവമേ തിരുഹിതമെങ്കിൽ ഈ ആവശ്യം നിവൃത്തിയാക്കണമെ' എന്നു പ്രാർത്ഥിച്ചതായി പറയുന്നു.

"ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (ലൂക്കോ. 1: 38) എന്നുള്ള മറിയാമിന്റെ മറുപടിയിലും ഇതേ കാഴ്ചപ്പാടാണ് പ്രതിഫലിക്കുന്നത്. ദൈവഹിതത്തിന്റെ പൂർത്തീകരണത്തിന്നായി മറിയാം സ്വയം സമർപ്പിച്ചു. പുത്രന്റെ കുരിശിന്റെ സമീപത്ത് നിശബ്ദയായി നിന്നതും ദൈവഹിതത്തിന്റെ പൂർത്തീകരണത്തിനുള്ള സമർപ്പണമായിരുന്നു.

തീവ്രമായ പ്രാർത്ഥനക്ക് ലഭിക്കുന്ന മറുപടി പെട്ടെന്നുള്ള കാര്യസാദ്ധ്യമല്ല നേരെ മറിച്ച് 'ആശ്വാസ ദൂതന്റെ' സാന്നിധ്യമാണെന്നും, ഗത്സമെനയിലെ പ്രാർത്ഥന വ്യക്തമാക്കുന്നു.

> അത്ഭുതപ്രവർത്തനം, കാര്യസാധ്യം എന്നീ വാഗ്ദാനങ്ങൾ ഈ വിപണന തന്ത്രത്തിന്റെ ഭാഗമാണ്. വിശ്വാസികളുടെ ആത്മീയാഭിവൃദ്ധിയെക്കാൾ, സാമ്പത്തികലാഭമാണ് ഇതിന്റെ പിന്നിലുള്ളതെന്നു വ്യക്തമാണ്.

പ്രാർത്ഥനയുടെ മാനൃത

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെ ആകരുത്; അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിന് പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്. അവരോടു തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ? നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ- (മത്താ. 6: 5-15)

പരീശന്മാരുടെ ഭക്തിപ്രകടനങ്ങളെയാണ് കർത്താവ് ലക്ഷ്യമിടുന്നതെങ്കിലും, ചില ക്രിസ്തീയ പ്രസ്ഥാനങ്ങളിൽ, പ്രാർത്ഥനയെന്ന പേരിലുള്ള 'നാടക'ങ്ങളെയും ഈ തിരുവചന ഭാഗം ശാസിക്കുന്നുണ്ട്. സ്റ്റേജിൽ അട്ടഹസിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും, ക്യാമറയുടെ മുമ്പിൽ കണ്ണടച്ചുനിന്ന് പ്രേക്ഷകരിൽ മതിപ്പുണ്ടാക്കുവാൻ വാചാലതയോടെ സംസാരിക്കുന്നതുമാണ് ആരാധനയും പ്രാർത്ഥനയുമെന്ന് ആധുനിക പരീശന്മാർ വിശ്വസിക്കുന്നു. പ്രകടാത്മകമായ പ്രാർത്ഥന ദൈവമുമ്പാകെ സ്വീകൃതമല്ല. " മനുഷ്യർക്ക് വിളങ്ങേണ്ടുന്നതിന് "അവർ പ്രാർത്ഥിക്കുന്നു എന്നു പറയുന്നതിൽ നിന്നും, അവരുടെ ചിന്തയിൽ ദൈവത്തെക്കാൾ പ്രധാനം, മനുഷ്യരുടെ ശ്രദ്ധ ആകർഷിക്കുന്നതാണെന്ന് സൂചനയുണ്ട്. " അവർക്കു പ്രതിഫലം കിട്ടിപ്പോയി " എന്നു പറയുമ്പോൾ, അവരുടെ ആത്മീയതയെപ്പറ്റി ആളുകൾ പ്രശംസിക്കുന്നതിൽ അവർ സംതൃപ്തി കണ്ടെത്തുന്നു എന്നാണ് അർത്ഥമാക്കുന്നത്.

സ്റ്റേജിൽ ആക്രോശിച്ചുകൊണ്ട്, അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും, അഹങ്കാരം നിറഞ്ഞ, അധികാരസ്വരത്തിൽ ദൈവത്തോട് അത്ഭുതം പ്രവർത്തിക്കുവാൻ കല്പിക്കുകയും, സൗഖ്യദാനമെന്ന പേരിൽ പുറകോട്ട് തള്ളിമറിച്ചിടുകയും ചെയ്യുന്നത്, 'മനുഷ്യർക്ക് വിളങ്ങേണ്ടുന്നതിന് ' നടത്തുന്ന പ്രകടനങ്ങളാണ്. അമേരിക്കയിലെ കറുത്തവർഗ്ഗക്കാരുടെയിടയിൽ വളർന്ന് ലോകമെമ്പാടുമെത്തിയ പെന്തിക്കോസ്ത്-ഉണർവ്വ് പ്രസ്ഥാനങ്ങ

ളുടെ 'പോപ്പുലർഷോ 'കളുടെ അനുകരണം മാത്രമാണിത്. അട്ടഹാസവും തള്ളിമറിച്ചിടലും, സാക്ഷിപറയലും കഴിയുമ്പോൾ " സാമ്രാജ്- മുതുകാട് "തുടങ്ങിയ പ്രശസ്തമാജിക്കുകാരുടെ സ്റ്റേജ് ഷോയുടെ രീതിയിൽ 'കണ്ടോ' എന്ന രീതിയിലുള്ള അംഗവിക്ഷേപവും, മുഖം നിറഞ്ഞ ചിരിയും, 'എല്ലാവരും കയ്യടിച്ച് ദൈവത്തെ സ്തുതിച്ചാട്ടെ ' എന്നുള്ള ആഹ്വാനവും, സ്റ്റേജ് ഷോയെ ജനകീയമാക്കിത്തീർക്കുന്നു. ആരാധനയും, പ്രാർത്ഥനയും, സ്റ്റേജ്ഷോ ആകുമ്പോൾ മതവും ദൈവ വിശ്വാസവും ജനങ്ങളിൽ നിന്നും അപ്രത്യക്ഷമാകുന്നു.

പ്രാർത്ഥനയുടെ ലക്ഷ്യം:

പ്രാർത്ഥന എന്താണെന്ന് വി. വേദ പുസ്തകത്തിൽ നിർവ്വചിക്കുന്നില്ലെങ്കിലും, പ്രാർത്ഥനയുടെ വിവിധവശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ദൈവഹിതമനുസരിച്ചുള്ള പ്രാർത്ഥനയെന്താണെന്ന് അതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

i) ദൈവത്തെ അന്വേഷിക്കുന്നതാണ് പ്രാർത്ഥന:

സങ്കീർത്തനക്കാരന്റെ ചിന്തയിൽ പ്രാർത്ഥനയുടെ ലക്ഷ്യം ദൈവത്തെ അന്വേഷിക്കുന്നതാണ്:

" എന്റെ മുഖം അന്വേഷിപ്പിൻ " (സങ്കീ. 27: 8); യഹോവയേയും അവന്റെ ബലത്തേയും തീരവീൻ. അവന്റെ മുഖം ഇടവിടാതെ അന്വേഷിപ്പീൻ "(സങ്കീ.105: 4).

ദൈവത്തെ അന്വേഷിക്കുക എന്നാൽ ദൈവകൃപതേടുന്നതാണ്, കാരണം, അന്വേഷിച്ചുകണ്ടുപിടിക്കാവുന്ന വ്യക്തിയല്ലല്ലോ ദൈവം. ദൈവത്തെപ്പറ്റിയുള്ള തീവ്രമായ വാഞ്ചയും, അതിന്റെ ദൃശ്യഭാവമായ പ്രാർത്ഥനയുമാണ് ദൈവത്തെ കണ്ടെത്തൽ.

" യഹോവതന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും. അവരുടെ നിലവിളി കേട്ട് അവരെ രക്ഷിക്കും. യഹോവതന്നെ സ്നേഹിക്കുന്ന ഏവരെയും പരിപാലിക്കുന്നു. " ഈ കാഴ്ചപ്പാടാണ് ദൈവത്തെ കണ്ടെത്തൽ.

പ്രാർത്ഥന ശ്രദ്ധിക്കുകയും നല്ലയാചനകൾക്ക് മറുപടി നൽകുകയും ചെയ്യുന്ന ദൈവം എപ്പോഴും എവിടെയും നമ്മുടെകൂടെ ഉണ്ടെന്നുള്ള ഉറച്ച വിശ്വാസമാണ്, ദൈവത്തെ കണ്ടെത്തിയതിന്റെ അടയാളം. നമ്മുടെ ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളും പൂർണ്ണമായി ദൈവം അറിയുന്നുണ്ടെന്നുള്ള അവബോധം, തന്റെ കരുണയിലുള്ള പ്രത്യാശയാണത്. യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകല പ്രവർത്തികളോടും അവനു കരുണ തോന്നുന്നു " .(സങ്കീ. 145: 9)

സങ്കീർത്തനങ്ങളിൽ ഒരു നല്ല പങ്കും, ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യന്റെ പ്രാർത്ഥനകളാണ്. ദൈവത്തെ കണ്ടെത്തി, ദൈവസാന്നിദ്ധ്യം മനസ്സിലാക്കി, ആശ്വസിപ്പിക്കുന്ന ഭക്തന്റെ ചിന്തകളാണ് സങ്കീർത്തനങ്ങളായി രൂപാന്തരപ്പെട്ടത്.

ii) യഹോവയുടെ സഖിത്വം:

ദൈവത്തെ അന്വേഷിക്കുന്നവർക്ക് ദൈവസാന്നിദ്ധ്യബോധം ജീവിതത്തിലുടനീളം അനുഭവേദ്യമായിത്തീരുന്നു. ദൈവമുമ്പാകെയുള്ള ജീവിതത്തെയാണ് "യഹോവയുടെ സഖിത്വം" എന്നു സങ്കീർത്തനക്കാരൻ വിശേഷിപ്പിക്കുന്നത്. (സങ്കീ. 24: 14) ഈ ആഗ്രഹത്തോടെയാണ് ദേവാലയത്തിൽ നിത്യവും വസിക്കുവാനുള്ള ഭാഗ്യം സങ്കീർത്തനക്കാരൻ ആവശ്യപ്പെടുന്നത്. (സങ്കീ. 27: 4) സങ്കീർത്തനക്കാരന്റെ ചിന്തയിൽ ഏറ്റവും വലിയ ദൈവദാനം പ്രാർത്ഥിക്കുവാനുള്ള കഴിവാണ്: " പ്രാർത്ഥിക്കാനുള്ള കഴിവ് എന്നിൽ നിന്നും എടുത്തുകളയാതെയും, തന്റെ കരുണ എനിക്ക് വിലക്കാതിരിക്കുകയും ചെയ്യുന്ന യഹോവ വാഴ്ത്തപ്പെട്ടവനാകുന്നു. " (സങ്കീ. 66: 20: ഹീബ്രു.) ("എന്റെ പ്രാർത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽ നിന്ന് എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ" എന്നാണ് മലയാള ഭാഷ്യം).

iii) ദൈവ കരുണയിലുള്ള ആശ്രയം:

" ഞാനോ നിന്റെ കരുണയിൽ ആശ്രയിക്കുന്നു."(സങ്കീ. 13: 5). വി. കന്യകമറിയാമിനെപ്പോലെ, ദൈവഹിതത്തിന് സ്വയം സമർപ്പിക്കുന്നതാണ് യഥാർത്ഥ പ്രാർത്ഥന, നമ്മുടെ താത്പര്യമനുസരിച്ച് പ്രവർത്തിക്കുവാൻ, ദൈവത്തെ പ്രേരിപ്പിക്കുന്നതല്ല പ്രാർത്ഥന, " നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും "(സങ്കീ.37: 5). ഈ രീതിയിൽ, നമ്മുടെ ആഗ്രഹങ്ങളും, പദ്ധതികളും ദൈവമുമ്പാകെ സമർപ്പിക്കുകയും, തിരുവിഷ്ടം നിവർത്തിതമാകണമെ എന്ന് പ്രാർത്ഥിക്കുന്നതുമാണ് ദൈവത്തിനു പ്രീതികരമായ പ്രാർത്ഥന. "നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചു കൊൾക; അവൻ നിന്നെ പുലർത്തും "(സങ്കീ. 55: 22)എന്നുള്ള വാക്കുകൾ, ഇത്തരത്തിലുള്ള പ്രാർത്ഥനക്കായുള്ള ആഹ്വാനമാണ്.

iv) വാക്കുകൾ മാത്രമല്ല പ്രാർത്ഥനയുടെ ഉള്ളടക്കം:

അമിതമായ വാചകക്കസർത്ത് കേൾവിക്കാരിൽ വിരസത ഉളവാക്കും. നീണ്ട പ്രാർത്ഥനകൾ ദൈവത്തിന് പ്രസാദകരമാകണമെന്നില്ല, "പ്രാർത്ഥനയിൽ പറഞ്ഞതുതന്നെ പറഞ്ഞുകൊണ്ടിരിക്കരുത്" എന്ന് ബറാസീറാക്ക (മഹാജ്ഞാനം) അനുസ്മരിപ്പിക്കുന്നു (7:14). ദൈവമുമ്പാകെ മൗനമായിരിക്കുന്നതും പ്രാർത്ഥനയാണ്, ഇത്തരത്തിലുള്ള പ്രാർത്ഥനയെപ്പറ്റി സങ്കീർത്തനക്കാരൻ ആവർത്തിച്ചു പറയുന്നുണ്ട്: "എന്റെ ഉള്ളം യഹോവയെ നോക്കി മൗനമായിരിക്കുന്നു" (സങ്കീ.62: 1); " എന്റെ ഉള്ളമേ, ദൈവത്തനോക്കി മൗനമായിരിക്ക " (സങ്കീ. 62: 51); മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവീൻ (സങ്കീ. 46: 10); " യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവന്നായി പ്രത്യാശിക്ക " (സങ്കീ. 37: 7).

സാധാരണക്കാർക്ക് പ്രയാസമുള്ളതാണ് മൗനമായിരിക്കുന്നത്. പ്രാർത്ഥനയുടെ താഴത്തെ പടി മാത്രമാണ് വാക്കുകളിലൂടെയുള്ളത്. കാനോനിക പ്രാർത്ഥനകൾ ഉറക്കെചൊല്ലുന്നത്, ദൈവചിന്ത മനസ്സിലുണ്ടാകുവാനും, പ്രാർത്ഥിക്കുന്ന സമൂഹത്തൊട് ചേരുവാനും സഹായിക്കുന്നു. എന്നാൽ കാണാതെ പഠിച്ച കാനോനിക പ്രാർത്ഥനകളിൽ മാത്രമായി പ്രാർത്ഥനയെ പരിമിതപ്പെടുത്തുന്നത് ശരിയല്ല.

iv) കർത്താവിന്റെ വരവിനായി ജാഗ്രതയോടെയിരിക്കുന്നതാണ് പ്രാർത്ഥന:

ജാഗ്രതയുടെ അഥവാ ഉണർവ്വിന്റെ അടയാളമാണ് പ്രാർത്ഥന, ക്രിസ്തീയ ജീവിതം, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായുള്ള നിരന്തരമായ കാത്തിരിപ്പാണ്. ഓരോ പ്രാർത്ഥനയും ആ കാത്തിരിപ്പിന്റെ ഭാഗമാണ്: "ആ കാലം എപ്പോൾ എന്ന നിങ്ങൾ അറിയാത്തതുകൊണ്ട് സൂക്ഷിച്ചകൊൾവീൻ; ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ " (മർക്കോ. 13: 3)

"പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പീൻ" (കൊലോ. 4: 2); " ഇടവിടാതെ പ്രാർത്ഥിപ്പീൻ " (തെസ്സ. 5: 7) എന്നിങ്ങനെ വി. പൗലൂസ് ആഹ്വാനം ചെയ്യുന്നത്, പ്രാർത്ഥന കർത്താവിന്റെ രണ്ടാമത്തെ വരവിനായുള്ള കാത്തിരിപ്പായതുകൊണ്ടാണ്. ■

ദാമ്പത്യം കോടതി...

ദാമ്പത്യത്തിലെ പൊരുത്തപ്പെടലുകൾ

പരസ്പരം പൊരുത്തപ്പെട്ടു കഴിയുന്നതാണ് യഥാർത്ഥ ദാമ്പത്യ സൗഖ്യം. അവിടെ ആരും വലിയവരല്ല, ചെറിയവരുമല്ല. പരസ്പരം വിജയിക്കുന്നതിനേക്കാൾ പരസ്പരം തോറ്റു കൊടുക്കുന്നതിലാണ് ദാമ്പത്യ വിജയം ഒളിഞ്ഞിരിക്കുന്നത്. ഇങ്ങനെയാവാൻ അത്യാവശ്യമായി വേണ്ടത് പരസ്പര വിശ്വാസവും പരസ്പര ബഹുമാനവുമാണ്. വിശ്വാസമില്ലെങ്കിൽ ദാമ്പത്യമില്ല. സംശയരോഗി പങ്കാളിയെ സംശയിക്കുന്നത് ഒരിക്കലും സ്നേഹക്കൂടുതൽ കൊണ്ടല്ല. കാരണം സ്നേഹമുണ്ടെങ്കിൽ സ്വാഭാവികമായും ദൃഢവിശ്വാസമുണ്ടാവും. കാരണമില്ലാതുള്ള സംശയം മനോരോഗമാണ്, ചികിത്സിക്കേണ്ട രോഗം. ദാമ്പത്യത്തിൽ സംശയം കടന്നാൽ ദാമ്പത്യമരണം സംഭവിച്ചെവുവെന്ന് പറയാം. പരസ്പര ബഹുമാനമുണ്ടെങ്കിലെ വിട്ടുവീഴ്ചാ മനോഭാവമുണ്ടാവൂ. വിട്ടുവീഴ്ചകളില്ലാതെ തങ്ങളുടെ തനിസ്വഭാവത്തിലുറച്ചു നിന്നാൽ ദാമ്പത്യം കീറാമുട്ടിയാവും. അപ്പോഴാണ് നിരാശാബോധമുണ്ടാവുന്നത്. നിരാശ അധികരിച്ച് വിരക്തിയാവും, പിന്നീട് ദേഷ്യമാവും അത് കഴിഞ്ഞ് വെറുപ്പാവും. അപ്പോഴാണ് എത്രയും പെട്ടെന്ന് ഈ നരകത്തിൽ നിന്ന് രക്ഷപെടണമെന്ന തോന്നലുണ്ടാവുന്നത്.

വിവാഹമോചന കേസുകളെന്തുകൊണ്ട് വർദ്ധിക്കുന്നു?

വളരെ ആർഭാടമായി നൂറുപവൻ സ്വർണ്ണമിട്ട് 5000 പേർക്ക് വിരുന്നൊരുക്കി മോടിയായി പറഞ്ഞുവിട്ട മകൾ ഒരു സുപ്രഭാതത്തിൽ പെട്ടിയും തൂക്കി മടങ്ങിവരികയും അവൾ പറയുന്നതിനെ മുഖവിലയ്ക്കെടുത്ത് മുൻപിൻ നോക്കാതെ കേസുകൊടുത്ത് വിവാഹമോചനം നേടുകയും ചെയ്ത ശേഷം ഒരു രണ്ടാം കെട്ടുകാരനായ തൈക്കിളവനെ രജിസ്റ്റർ വിവാഹം ചെയ്ത് പറഞ്ഞയയ്ക്കുകയും ചെയ്യുമ്പോഴെങ്കിലും പുതിയ തലമുറയ്ക്കോ, പകത അവകാശപ്പെടുന്ന മാതാപിതാക്കൾക്കോ നിഷ്പക്ഷമായി ഒരു പുനർചിന്തനം നടത്തിക്കൂടെ-എവിടെയാണ് പിഴച്ചതെന്ന്! വിവാഹമോചനം ഇന്ന് വളരെ എളുപ്പമാണ്. കോടതിക്ക് 6 മാസശേഷം നടപടിക്രമം പൂർത്തിയാക്കുകയേ വേണ്ടൂ. ഒരാവേശത്തിന് കിണറ്റിൽ ചാടിയാൽ നൂറാവേശത്തിന് കരകയറുക സാധ്യമല്ലെന്ന ചിന്ത

13 -ാം പേജിൽ നിന്നു തുടർച്ച...

വേണം. ദമ്പതിമാർ അവരവരുടെ തന്നിഷ്ടങ്ങൾ പരസ്പരം അടിച്ചേൽപ്പിക്കുന്നതാണ് ദാമ്പത്യത്തെ കോടതിയിലെത്തിക്കുന്ന പ്രധാന കാരണം. പ്രണയമില്ലാഞ്ഞിട്ടല്ല ദാമ്പത്യം തകരുന്നത്, സൗഹൃദമില്ലാഞ്ഞിട്ടാണെന്ന് മനസിലാക്കണം. **"അനുയാവാംപ്രതിപദം സർവ്വ ധർമ്മേഷം മധ്യമം"** എന്നാണ് പ്രമാണം. എന്തിന്റെയും കൂടുതലും തീരെകുറവും നന്നല്ല, ഒരു ഇടപ്പരുവത്തിന് ജീവിക്കാൻ ശീലിക്കണം. വിവാഹചിന്തയുദിച്ചാൽ വിവാഹത്തേപ്പറ്റിയും ദാമ്പത്യത്തെപ്പറ്റിയും വ്യക്തമായ ഒരു കാഴ്ചപ്പാടുറപ്പിക്കുവാൻ വിവാഹപൂർവ്വ കൗൺസിലിംഗിന് വിധേയരാവണം എന്നത് ഇന്നത്തെ അവസ്ഥയിൽ അത്യാവശ്യമാണ്.

ഒരു വിവാഹമോചനം കൊണ്ട് എല്ലാം നേടിയെടുക്കാനാവുമോ എന്ന് കോടതിയിൽ പോകുന്നതിനു മുൻപ് ദമ്പതികൾ സ്വയം ചോദിക്കണം. ഒഴിവാക്കാനാവാത്ത ചുരുക്കം ചില കേസുകളുള്ളതിനെപ്പറ്റിയല്ല ഈ പ്രതിപാദിക്കുന്നത്. ലഘുവായി പരിഹരിക്കാവുന്ന കാര്യങ്ങളെ പർവ്വതീകരിച്ചുണ്ടാക്കുന്നവയാണിന്നുള്ള ഭൂരിഭാഗം വിവാഹമോചനങ്ങളും. ഏതു ചെറിയ കുറ്റത്തിനും വധശിക്ഷ നൽകിയാൽ ഇവിടെ ജീവനോടെ എത്രപേരുണ്ടാവും? ദാമ്പത്യമെന്നത് ജീവിതത്തിന്റെ സുപ്രധാനമായ രണ്ടാം ഘട്ടമാണ്. ആനന്ദദായകമാവേണ്ട ദാമ്പത്യത്തെ കോടതിയിൽ കൊണ്ടുപോയി ഉപേക്ഷിക്കേണ്ടതാണോ? ആദ്യവിവാഹത്തിൽ വലിയബലം പിടിച്ചു നടന്നവർ അടുത്ത വിവാഹത്തിൽ ആവശ്യത്തിലധികം വിട്ടുവീഴ്ച ചെയ്യേണ്ടിവരുമെന്നുകൂടി ഓർക്കണം.

"ഒരു പുതിയ വാഹനം വാങ്ങിവന്ന ശേഷം അടുത്ത ദിവസം തന്നെ വിൽക്കാൻ വച്ചാൽത്തന്നെ അതിനെ സെക്കന്റ് ഹാൻസ് എന്നാണ് പറയുന്നത്"

- (സൈക്കോളജിസ്റ്റ്, 9447053462)

11-ാം പേജിൽ നിന്നു തുടർച്ച...

ദൈവമാതാവായ മറിയം Theotokos

ഒന്നാം നൂറ്റാണ്ട് മുതൽ തന്നെ പിതാക്കന്മാർ മറിയം വചനമാം ദൈവത്തെ പ്രസവിച്ച നിത്യകന്യകയും ദൈവമാതാവുമാണെന്ന് പഠിപ്പിച്ചിരുന്നു. എന്നാൽ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കുസ്തന്തിനോപ്പോലീസ് പാത്രിയർക്കീസ് ആയിരുന്ന നെസ്തോർ മിശിഹായുടെ സ്വഭാവത്തെ സംബന്ധിച്ച് ചില വാദ മുഖങ്ങൾ ഉന്നയിച്ചു. മറിയമിനെ ദൈവമാതാവ്, ദൈവപ്രസവിത്രി എന്നെല്ലാം സംബോധന ചെയ്യുന്നത് തെറ്റാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു. മറിയം പ്രസവിച്ചത് മനുഷ്യനായ ക്രിസ്തുവിനെയാണ് (Christotokos) എന്ന് നെസ്തോർ വാദിച്ചു. AD 431 ലെ എഫെസൂസ് സുന്നഹദോസിൽ നെസ്തോറിന്റെ വേദവിപരീതത്തെ എന്നേക്കുമായി തള്ളിക്കളഞ്ഞു. മറിയം ദൈവമാതാവാണെന്നുള്ള വിശ്വാസം സ്ഥിരപ്പെടുത്തി.

യഥാർത്ഥത്തിൽ മറിയൻ ദൈവശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു അവളുടെ മാതൃത്വമാണെന്ന് പിതാക്കന്മാർ വിശ്വസിച്ചിരുന്നു. ക്രിസ്തുവിന്റെ മാതാവ് (Christotokos) ദൈവമാതാവ്, നിത്യകന്യകയായ മാതാവ്, സഭയിലെ വിശ്വാസികളുടെ എല്ലാം മാതാവ്, എന്നിങ്ങനെയുള്ള അനിതര സാധാരണമായ വ്യക്തിത്വം അവളെ ഇന്നുവരെ ജനിച്ചവരും ജനിക്കാനിരിക്കുന്നവരുമായ മനുഷ്യ രിൽ നിന്ന് വ്യത്യസ്തയാക്കുന്നു. Theotokos എന്ന് ഗ്രീക്കിലും, Dei Genetrix / Mater Dei എന്ന് ലത്തീനിലും യൽദോസ് ആലോഹോ എന്ന് സുറിയാനിയിലും ഉച്ചരിക്കുന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് അവൾ ദൈവികതയെ അല്ലെങ്കിൽ ദൈവത്വത്തെ (Divinity) പ്രസവിച്ചു എന്നല്ല, പിന്നെയോ അവളിൽ ഉരുവായതും അവൾ പ്രസവിച്ചവനുമായവൻ ദൈവമാകുന്നു എന്നാണ്. അവൾ ദൈവത്തെ സ്വീകരിച്ചു വഹിക്കുകയും (Theotokos) ദൈവത്തെ പ്രസവിക്കുകയും ചെയ്തു (Theotokos).

നിത്യ കന്യക

മറിയയുടെ നിത്യകന്യകാത്വം ഏറെ പ്രതിപാദിക്കപ്പെടുന്ന വിഷയമാണ്. ആദ്യ നൂറ്റാണ്ടുകളിൽ സഭയിലെ വിശുദ്ധന്മാരായ പിതാക്കന്മാർ സംശയരഹിതമായി ഉത്ബോധിപ്പിച്ചിരുന്നെങ്കിലും നാലാം നൂറ്റാണ്ടുമുതൽ വേദവിപരീതങ്ങൾ തലപൊക്കി. AD 553 ലെ രണ്ടാം കുസ്തന്തീനോപ്പോലീസ് സുന്നഹദോസിൽ മാതാവിന്റെ നിത്യകന്യകാത്വം വിശ്വാസപ്രമാണമായി സ്ഥിരീകരിച്ചു.

ശാരീരിക കന്യകാത്വം

കന്യാവ്രതമുദ്രയ്ക്ക് ഭംഗം വരാതെ പുരുഷസംബന്ധമില്ലാതെ മാതൃത്വം വരിക്കുന്ന അവസ്ഥയ്ക്കാണ് ശാരീരിക കന്യകാത്വം എന്നു വിവക്ഷിക്കുന്നത്. നിത്യകന്യക പുത്രജനനത്തിനു മുമ്പും പിമ്പും ഈ കന്യകാത്വം അഭംഗുരം പാലിക്കുന്നവളാണ്.

മറിയം തന്റെ ഏകജാതനെ പ്രസവിക്കുന്നതുവരെയും കന്യകയായിരുന്നുവെന്ന് മിക്കവാറും എല്ലാ ക്രിസ്തീയസഭകളും വിശ്വസിക്കുന്നു. ഖുർ-ആനിൽ പോലും യേശുവിന് ജന്മം നൽകിയത് കന്യകയായ മറിയം ആയിരുന്നുവെന്നു പ്രസ്താവിച്ചിട്ടുണ്ട്.

മറിയം തന്റെ പുത്രനെ പ്രസവിച്ചത് കന്യകാചർമ്മത്തിന് ഭംഗം വരാത്ത രീതിയിലായിരുന്നു എന്ന് പിതാക്കന്മാർ പഠിപ്പിച്ചിരുന്നു. തന്റെ വചനിപ്പും ഗർഭധാരണവും ഏതുവിധം അത്ഭുതകരമായിരുന്നോ ആ വിധത്തിൽ തന്നെ ക ന്യകാത്വം ഭേദിക്കപ്പെടാതെ പുത്രജന്മവും സംഭവിച്ചു. തന്റെ ഉയർപ്പിൽ കല്ലറയുടെ മുദ്രയ്ക്ക് കേടുവരാതെ പുനരുത്ഥാനം ചെയ്തവൻ തന്റെ ജനനത്തിൽ മാതാവിന്റെ കന്യകാത്വത്തിന് ഹാനി വരുത്തി എന്നു വിചാരിക്കുവാൻ സാധ്യമല്ല. അടച്ചിട്ട വാതിലുകളിൽക്കൂടി ക്രിസ്തു തന്റെ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടതും ഓർക്കുക. പുത്രജനനത്തിൽ യേശുതമ്പുരാൻ തന്റെ മാതൃ ഉദരത്തിൽ നിന്ന് വിസ്മയകരമായ വിധത്തിൽ ഭൂമിയിലേക്ക് ഇറങ്ങി വന്നു എന്ന് സഭ പഠിപ്പിക്കുന്നു. നിത്യകന്യകാത്വത്തിന്റെ പ്രധാനപ്പെട്ട ഈ ലക്ഷണം പലപ്പോഴും മാതാവിന്റെ വേദശാസ്ത്രപഠനങ്ങളിൽ അവഗണിക്കപ്പെട്ടു പോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. റോമൻ സഭ 1545-1563 ലെ ട്രെന്റ് സുന്നഹദോസിൽ മാതാവിന്റെ ഈ കന്യകാത്വം വിശദീകരിച്ച് സ്ഥിരീകരിക്കുകയുണ്ടായി.

യേശുവിന്റെ ജനനശേഷവും മറിയം കന്യകയായിരുന്നുവോ എന്നുള്ള വിഷയം ക്രൈസ്തവ വേദശാസ്ത്രം നേരിട്ടുള്ള ഒരു ഗൗരവമേറിയ വെല്ലുവിളിയായി കരുതാം. യേശുവിന്റെ ആദ്യജാതൻ എന്നുള്ള വിശേഷണം, തന്റെ സഹോദരങ്ങളെപ്പറ്റിയുള്ള പരാമർശം, ആദ്യജാതനെ പ്രസവിക്കുംവരെ എന്ന പ്രയോഗം മുതലായവ വേദപുസ്തകത്തിൽ നിന്ന് അടർത്തിയെടുത്തതാണ് ഈ വിധ ഇടത്തൂടുകളും വേദവിപരീതങ്ങളും നിലവിൽ വന്നത്. എന്നാൽ ആദിമസഭ മുതലുള്ള പിതാക്കന്മാർ മറിയമിന്റെ അനാദ്യന്തമായ കന്യകാത്വം സംശയരഹിതമായി വിശ്വസിക്കുകയും പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് പ്രസ്താവിച്ചതുപോലെ AD 553 ലെ സുന്നഹദോസിൽ മാതാവിന്റെ നിത്യകന്യകാത്വം വിശ്വാസപ്രമാണമായി അംഗീകരിക്കപ്പെട്ടു.

ആത്മീയ കന്യകാത്വം

നിത്യകന്യകാത്വം കൊണ്ട് ഉദ്ദേശിക്കുന്നത് കേവലം ശാരീരികമായ അവസ്ഥ മാത്രമല്ല, ആത്മീയമായ നിത്യപരിശുദ്ധി കൂടിയാണ്.

കന്യകാത്വത്തിന്റെ യഥാർത്ഥമായ ലക്ഷണം വിവാഹത്തിൽ നിന്നോ വിവാഹബന്ധത്തിൽ നിന്നോ ഒഴിവായിരിക്കുന്ന ഒരു നിഷേധാത്മകമായ അവസ്ഥയല്ല. വിവാഹവും പ്രജനനപ്രക്രിയയും ദൈവത്തിന്റെ കൽപ്പനയാണ്.എന്നിരിക്കിലും മനുഷ്യനെ ഉയർന്ന ആത്മീയ തലങ്ങളിലേക്ക് ദൈവം വിളിച്ചാൽ സ്വർഗ്ഗീയ സ്നേഹത്തെ പ്രതി വിവാഹം ത്യജിക്കുന്നത് ദൈവേഷ്ടംതന്നെയാണ്. (വി. മത്തായി 22:30, 19:2, 25:1-13 കാണുക.) ഭാര്യഭർത്താക്കന്മാരായി ജീവിച്ചു കൊണ്ടുതന്നെ പ്രലോഭനങ്ങളിൽ നിന്ന് അകന്ന് ദൈവസ്നേഹത്തിന്റെ പാരമ്യത്തിലും നിർവൃതിയിലും സായൂജ്യം കണ്ടെത്തുന്ന അവസ്ഥയ്ക്കാണ് ആത്മീയ കന്യകാത്വം എന്നു പറയുന്നത്. എബ്രായ തത്വചിന്തകനായ ഫിലോ (BC 30 - AD 40) ഈ സ്ത്യം വിശകലനം ചെയ്യുന്നുണ്ട്. സഭയെ ക്രിസ്തുവിന്റെ നിർമ്മലയും പതിവ്രതയുമായ കന്യകയായി ഉപമിക്കുന്നത് ഈ സാദൃശ്യത്തിലാണ് (II കൊരി 11: 2, I കൊരി 7 : 32, 34, എഫെ 5 : 25 കാണുക).

നിത്യവിശുദ്ധ

കന്യകമറിയം നിത്യവിശുദ്ധയാണെന്ന് എല്ലാ സഭകളും പൊതുവെ സമ്മതിക്കുന്നു. അവൾ എല്ലാ വിശുദ്ധന്മാരേക്കാളും ശുദ്ധിമതികളേക്കാളും ഉയർന്ന സ്ഥാനമുള്ളവളും നിത്യസൗഭാഗ്യവതി എന്ന് വിളിക്കപ്പെടുന്നവളുമാണ്. മാലാഖമാരും പ്രധാനമാലാ

ഖമാരും അവളെ രാജ്ഞിയായി കാണുവാൻ തക്കവണ്ണം സ്വർഗ്ഗത്തിൽ അവൾക്ക് അത്യുന്നതസ്ഥാനം തന്റെ പുത്രൻ നൽകിയിരിക്കുന്നു.

മറിയ നിർമ്മലയും, കന്മഷഹീനയും, കളങ്കമില്ലാത്തവളും, കർമ്മ പാപവിമുക്തയും ആയിരുന്നതുകൊണ്ട് (Immaculate / Spotless / Achrantos) അവൾ ആത്മീയ നിലവാരത്തിലും നിത്യകന്യകയായിരുന്നുവെന്ന് സഭ പഠിപ്പിക്കുന്നു. അതുകൊണ്ടു തന്നെ മറിയയിൽ സഭയുടെ മർമ്മവും രഹസ്യങ്ങളും അടങ്ങിയിരിക്കുന്നു.

വി. മാതാവിനെക്കുറിച്ച നമ്മുടെ സഭ അംഗീകരിക്കാത്തതും എന്നാൽ റോമൻ കത്തോലിക്കാ സഭ പ്രമാണമായി സ്വീകരിക്കുന്നതുമായ അമലോത്ഭവത്തെപ്പറ്റി ചുരുക്കമായി വിവരിക്കുന്നു.

അമലോത്ഭവ വാദം

തന്റെ മാതാവായ ഹന്നായുടെ ഉദരത്തിൽ മറിയ രൂപം കൊണ്ട അതേ നിമിഷം മുതൽ അവൾ ജന്മപാപവിമുക്തയായിരുന്നു എന്നാണ് അമലോത്ഭവം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. കത്തോലിക്കാസഭ ഈ വിശ്വാസത്തെ 1854 ഡിസംബർ 8-ാം തീയതി പീയൂസ് 9-ാമൻ മാർപ്പാപ്പയുടെ Ineffabillis Deus എന്ന ബൂളാവഴി വിശ്വാസപ്രമാണമാക്കി തീർത്തു. ഡിസംബർ 8-ാം തീയതി അമലോത്ഭവദിനമായും ഒമ്പതുമാസം തികയുമ്പോഴുള്ള സെപ്തംബർ 8 മറിയത്തിന്റെ ജന്മദിനമായി സ്ഥിരീകരിക്കുകയും ചെയ്തു. ഈ വിശ്വാസം പൗരസ്ത്യ സഭകൾ അംഗീകരിക്കുന്നില്ല. അത് മറിയയെ ആദാമിന്റെ വംശാവലിയിൽ നിന്ന് നീക്കം ചെയ്യുന്നതിന് തുല്യമാണെന്നും ദൈവനീതിക്ക് എതിരാണെന്നും ജന്മപാപത്തിന്റെ നിർവചനത്തെ അസാധുവാക്കുകയും ചെയ്യുന്നുവെന്ന് പൗരസ്ത്യ സഭാ പിതാക്കന്മാർ വാദിക്കുന്നു. വചനിപ്പിനു മുമ്പുതന്നെ മറിയം ജന്മപാപവിമുക്തയാണെന്നും എന്നാൽ അതിന്റെ കൃത്യസമയം നമുക്ക് അറിവില്ല എന്നും സഭ പഠിപ്പിക്കുന്നു. എന്നിരിക്കിലും ഗബ്രിയേൽ മാലാഖ അവളോട് കൃപ നിറഞ്ഞവളേ നിനക്കു സമാധാനം എന്നു ഉത്ഘോഷിച്ച മുഹൂർത്തത്തിലാണ് ദൈവം അവളെ കന്മഷഹീനയാക്കിയത് എന്ന് ഭൂരിഭാഗം പിതാക്കന്മാരും വിശ്വസിക്കുന്നു.

സെപ്തംബർ 8-ാം തീയതി മാതാവിന്റെ ജനനപ്പെരുന്നാളായി ആചരിക്കുന്ന പതിവ് മലങ്കര സഭയിൽ നൂറ്റാണ്ടുകൾമുമ്പേ നിലവിലുണ്ട്.

എന്നാൽ മറിയമിനെ ത്രിത്വത്തിലെ നാലാമത്തെ ആളത്തമായി ചിലർ വ്യാഖ്യാനിക്കുന്നത് തികച്ചും വേദവിപരീതമാണെന്ന് പറയേണ്ടതില്ലല്ലോ. കത്തോലിക്ക സഭ മാതാവിനെ സഹരക്ഷക (co-redemptress), സഹായരക്ഷക (sub-redemptress) എന്നെല്ലാം വിശേഷിപ്പിക്കുന്നതും നമ്മുടെ സഭ അംഗീകരിയ്ക്കുന്നില്ല.

നമ്മുടെ കർത്താവേശു മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും സത്യവാനും ഉന്നത ഗോപുരവുമായ പ്രസിദ്ധനും അലക്സന്ത്രിയായിലെ പാത്രിയർക്കീസും വേദശാസ്ത്ര പണ്ഡിതനും മഹാ പരിശുദ്ധനുമായ മാർ കൂറീലോസ് (376 - 444) ആണ് AD 431 -ലെ എഫെസൂസ് സുന്നഹദോസിൽ അദ്ധ്യക്ഷം വഹിച്ച് കന്യകമറിയമിന് സഭയിലെ സ്ഥാനം സംശയരഹിതമായി ഉറപ്പിച്ച് വിശ്വാസ പ്രമാണമാക്കി പ്രഖ്യാപിച്ചത്. അദ്ദേഹം സുന്നഹദോസിൽ ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "ദൈവമാതാവായ മറിയമെ, മഹത്വമുള്ളവളേ, ലോകത്തിന്റെ ശ്രീ ഭണ്ഡാരമേ, ഒരിക്കലും കെടാത്ത ദീപമേ, സന്തോഷിക്ക! കന്യാവ്രതത്തിന്റെ കിരീടമേ, സത്യവിശ്വാസത്തിന്റെ സ്തംഭമേ, നശിപ്പിയ്ക്കാവതല്ലാത്ത ദേവാലയമേ, അപരിമേയന്റെ വാസ സ്ഥാനമേ സന്തോഷിക്കുക! അമ്മേ കന്യകയേ! നിന്നോടുകൂടെ മാലാഖമാർ സന്തോഷിക്കുന്നു. നിന്റെ കരുണയാൽ പിശാചുക്കൾ ആട്ടിപ്പായിക്കപ്പെടുന്നു.... വീണുപോയ സൃഷ്ടികൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്നു."


സ്ത്രീത്വവും (womanhood) കന്യകാത്വവും (virginhood) മാതൃത്വവും (motherhood) ഒരുപോലെ മഹത്വപൂർണ്ണമായി സമ്മേളിച്ച ഭാഗ്യവതിയായ മറിയം നിത്യകന്യകയും നിത്യവിശുദ്ധയും ദൈവമാതാവും ആണെന്ന് ആകാശവും ഭൂമിയും നിലനിൽക്കുന്ന കാലം മുഴുവൻ വംശങ്ങളും ജാതികളും പ്രഘോഷിക്കട്ടെ. ■

27th Death Anniversary of

OOMMEN SIMON

MANNAKUNNEL THAZHATHU VEEDU,
PATHANAMTHITTA P.O.

ON 07 AUGUST 2013



"Safe in the arms of Lord Jesus Christ"

Inserted by

Sorrowing Family

50th Death Anniversary

10-8-2013




P.C. KURIAN

Pulikkoottil House
Pengamuck

"Safe in the arms of Lord Jesus Christ"

Inserted by:
Sorrowing Family

വേർപാടിന്റെ
25–ാം വാർഷികം



ANNAMMA CHACKO

Arpil House
Areeparambu P.O.
Kottayam


സന്തപ്ത കുടുംബാംഗങ്ങൾ

വേർപാടിന്റെ
14–ാമത് വാർഷികം



Tharun Stephen Thomas
Mavelil Tharun Nivas
Keechal, Puthupally

വേർപാടിന്റെ
9–ാമത് വാർഷികം



V. Rev. P.C. Stephen
Cor- Episcopa
Mavelil, Amayannoor

വേർപാടിന്റെ
9–ാമത് വാർഷികം



Prof. K. P. Kuriakose
Ajantha, Elamkulam
Ernakulam

സന്തപ്ത കുടുംബാംഗങ്ങൾ

വിശുദ്ധർ വണങ്ങപ്പെടണം: പെന്തക്കോസ്ത് ദൈവശാസ്ത്രജ്ഞൻ

ഫാ. ഡോ. ഏബ്രഹാം ഉമ്മൻ

ഇന്നത്തെ പെന്തക്കോസ്ത് സഭയെ ഗ്രന്ഥകാരൻ വിലയിരുത്തുന്നത് ഇപ്രകാരമാണ്. സഭ പുറമെ വളരെ ശക്തിയുള്ളതായി തോന്നുമെങ്കിലും, അകമെ ആഴമില്ലാതെയാണ് സ്ഥിതിചെയ്യുന്നത്. ഒരുതരം അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു. അതിനുള്ള പരിഹാരം മുമ്പേകടന്നു പോയ വിശുദ്ധരുമായി നാം ബന്ധപ്പെടുക എന്നതാണ്.

ചായം കലർത്തിയ സ്ഫടിക പാളികളിൽ കാണുന്ന അപ്രാപ്യമായ ചില രൂപങ്ങൾ മാത്രമല്ല വിശുദ്ധർ. നമ്മെപ്പോലെ കുറ്റവും കുറവുമുള്ള, എന്നാൽ സുവിശേഷം ജീവിതത്തിൽ പകർത്തിയ വ്യക്തികളാണവർ എന്ന് പ്രൊഫ.ക്രിസ് ആംസ്ട്രോങ്ങ് തന്റെ ഗ്രന്ഥത്തിലൂടെ വരച്ചു കാട്ടുമ്പോൾ ഉത്തരാധുനീകരായ നമ്മെ സുവിശേഷപാതയിലൂടെ ചരിക്കുവാൻ താൻ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്. അതുപോലെ ലോകത്തിൽ കത്തോലിക്കർക്കും ഓർത്തഡോക്സുകാർക്കും മാത്രമാണ് ശുദ്ധിമാൻമാരും ശുദ്ധിമതികളും ഉള്ളത് എന്ന് ആർക്കെങ്കിലും ധാരണയുണ്ടെങ്കിൽ അതും തെറ്റാണ് എന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ഗ്രന്ഥകാരൻ പെന്തക്കോസ്ത് വിശ്വാസിയും സഭാചരിത്ര അദ്ധ്യാപകനുമാണ് എന്നത് ശ്രദ്ധേയമത്രേ!

ഇന്നത്തെ പെന്തക്കോസ്ത് സഭയെ ഗ്രന്ഥകാരൻ വിലയിരുത്തുന്നത് ഇപ്രകാരമാണ്. സഭ പുറമെ വളരെ ശക്തിയുള്ളതായി തോന്നുമെങ്കിലും, അകമെ ആഴമില്ലാതെയാണ് സ്ഥിതിചെയ്യുന്നത്. ഒരുതരം അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു. അതിനുള്ള പരിഹാരം മുമ്പേകടന്നു പോയ വിശുദ്ധരുമായി നാം ബന്ധപ്പെടുക എന്നതാണ്. നാം ആരുടെ തോളുകളിലാണ് നില്ക്കുന്നത് എന്ന് മനസ്സിലാക്കണം. ചരിത്രാവബോധം ഒരു ക്രിസ്ത്യാനിക്ക് അത്യന്താപേക്ഷിതമാണ്. ഇത് പ്രൊട്ടസ്റ്റന്റ് ചരിത്രകാരൻ ഹാർനാക്കിന്റെ അഭിപ്രായത്തിനെതിരാണ്.

പ്രൊട്ടസ്റ്റന്റ് പാരമ്പര്യവും വിശുദ്ധരെ ബഹുമാനിക്കുന്നതാണ് എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ലൂതറും കാൽവിനും സഭാ പിതാക്കൻമാരെ ആദരിച്ചിരുന്നു.17-ാം നൂറ്റാണ്ടിലെ പയറ്റിസ്റ്റ് അനുഗാമികൾ ചരിത്രത്തിന്റെ വേദശാസ്ത്രത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു.

വി.അത്താനാസ്യോസിനാൽ രചിതമായ "അന്തോനിയോസിന്റെ ജീവിതചരിത്രം"ആസ്പദമാക്കിയുള്ള വിവരങ്ങൾ നൽകിയശേഷം എങ്ങനെ സമൂഹത്തിൽ നിന്ന് മാറിനിന്ന അന്തോനിയോസിന് സമൂഹത്തെ രക്ഷിക്കാൻ സാധിച്ചു എന്ന് കാണിക്കുന്നു. നഗരത്തിൽ നിന്ന് മരുഭൂമിയിലേക്ക് ഓടിപ്പോയത് വാസ്തവത്തിൽ നഗരത്തെ ഉദ്ധരിക്കാനായിരുന്നു. ഇത് പ്രതിപാദിക്കുമ്പോൾ അമേരിക്കൻ പ്രൊട്ടസ്റ്റന്റ്കാരുടെ ഇടയിൽ ഉണ്ടായ നവ സന്യാസ മുന്നേറ്റത്തെക്കുറിച്ചും നാം വായിക്കുന്നു. അന്തോനിയോസിന്റെ ജീവചരിത്രം ഒരു സുവിശേഷീകരണ ഉപകരണമായി മാറി. വി.അഗസ്തീനോസ് ഉൾപ്പടെ അനേകർ ക്രിസ്തുവിങ്കലേക്കു സന്യാസം ജീവിതത്തിലേക്ക് ആകൃഷ്ടരാകാൻ കാരണമായി.

പിന്നീട് വരുന്നത് മാർപാപ്പയായിരുന്ന ഗ്രിഗറി ഒന്നാമനാണ്.(540-604). സന്യാസിയായിരുന്ന ഒരാൾ സഭയുടെ തലവനായി വരുന്നത് ആദ്യമായിട്ടാണ്. മദ്ധ്യകാല ആത്മീയതയുടെ പിതാവായിരുന്നു ഗ്രിഗറി. ആശ്രമ ജീവിതത്തിൽ ഒതുങ്ങിക്കഴിയാൻ ആഗ്രഹിച്ച ഗ്രിഗറിയെ ബലമായി പിടിച്ചുകൊണ്ടുവന്നാണ് മാർപാപ്പയാക്കിയത്. യുദ്ധവും ക്ഷാമവും കൊണ്ടും വലഞ്ഞിരുന്ന സഭാംഗങ്ങൾക്ക് സഭയുടെ സ്വത്തുക്കൾ വിഭജിച്ചു കൊടുത്തയാളാണ് ഗ്രിഗറി! ഈ രണ്ട് വ്യക്തികളെ മാത്രമെ സാർവ്വത്രിക സഭയുടെ വിശുദ്ധൻമാരായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ശേഷമുള്ള 8 പേരുകളും യഥാർത്ഥത്തിൽ നമ്മെ അത്ഭുതപ്പെടുന്നതാണ്.

ലോകോത്തര കവിയായ ഡാന്റെ അലിഘെറി, നോവലിസ്റ്റും, കഥാകൃത്തുമായ ചാൾസ്. എം. ഷെഡൺ, അപസർപക നോവലിസ്റ്റും നാടകകൃത്തുമായ ഡോറോത്തി എൽസേയേഴ്സ് എന്നിവരെ വിശുദ്ധരുടെ ഗണത്തിൽ ചേർത്തിരിക്കുന്നു. മാനുഷികവും ജഡികവുമായ സ്നേഹം പടിപടിയായി ഉയർന്ന് ദൈവീകവും ആത്മീകവുമായിതീരുന്ന മഹാകാവ്യമാണ് ഡാന്റെയുടെ "Divine Commedy" എല്ലാ കപട സ്നേഹങ്ങളും ഉപേക്ഷിച്ച് ആത്മാവ് യഥാർത്ഥ സ്നേഹത്തിൽ അലിഞ്ഞുചേരുന്നു.

ചാൾസ് എം ഷെൽഡൻ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അമേരിക്കൻ ഐക്യനാടുകളിൽ പ്രചരിച്ച "സാമൂഹ്യ സുവിശേഷ" ത്തിന്റെ വക്താവായിരുന്നു. സുഖലോലുപതയിൽ മയങ്ങികിടന്ന ക്രിസ്ത്യാനികളെ തട്ടിയുണർത്തി. (ദൈവ ശാസ്ത്രജ്ഞനായ Chris Armstanos ന്റെ Patron Saints for post moderns എന്ന ഗ്രന്ഥത്തെ അധികരിച്ച് എഴുതിയത്)


" The mind of the maker" എന്ന ധ്യാന സഹായിയും "The man born to be the king " എന്ന യേശു ക്രിസ്തുവിന്റെ ജീവിതത്തെ ആസ്പദമാക്കിയിട്ടുള്ള നാടകവുമാണ്. പ്രസ്തുത നാടകം BBC തവണകളായി പ്രക്ഷേപണം ചെയ്തത് സേയേഴ്സിനെ വിശ്വപ്രസിദ്ധയാക്കി.

സാധാരണക്കാരികളായ സ്ത്രീകൾക്ക് വിശുദ്ധരുടെ ഗണത്തിൽ ഇടം തേടാമെന്ന് ഇംഗ്ലണ്ടിലെ മാർജറി കെമ്പും അമേരിക്കയിലെ അമൻഡാ

ബെറിസ്മിത്തും സാക്ഷിക്കുന്നു. മദ്ധ്യകാല നൂറ്റാണ്ടുകളിൽ പ്രചരിച്ചിരുന്ന ക്രിസ്തുവിന്റെ പീഠാനുഭവങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഭക്തിയുടെ മകുടോദാഹരണമായിരുന്നു മാർജറി. ക്രിസ്തുവിന്റെ പീഠാനുഭവങ്ങളെക്കുറിച്ച് ധ്യാനിക്കുമ്പോഴൊക്കെയും ആ മഹതി ഹൃദയഭേദകമായ രീതിയിൽ നിലവിളിക്കുമായിരുന്നു. കറുത്ത വർഗ്ഗക്കാരിയായ അമൻഡാ, സ്ത്രീത്വം, അടിമത്വം,തുടങ്ങി അനവധി വെല്ലുവിളികളെ അതിജീവിച്ചാണ് സുവിശേഷകയായി തീർന്നത്.

മൊറേവിയൻ ബ്രദറൻ സഭയിലെ ബിഷപ്പായിരുന്ന ജോൺ ആമോസ് കൊമീനിയസ്, ആംഗലേയ സഭയിലെ പട്ടക്കാരായിരുന്ന ജോൺ ന്യൂട്ടൻ,ചാൾസ് സിമയോൻ എന്നിവരാണ് ഉത്തരാധുനീകരുടെ വിശുദ്ധന്മാരായി കണക്കാക്കാവുന്ന മറ്റു ചിലർ.

ഈ ഗ്രന്ഥത്തിന്റെ സമാപനത്തിൽ ഡാന്റെ മുതൽ സേയേഴ്സ് വരെയുള്ളവരുടെ മാതൃക അത്യന്താധുനീകരായ നമുക്ക് എങ്ങനെ നമ്മുടെ ക്രിസ്തീയ ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതിന് സഹായകമാക്കാം എന്ന് വിവരിക്കുന്നു. ഇവരുടെ അപൂർണ്ണമായ ജീവിതം നമ്മുടേതുപോലെയാണ്. അതുകൊണ്ടു തന്നെ അവരെപ്പോലെ വിശുദ്ധിയിലേക്ക് വളരാൻ നമുക്കും സാധിക്കും എന്നതാണ് ഗ്രന്ഥകാരന്റെ ഉറച്ച വിശ്വാസം.അതേ സമയം "ഭക്തർ "എന്ന് സ്വയം അവകാശപ്പെടുന്നവരുടെ വികലമായ ഭക്തിയെയും താൻ തുറന്നു കാട്ടുന്നുണ്ട്. ഏതായാലും സഭാ ചരിത്രത്തിലെ വിശുദ്ധൻമാരെ തള്ളിക്കളയാതെ ആധുനീകരുടെ ഇടയിലും വിശുദ്ധരെ കണ്ടെത്താൻ ശ്രമിക്കുന്ന പെന്തക്കോസ്ത് വേദശാസ്ത്രജ്ഞന്റെ ഉദ്യമം ശ്ലാഘനീയം തന്നെ. ■



ഏറ്റവും ചെറിയ വലിയ വൈദികൻ

■ കെ. വി. മാമ്മൻ കോട്ടയ്ക്കൽ



ഫാ. എം. എം. ഏബ്രഹാം
(ചാപ്ലയിൻ, സ്നേഹ സദൻ, ബാംഗ്ലൂർ)

ശീർഷകത്തിലെ വാക്കുകളിൽ വൈരുധ്യം ഉണ്ടെന്ന് ഒറ്റ നോട്ടത്തിൽ തന്നെ തോന്നാമെങ്കിലും അവ സത്യ സ്ഥിതി കഥനത്തിന് അനിവാര്യമാണ്. ശാരീരികമായി നോക്കിയാൽ ഒന്നര മീറ്റർ ഉയരമുള്ള ചെറിയ മനുഷ്യനാണ്. സേവന പ്രവർത്തനങ്ങളെ മുൻനിറുത്തി പറഞ്ഞാൽ മലങ്കര സഭയുടെ അതിരു വിശാലമാക്കി ചിതറിപ്പോയ സഭാംഗങ്ങ ൾക്ക് ആരാധനാലയങ്ങളും അന്ത്യ വിശ്രമ സ്ഥലങ്ങളും സജ്ജീകരിച്ച് ഇത്രയ ധികം നല്ല കാര്യങ്ങൾ ചെയ്ത ഉന്നതനായ മറ്റൊരു വൈദികൻ ഇനിയും ഭൂജാതനാ കേണ്ടിയിരിക്കുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ പാദ സ്പർശത്താൽ പരിശുദ്ധി നിറഞ്ഞ നിരണ ത്തോടു തൊട്ടുരുമ്മി, പുണ്യ നദിയായ പമ്പാ നദിയാൽ പരിസേവി തമായ വളഞ്ഞവട്ടത്തെ (പുളിക്കീഴ്) ഒരിടത്തരം കുടുംബമായ മുട്ടശ്ശേരിൽ ഗീവറുഗീസ് മത്തായിയുടെയും മണിമല ആറിന്റെ സാമീപ്യത്താൽ ഫലഭൂയിഷ്ഠമായ മല്ലപ്പള്ളി ആനിക്കാട്ടു പാറയ്ക്കൽ ഏലിയാമ്മയുടെയും പുത്രനായി 1936 മാർച്ച് 11-ന് ഫാ. എം. എം.ഏബ്രഹാം എന്ന ഈ വൈദികൻ ജനിക്കുമ്പോൾ അദ്ദേഹം മലങ്കരസഭയ്ക്ക് അതുല്യ നേട്ട ങ്ങൾ കൈവരുത്തുന്ന ഒരുത്തമ ശുശ്രൂ ഷകനായിത്തീരുമെന്നു വീട്ടുകാരോ നാട്ടു കാരോ അയൽവാസികളോ സ്വന്തം ഇട വകയായ പുളിക്കീഴ് സെ. മേരീസ് പള്ളി യിലെ ജനങ്ങളോ സ്വപ്നേപി നിരൂപിച്ചി രുന്നില്ല.


ഏതാനും വർഷം വളഞ്ഞവട്ടത്തെ പിതൃഭവനത്തിൽ വളർന്ന ശേഷം മാതൃ ഭവനത്തിൽ തങ്ങി പ്രൈമറി വിദ്യാ ഭ്യാസം പൂർത്തിയാക്കി. ഇതിനിടയിൽ ജ്ഞാനത്തിലും ആത്മാവിലും ആ ബാലൻ വളർന്നു കൊണ്ടിരുന്നു. ജീവിത നദിയുടെ കുത്തനെയുള്ള ഒഴുക്കിനെ തിരെ ശക്തിയുക്തം നീന്തിക്കയറിയ അദ്ദേഹം സാമ്പത്തിക ബുദ്ധിമുട്ടുകളെ അസാധാരണമായ അധ്വാനശീലത്തോടും അനുപമമായ ഇച്ഛാശക്തിയോടും നേരി ട്ടുകൊണ്ട് ആനിക്കാട്ടെ മിഡിൽ സ്ക്കൂൾ കറ്റാനത്തെ ഹൈസ്ക്കൂൾ എന്നിവടങ്ങളിൽ പഠിച്ച് ഇ.എസ്.എൽ. സിയിൽ നല്ല മാർക്കോടെ വിജയം നേടി. ജന്മനാട്ടിൽ ഉന്നത കലാലയ ങ്ങൾ ഇല്ലാതിരുന്നതിനാൽ കോഴി ക്കോട്ടെ ദേവഗിരി കോളജിൽ ചേർന്നു പ്രീഡിഗ്രിക്ക് കിട്ടിയ ഒന്നാം ക്ലാസ്സും തുടർന്നു ലഭിച്ച സ്കോളർഷിപ്പും കൈമുതലാക്കി ബിഎസ്എസിക്കു ചേർന്നു ബിരുദം കരസ്ഥമാക്കി.

വൈദികനായി സഭയെ സേവിക്ക ണമെന്ന തന്റെ ബാല്യകാലം മുത ലുള്ള അഭിലാഷത്തെ മുൻനിർത്തി ഉപ രിപഠനത്തിനു നീണ്ട അവധി നൽകി തിരിഞ്ഞു നോക്കാതെ മുന്നോട്ടു കുതി ച്ചു. ഇതിനകം സഭയിൽ യോജിപ്പുണ്ടാ കുകയും പത്രോസ് മാർ ഒസ്താത്തി യോസ് പുതിയ മലബാർ ഭദ്രാസന ത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആകുകയും തന്റെ ഭദ്രാസനത്തെ സന്ദർശന പരിപാടികൾ മൂലം ഉറപ്പി ക്കുകയും ചെയ്തതോടെ ഫാ. എം. എം. ഏബ്രഹാമിന്റെ സംഘടനാ പാട വവും കഴിവും ആത്മാർത്ഥതയും തന്നെപ്പോലെയുള്ള ലളിത ജീവിതവും മനസ്സിലാക്കിയ പുണ്യ ചരിതനായ പത്രോസ് മാർ ഒസ്താത്തിയോസ് അദ്ദേ ഹത്തെ മലബാർ ഭദ്രാസനത്തിൽ നിയ മിച്ചപ്പോൾ അത് ഭദ്രാസനത്തിന്റെയും അച്ചന്റെയും വളർച്ചാ ചരിത്രത്തെ തന്നെ തിരിച്ചു വിട്ടു.

ഒരു കാലത്തു സാമ്പത്തികമായി ക്ഷീണിച്ചു കാലുറയ്ക്കാതെ നാട്ടി ലുള്ളതെല്ലാം വിറ്റു കെട്ടുകെട്ടി മലബാ റിന്റെ വിരിമാറിൽ കുടിയേറിയവർ മുൻകൈയെടുത്തു രൂപവൽക്കരിച്ച താണു ഇന്നത്തെ മലബാർ ഭദ്രാസനം എന്നു പറയുമ്പോൾ അതു മലബാർ ഭദ്രാസന ചരിത്രത്തിന്റെ ആദ്യ അധ്യാ യമാകും. വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പോലെ (സാറാ ഇല്ലാതെ) ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം യാഗ പീഠം നിർമ്മിച്ച് ആരാധന നട ത്തുകയും ദൈവം കാണിച്ചു കൊടു ക്കാമെന്നു പറയുന്ന സ്ഥലത്തേക്കുള്ള



ഏറ്റവും ചെറിയ വലിയ വൈദികൻ



ഫാ. ഏബ്രഹാം സ്നേഹസദനിൽ


മലങ്കര സഭയുടെ അതിരു വിശാലമാക്കി ചിതറിപ്പോയ സഭാംഗങ്ങൾക്ക് ആരാധനാലയങ്ങളും അന്ത്യ വശ്രമ സ്ഥലങ്ങളും സജ്ജീകരിച്ച് ഇത്രയധികം നല്ല കാര്യങ്ങൾ ചെയ്ത ഉന്നതനായ മറ്റൊരു വൈദികൻ ഇനിയും ഭൂജാതനാകേണ്ടിയിരിക്കുന്നു.

യാത്രയിൽ ഒരിടത്തും തങ്ങിനിൽക്കാതെ സഞ്ചാരം തുടരുകയും ചെയ്തു വന്ന, അതിവേഗം അശീതിയോടടുത്തുകൊണ്ടിരിക്കുന്ന ഏറ്റവും ചെറിയ വൈദികനാണു ഇന്നു മിഷൻ ബോർഡിന്റെ കീഴിലുള്ള ബാംഗ്ലൂരിലെ പ്രശസ്തമായ നാംസ് സ്നേഹസദൻ ചാപ്ലയിനായി അതുല്യ സേവനം അനുഷ്ഠിക്കുന്ന സാക്ഷാൽ എം. എം. ഏബ്രഹാം അച്ചൻ. കണ്ടാൽ ഏതാണ്ട് പത്താം ക്ലാസ്സു പാസ്സായ ഒരു സാദാ വൈദികൻ. ചെറിയ മരത്തിനുള്ളിൽ കാണാതെ സ്ഥിതി ചെയ്യുന്ന ബലിഷ്ഠമായ വലിയ കാതൽ പോലെ മൂന്ന് എം. എ. ഡിഗ്രികൾ തന്നിൽ ഒളിച്ചിരിക്കുന്നു എന്നു ആരും മനസ്സിലാക്കാതെ വരുന്നത് വിനയമുള്ള അച്ചന്റെ കുറ്റമല്ലല്ലോ.

ആയിരത്തിതൊള്ളായിരത്തി അമ്പതുകളിൽ ഒരു മലബാർ ഭദ്രാസന പര്യടനം നടത്താനും ഷൊർണൂർ മുതൽ നാടു കാണി വരെ, അന്തരിച്ച ഫാ. കെ. എം. സഖറിയായുമൊത്തു സഞ്ചരിച്ചു കൊച്ചുപള്ളികളുടെ ശരിയായ ചിത്രം മനസ്സിലാക്കാനും തുടർന്നു "മലങ്കരസഭ മലബാറിൽ" എന്ന പുസ്തകം രചിക്കാനും സാധിച്ച എനിക്ക് അക്കാലത്തെ ശോചനീയ സ്ഥിതിയും ഇന്നത്തെ അഭിമാനകരമായ വളർച്ചയും താരതമ്യപ്പെടുത്താനാവും. ആ പുസ്തകത്തിന്റെ അവതാരിക എഴുതിയ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പുതുപ്പാടി സെ. പോൾസ് ആശ്രമം ആരംഭിച്ചു മലബാറിനെ സഭയുടെ ആധുനിക മിഷൻ പ്രവർത്തനത്തിന്റെ ജന്മഗൃഹമാക്കി ഉയർത്തി മലബാറിന്റെ കീർത്തി വിശ്വമെങ്ങും വ്യാപിപ്പിച്ചു അര നൂറ്റാണ്ടിനിടയിൽ ഉണ്ടായ നേട്ടങ്ങൾ അവിസ്മരണീയം.

ഇന്നു മലബാറിലെ ബഹുഭൂരിപക്ഷം പള്ളികളും തിരു-കൊച്ചി പ്രദേശത്തെ പള്ളികളോടു കിടപിടിക്കത്തക്കവിധം പുതുക്കിപ്പണിതു ശക്തി ആർജ്ജിച്ചിട്ടുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിലമ്പുരിനടുത്തുള്ള മുതുകുളത്ത് 60 വർഷം മുമ്പ് ഞങ്ങളിൽ ചിലർ അടിത്തറ പണിതു നൽകിയ പള്ളിയും ഇന്ന് വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നതിൽ ആത്മ സന്തോഷമുണ്ട്. ആ പള്ളി പണിപൂർത്തിയാക്കി ഓടിട്ടു വി. കുർബാന അർപ്പിച്ച ശേഷം ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് എന്റെ പേർക്ക് വിവരത്തിന് 55 വർഷം മുമ്പ് ഒരു കാർഡിട്ടിരുന്നു. അതു വായിച്ചപ്പോൾ എനിക്കുണ്ടായ ആത്മഹർഷം എഴുതി അറിയിക്കാൻ കഴിയുന്നില്ല. മുളന്തുരുത്തി കർമ്മേൽ ദയറായിൽ താമസിച്ചുകൊണ്ടു മലബാർ ഭദ്രാസനത്തിൽ നടത്തിയ നടരാജ പര്യടനം കൊണ്ട് ഭദ്രാസനത്തിനു നല്ല അടിസ്ഥാനമിട്ട മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഭദ്രാസനത്തിൽ ആസ്ഥാനവും കാറും ഒന്നുമില്ലായിരുന്നല്ലോ. കാലം ചെയ്തതിനെ തുടർന്നു 50 വർഷം മുമ്പ് തോമസ് മാർ തീമോത്തിയോസ് തിരുമേനി (ഇന്നത്തെ വലിയ ബാവാ ദിദിമോസ് തിരുമേനി) ഭദ്രാസനത്തിന്റെ ഭരണം ഏറ്റെടുക്കുകയും പള്ളികളും പള്ളിക്കൂടങ്ങളും മറ്റും ആരംഭിച്ചു ഭദ്രാസനത്തെ നല്ല നിലയിൽ വളർത്തുകയും ചെയ്തു. അക്കാലത്താണു എം.എം. ഏബ്രഹാം അച്ചൻ കൂടുതൽ പുതിയ പള്ളികൾ സ്ഥാപിച്ചു ഭദ്രാസനത്തെ വളർത്തിക്കൊണ്ടിരുന്നത്. കോഴിക്കോട്ടെ മെത്രാസന അരമന നിർമ്മാണത്തിലും മറ്റും ഫാ. ഏബ്രഹാമും സഹപ്രവർത്തകനായ ഫാ. ആൻഡ്രൂസ് ഏബ്രഹാമും മറ്റും ചെയ്ത സേവനങ്ങൾ വിലമതിക്കാനാവില്ല. പത്തനാപുരം ദയറ, തൃശ്നാപ്പള്ളി വിദ്യാലയങ്ങൾ മുതലായവയുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടി വന്നതിനാൽ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പല ആഴ്ചകൾ മലബാറിൽ നിന്നു വിട്ടു നിന്നില്ലായിരുന്നു എങ്കിൽ മലബാർ ഭദ്രാസനം നേരത്തെ ഇരട്ടി നേട്ടങ്ങൾ കൈവരിക്കുമായിരുന്നു.

പ്രായമായപ്പോൾ ഭദ്രാസനാധിപനുമായുണ്ടായ ചില അഭിപ്രായ വ്യത്യാസങ്ങളെ മുൻ നിറുത്തി ഫാ. ഏബ്രഹാമിനു പള്ളിയും പെൻഷനും നിഷേധിക്കപ്പെട്ടു. തുടർന്ന് അദ്ദേഹം കല്ലടിക്കോട്ടുള്ള മാർത്തോമ്മാക്കാരനായ ഒരു സുഹൃത്തിന്റെ പണി തീരാത്ത വീട്ടിലാണ് കാവൽ മലാഖ കണക്കെ ഏതാനും വർഷം താമസിച്ചത്. അന്നു സുഹൃത്തും കുടുംബവും ഗൾഫിലായിരുന്നു. (തടാകത്തിലേക്കുള്ള മാർഗ്ഗ മദ്ധ്യേ മാസം തോറും ഒരു ദിവസം ഞാൻ അച്ചനോടൊപ്പം കല്ലടിക്കോട്ടു താമസിക്കുമായിരുന്നു) സുഹൃത്ത് ഏതാനും വർഷം കഴിഞ്ഞു തിരിച്ചു വന്നപ്പോഴാണു ഫാ. ഏബ്രഹാം ബാംഗ്ലൂരിലേക്കു പ്രവർത്തനരംഗം മാറ്റിയത്. തുടർന്ന് ബാംഗ്ലൂരിലും ദേവൻഗരയിലുമുള്ള പള്ളികളിൽ വിദ്യാർത്ഥി പ്രസ്ഥാനാംഗങ്ങൾക്കു വേണ്ടി ശുശ്രൂഷ ചെയ്തു വന്നു. ഇപ്പോഴും വായനയിലും പഠനത്തിലും ശ്രദ്ധിച്ചുകൊണ്ട് സ്നേഹസദനിലെ സ്നേഹസമ്പന്നരായ കുട്ടികളുടെ സ്നേഹനിധിയായ 'അപ്പച്ചനാ'യി കഴിഞ്ഞുവരുന്നു. പുസ്തകങ്ങൾ വായിക്കുന്നതിനു പുറമെ പുസ്തകങ്ങൾ വരുത്തി സ്നേഹിതർക്കു നൽകി അക്ഷരത്തിലൂടെയുള്ള സുവിശേഷ പ്രവർത്തനവും തുടരുന്നു. ധന്യമായ ക്രിസ്തീയ ജീവിതം. മൂന്നു വർഷം മുമ്പ് 2010 നവംബർ 20-നു പാലക്കാട്ടു ജില്ലയിലെ ഇരുപതിൽ പരം പള്ളികൾ ചേർന്നു കല്ലടിക്കോട്ടുവച്ച് ഫാ. എം. എം. ഏബ്രഹാമിന് ഒരു വൻ സ്വീകരണം നൽകി. അതിലെ മുഖ്യ പ്രസംഗകനായിരിക്കാനും തുടർന്നു ഏബ്രഹാം അച്ചന്റെ ഒരു ലഘു ജീവചരിത്രം രചിക്കാനും (നിസ്വാർത്ഥ സഭാ സേവനത്തിന്റെ നിർമ്മല പ്രതീകം) എനിക്കു സാധിച്ചു എന്നത് ജീവിതത്തിലെ ഒരവിസ്മരണീയ സംഭവമായി അവശേഷിക്കുകയാണ്. ■



ഗസ്റ്റ്



സുഗതകുമാരി

നമ്മുടെ അമ്മമാർ

(കേരള കൗൺസിൽ ഓഫ് ചർച്ചസ് തിരുവനന്തപുരം ശ്രീകാര്യത്ത് നടത്തിയ സ്ത്രീ സുരക്ഷ സെമിനാറിലെ മുഖ്യപ്രഭാഷണത്തിന്റെ പ്രസക്തഭാഗം.

തയ്യാറാക്കിയത്: **അഡ്വ. ജെയ്സി കരിങ്ങാട്ടിൽ**

സ്നേഹത്തെ ശക്തിയായി വളർത്തിയെടുക്കണം. ഈ സമൂഹത്തെ തേച്ചുകഴുകിയെടുക്കുവാൻ പെണ്ണുങ്ങൾക്കേ കഴിയൂ. അതിന് കൈകൾക്ക് കരുത്തുണ്ടാകട്ടെ

ഈശ്വരൻ നമുക്ക് നൽകിയിരിക്കുന്ന വെളിച്ചമാണ് സൂര്യപ്രകാശം. ഈശ്വരൻ മാത്രം ഇരിക്കുന്ന കെടാത്ത വെളിച്ചമാണ് "സൂര്യൻ". സൂര്യന്റെ വെളിച്ചത്തിൽ ചെയ്യാനുള്ളതൊക്കെ ചെയ്യാം. ഇരുട്ടു വരുമ്പോൾ വിളക്കു കൊളുത്താം.

മനസ്സു നിറയെ വേദനയുണ്ട്. അമർഷവും ഉണ്ട്. നിരാശ, ഭയാശങ്കകൾ, നമ്മൾ കൊള്ളരുതാത്ത വർഗ്ഗമായിത്തീർന്നിരിക്കുന്നു. നമ്മുടെ മനസ്സ് നമ്മിലേക്കുമാത്രം ചുരുങ്ങി വരുന്നു. മറ്റൊന്നിലും ശ്രദ്ധയില്ല.

സ്ത്രീ കുടുംബത്തിന്റെ മാത്രം വെളിച്ചമല്ല. നമ്മുടെ ചുറ്റുപാടിലും വെളിച്ചം നൽകാനുള്ള ബാധ്യതയുണ്ട്. കാരുണ്യത്തിന്റെ പ്രതീകങ്ങളായ നമ്മുടെ ചുറ്റുപാടിനെ നാം നോക്കുന്നില്ല. നമ്മിൽ തന്നെ ഒതുങ്ങുന്നു. അധിക സമയവും ടി. വി. യുടെ മുമ്പിൽ. പ്രാർത്ഥനപോലും ചടങ്ങായി മാറിയിരിക്കുന്നു. യാന്ത്രികമായി നാം ഉരുവിടുന്നു. പ്രാർത്ഥിക്കുന്നു എല്ലാം ചടങ്ങിനു മാത്രം.

പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ഉള്ളു പൊള്ളുന്നുണ്ടോ? കണ്ണിൽ കണ്ണുനീർ നിറയുന്നുണ്ടോ? മനസ്സിനെ ഏകാഗ്രമാക്കുവാൻ കഴിയുന്നുണ്ടോ? മനോഹരമായി ഉറക്കെ പ്രാർത്ഥന ചൊല്ലും. പക്ഷേ സഹോദരങ്ങളെ കാണുവാൻ കഴിയുന്നുണ്ടോ?

നമ്മുടെ എല്ലാം കണ്ണുനീരിന്റെ ഉപ്പു ഒന്നുതന്നെയാണ്. നമ്മുടെ സുഖം, സന്തോഷം, ദുഃഖം എല്ലാം ഒന്നാണ്. രക്തം ഒന്നാണ്. വിശ്വാസം ഒന്ന്. വിശ്വസിക്കുന്ന രീതിയ്ക്ക് മാത്രം വ്യത്യാസം. ജനനവും മരണവും സുഖ, ദുഃഖങ്ങളും ഒരു പോലെ. എല്ലാം ഒന്നു തന്നെ. എന്നാൽ നമ്മുടെ ഇടയിൽ മതിൽക്കെട്ടുകൾ, വർഗ്ഗീയതയുടെ മതിൽ കെട്ടുകൾ. ഇന്ത്യ എന്ന മഹാരാജ്യം, ആ അമ്മയുടെ മക്കൾ, ഈശ്വരന്റെ മക്കൾ ആരും അധമരല്ല. എല്ലാവരും വെളിച്ചത്തിന്റെ മക്കളാണ്. തിരിച്ചറിയുവാൻ കഴിയാത്തത് നമ്മുടെ അജ്ഞത കൊണ്ടാണ്. നമ്മുടെ ഉള്ളിലെ അജ്ഞതയുടെ അഴുക്ക് മാറുമ്പോൾ വെളിച്ചം ഒരു പൊലെ.

ഞാൻ അഞ്ചുവർഷം വനിതാകമ്മീഷൻ അധ്യക്ഷയായി ഇരിന്നിട്ടുണ്ട്. പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി അട്ടപ്പാടിയിൽ പ്രവർത്തിച്ചിട്ടുണ്ട്. മാനസിക രോഗികൾക്കുവേണ്ടി, ഗതിയില്ലാത്ത മക്കൾക്കുവേണ്ടി, അനേകം പെൺകുട്ടികൾക്ക് നീതിക്കുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരുന്നു. അവരുടെ ജാതിയോ മതമോ അന്വേഷിക്കാറില്ല. അവരുടെ കണ്ണുനീർ തുടച്ച് എന്റെ സാരി കുതിർന്നിട്ടുണ്ട്. പീഡനം അനുഭവിക്കുന്ന ധാരാളം പെൺകുട്ടികൾ. ഗാർഹിക പീഡനത്തിൽ കൂടുതലും പുരുഷന്റെ മദ്യപാനത്തിൽ നിന്നും ഉണ്ടാകുന്നവയാണ്. ഇവിടെ സ്ത്രീക്ക് സംരക്ഷണം കിട്ടുന്നുണ്ടോ? സ്ത്രീ സുരക്ഷിതയാണോ? ആർക്ക് നീതി ലഭിക്കുന്നു? ശരീരം ചീത്തയായാൽ ആത്മാവ് കളങ്കിത

മാകുമോ? ബലാൽക്കാരമായി ഉപദ്രവിക്കപ്പെട്ടാൽ ശരീരം മലിന മാകുന്നില്ല. ഈശ്വരന്റെ മുമ്പിൽ അവൾ പരിശുദ്ധയാണ്. എവിടെ യാണ് അവൾക്ക് രക്ഷ. പീഡകൻ വീട്ടിനുള്ളിലാണെങ്കിൽ പെണ്ണു ങ്ങൾക്ക് എവിടെ രക്ഷ? സമൂഹത്തിൽ നടക്കുന്ന അപ്രിയസത്യ ങ്ങൾ നാം അറിഞ്ഞിരിക്കണം. അറിഞ്ഞില്ലെങ്കിൽ ആപത്താണ്. സ്വന്തം അച്ഛൻ പീഡിപ്പിച്ച പെൺകുട്ടികൾ, സ്വന്തം ഗുരുക്കന്മാർ പീഡിപ്പിച്ച വിദ്യാർത്ഥിനികൾ.....

മാന്യതയും സ്വീകാര്യതയും മദ്യപാനത്തിന് വർദ്ധിച്ചിരിക്കുന്നു. ബിവറേജ് കോർപ്പറേഷന്റെ മുമ്പിൽ ക്യൂ നിൽക്കുവാൻ ഒരു നാണ ക്കേടും ഇല്ല. മദ്യത്തിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു....

മടുത്തിരിക്കുന്നു. ഇനി വയ്യാ.....

എല്ലാവരിലും ഇരുട്ടാണ്.

സ്ത്രീധനം അനുവദിച്ചിട്ടില്ലാത്തതും, 'മദ്യം ഹറാം' എന്നു പറ ഞ്ഞിരിക്കുന്നതുമായ രണ്ട് കല്പനകൾ. വി. ഖുറാനിലുണ്ട്. ആരും വായിക്കുന്നില്ല. മദ്യം സർവ്വാധിപത്യം പുലർത്തുന്ന ഈ കാലഘട്ട ത്തിൽ നമ്മൾ എന്തു ചെയ്യും. എല്ലാ വീട്ടിലും ഇതിന്റെ കണ്ണുനീർ വീണിരിക്കുന്നു. ഇവയ്ക്കെതിരെ അതി ശക്തമായി സ്ത്രീകൾ ഉണ രണം. നമ്മൾ സീരിയലുകൾ കണ്ട് മാത്രമിരിക്കുകയാണ്. നമ്മുടെ കുട്ടികൾ 'കുടിച്ചു' തുടങ്ങിയിരിക്കുന്നു. ഇനിയെങ്കിലും ഉണരണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് എന്തു സംഭവിക്കുന്നു?

നമ്മൾ അമ്മമാർ എന്തു ചെയ്യുകയാണ്?

സമർപ്പണം ഏറ്റവും അധികം വേണം. ഒപ്പം ചുമതലകൾ നാം ചെയ്യണം. നമ്മുടെ കടമകൾ നാം ചെയ്യുന്നുണ്ടോ? വഴിതെ റ്റിപ്പോകുന്ന പെൺകുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. പരിഷ്ക്കാരം കൂടുതൽ ഉള്ളവരിലും തീരെ ദരിദ്രരുടെ ഇടയിലും ഇത് വളരെ കൂടുതലാണ്. മിഡിൽ ക്ലാസ് ഇത്തിരി ഭേദമാണ്. മൊബൈൽ പ്രേമം, ഇറങ്ങിപ്പോകുന്ന കുട്ടികൾ, അച്ഛനമ്മമാരുടെ നിലവിളി കൾ ഇങ്ങനെ കേസുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ അഹങ്കാരങ്ങളിൽ നിന്ന്, ഭ്രാന്തിൽ നിന്ന് എന്നാണ് മോചനം ലഭിക്കുക? സിനിമാ സീരിയലുകളുടെ മായാ ലോകത്തിൽ ഭ്രമിച്ച് ഇറങ്ങിപ്പോകുന്ന കുട്ടികൾ? ഇതൊക്കെ എന്തുകൊണ്ട്? ആരാണ് ഇവരെ വഴിപിഴപ്പിക്കുന്നത്? നമ്മുടെ കുഞ്ഞുങ്ങളുടെ നന്മ കാണുവാൻ അവരെ നേരെ നയിക്കുവാൻ നമ്മുടെ അമ്മ മാർക്ക് കഴിയുന്നുണ്ടോ? നമ്മുടെ മാതൃക ടി. വി. പരസ്യങ്ങളാ ണ്. ശരിയായ രീതിയിലുള്ള വസ്ത്രധാരണത്തിനുപോലും മാതാ പിതാക്കൾ ശ്രദ്ധിക്കുന്നില്ല എന്നു തോന്നുന്നു. നമ്മൾ ആരാണ്? നമ്മുടെ സംസ്കാരം എന്താണ്? നമ്മുടെ ശരീരം പവിത്രമായി കാണണം. ശരീരം എന്തും കാണിക്കുവാനുള്ള കളിപ്പാട്ടമല്ല. നമ്മൾ അമ്മമാർ ഇവ കുട്ടികൾക്ക് പകർന്നു നൽകണം. ഇന്നത്തെ തല മുറയോട് എന്തെങ്കിലും ചോദിച്ചാൽ മറുപടി 'Mind Your business' അല്ലെങ്കിൽ 'I don't care' എന്നാണ്. സമയം വൈകിയി രിക്കുന്നു. അമ്മമാർ മാതൃകയാവണം. നല്ല ശീലങ്ങൾ കുട്ടികൾക്ക് പകർന്നു നൽകണം.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്, മദ്യ ത്തിന് എതിരെ, മാനഭംഗങ്ങൾക്കെതിരെ, ഗാർഹിക പീഡന ങ്ങൾക്കെതിരെ ശബ്ദമുയർത്തുവാൻ, പ്രവർത്തിക്കുവാൻ സ്ത്രീ കൂട്ടായ്മകൾ വളർന്നു വരണം. സ്ത്രീയുടെ ശക്തി സ്നേഹമാണ്. ഒപ്പം സ്നേഹം സ്ത്രീയുടെ ദൗർബല്യവുമാണ്. സ്നേഹത്തെ ശക്തിയായി വളർത്തിയെടുക്കണം. ഈ സമൂഹത്തെ തേച്ചുകഴു കിയെടുക്കുവാൻ പെണ്ണുങ്ങൾക്കേ കഴിയൂ. അതിന് കൈകൾക്ക് കരുത്തുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈശ്വര ഭക്തി, ബുദ്ധി ശക്തി, ധൈര്യം അതാണ് സ്ത്രീക്ക് അഭിമാനം. അത് അമ്മമാർ പെൺമക്കൾക്ക് പകർന്നു നൽകണം. കോടതികൾക്ക് തെളിവുണ്ടെങ്കിൽ മാത്രമേ ശിക്ഷിക്കുവാൻ കഴി യൂ. തെളിവില്ല എന്ന കാരണത്താൽ കുറ്റവാളികൾ രക്ഷപ്പെടുന്നു. ഒന്നോർത്താൽ നന്ന്! മുകളിൽ ഒരു കോടതിയുണ്ട്.

(ജൂൺ 15, 2013)

അനുസ്മരണം



മലങ്കര ഓർത്തഡോക്സ് സഭയുടെ നില നിൽപ്പിന്റെ നിർണ്ണായക ഘട്ടങ്ങളിൽ അടിപത റാതെ പ. വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം നിന്നു കൊണ്ട് കാതോലിക്കേറ്റിനേയും അതിന്റെ സ്വത്തു ക്കളേയും സ്വന്തം ജീവനേക്കാൾ ഉപരി കാത്തു സൂക്ഷിച്ച് സഭയെ സ്നേഹിച്ച മഹാനും ധീരനും അനേകം വൈദികരെ അഭ്യസിപ്പിച്ച ഗുരുവും പണ്ഡിതനും ആചാര്യനുമായ മലങ്കര മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാര് സഭയെ വിട്ടുപിരിഞ്ഞിട്ട് 2013 ആഗസ്റ്റ് 29-ന് 75 വർഷങ്ങൾ തികയുന്നു.

1876 മുഥുനമാസം 16-ാം തീയതി ആരംഭിച്ച മുളന്തുരുത്തി സുന്നഹദോസിൽ പങ്കെടുത്ത നിര ണത്തിന്റെ പ്രതിനിധികളുടെ നായകൻ മട്ടയ്ക്കൽ ബഹനാൻ കത്തനാരുടെ ഇളയമകനായി 1865 ഒക്ടോബർ 10-ന് അലക്സന്ത്രയോസ് ഭൂജാതനാ യി. പരുമലതിരുമേനിയുടെ പരുമലയിലെ പഠി ത്വവീട്ടിൽ (സെമിനാരി) തിരുമേനിയുടെ ആരംഭ കാല വിദ്യാർത്ഥികളിലൊരുവനായി തന്റെ വൈദിക വിദ്യാഭ്യാസത്തിന് ആരംഭംകുറിച്ചു. കശ്ശീശാ പട്ടവും തിരുമേനിയിൽ നിന്ന് അലക്സ ന്ത്രിയോസ് ശെമ്മാശൻ സ്വീകരിച്ചു. പഴയ സെമി നാരിയിൽ ശെമ്മാശന്മാരെ പഠിപ്പിക്കുവാൻ സുറി യാനിയിൽ അഗാധ പാണ്ഡിത്യം നേടിയ അദ്ദേഹം കോട്ടയത്തേക്ക് തന്റെ താമസം മാറ്റുകയും ചെയ്തു.

മീനച്ചിലാറിന്റെ തീരത്ത് ഗോവിന്ദപുരം കര യിൽ തിരുവിതാംകൂർ മഹാരാജാവ് കൊടുത്ത 16 ഏക്കർ സ്ഥലത്ത് സെമിനാരിയുടെ പണി കൊ. വ. 1814 ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ആരം ഭിച്ചു. കൊ.വ 1815 ൽ പണി പൂർത്തിയാക്കി കൂദാശ ചെയ്ത് പഠനം തുടങ്ങി. റമ്പാച്ചൻ മാർ ദിവന്നാ സ്യോസ് എന്ന പേരിൽ മെത്രാനായി. 1816-ൽ അദ്ദേഹം കാലം ചെയ്തു. സെമ്മിനാരി തിരുവി താംകൂറിലെ ആദ്യകാല ഇംഗ്ലീഷ് പഠനകേന്ദ്രം കൂടിയായിരുന്നു. ബഞ്ചമിൻ ബയിലി സായ്പ് ഇംഗ്ലീഷ് അദ്ധ്യാപകനായി സെമ്മിനാരിയിൽ എത്തി അവിടെ താമസം തുടങ്ങുകയും ചെയ്തു. സെമ്മിനാരിയുടെ ആദ്യത്തെ മാനേജർ മട്ടയ്ക്കൽ

മലങ്കര മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരുടെ (മട്ടയ്ക്കലച്ചൻ) 75-ാം ചരമ വാർഷികം 2013 ആഗസ്റ്റ് 29 (1865-1938)

മല്പാനായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി വാളക്കുഴി യൗസേപ്പ് കത്തനാരായിരുന്നു. ഇദ്ദേഹം ജോസഫ് മാർ സേവേറിയോസ് എന്ന പേരിൽ മെത്രാനായി. പിന്നീട് മലങ്കര റീത്ത് സഭയിൽ ചേർന്നു.

സുറിയാനിയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മല്പാനച്ചന് സുറിയാനിയിലുണ്ടായിരുന്ന പല ആചാരക്രമങ്ങളും ഗീതങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാൻ നിർബന്ധിതനായി. വി. കുർബ്ബാന തക്സാ ഇവയിലെ വളരെ വിലപ്പെട്ട ഒന്നാണ്. 1940-ൽ തന്റെ സഹോദര പുത്രൻ ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ ശ്രേഷ്ഠാനുമതിയോടുകൂടി ഈ തക്സാ പ്രസിദ്ധീകരിച്ചു. പെരുനാളുകളിലും വിശേഷാവസരങ്ങളിലും ഉപയോഗിക്കുന്ന പ്രുമിയോനുകൾ മനുഷ്യഹൃദയങ്ങളിൽ ഭക്തിയും ആസ്വാദനവും ഉണ്ടാക്കുന്ന രീതിയിൽ തർജ്ജിമ ചെയ്തിട്ടുണ്ട്. കഷ്ടാനുഭവ ആഴ്ചയിലും ഓർമ്മപ്പെരുന്നാളുകളിലും ഉപയോഗിക്കുന്ന ഗീതങ്ങൾ വളരെ ഇമ്പമേറിയ ലയത്തിൽ ലളിതഭാഷയിലാണ് ഭാഷാന്തരം ചെയ്തിട്ടുള്ളത്.

ഒരിക്കൽ പാത്രിയർക്കീസ് പക്ഷക്കാരനായ അക്കരപാപ്പിയുടെ നേതൃത്വത്തിൽ ഏതാനും തണ്ടാന്മാരും കുറെ ആൾക്കാരും ചേർന്ന് പഴയ സെമിനാരിവക സ്ഥലത്ത് കയ്യേറ്റം നടത്തി തേങ്ങായിടുന്നതിന് ഒരുമ്പെട്ടു. ആലുകൾ കൂട്ടംകൂടി നിൽക്കുന്നതു കണ്ട് മട്ടയ്ക്കലെ മല്പാനച്ചൻ അവിടേക്കു ചെന്ന് അവരോട് അവിടുന്നിറങ്ങി വെളിയിൽ പോകാൻ ആജ്ഞാപിച്ചു. അപ്പോൾ 'കയറി തേങ്ങാ ഇടീനെടാ' എന്ന് ആരോ വിളിച്ചു പറഞ്ഞു. ഉടൻ മല്പാനച്ചൻ തെങ്ങിന്മേൽ കെട്ടിപ്പിടിച്ച് തടസ്സം സൃഷ്ടിച്ചു. 'വെട്ടടാ ആ കത്തനാരെ' എന്ന് വീണ്ടും ആരോ വിളിച്ചു പറഞ്ഞു. ഉടൻ മല്പാനച്ചൻ തന്റെ നീണ്ട താടിമീശ മേൽപ്പോട്ടുപൊക്കി "വെട്ടടാ എന്നെ" എന്ന് ഉച്ചത്തിൽ വിളിച്ചു പറയുകയുണ്ടായി. വട്ടശ്ശേരിൽ തിരുമേനി ഈ രംഗം സെമിനാരിയുടെ തെക്കുവശത്തെ തട്ടിന്മേൽ നിന്നുകൊണ്ട് വീക്ഷിക്കുന്നുണ്ടായിരുന്നു. സങ്കടവും ദേഷ്യവും നിറഞ്ഞ തിരുമേനി തന്റെ കൈവശമുണ്ടായിരുന്ന ചൂരൽവടികൊണ്ട് തട്ടിന്മേൽ അടിച്ച് ശബ്ദമുണ്ടാക്കി. ഉടൻതന്നെ അക്കരപ്പാപ്പിയും കൂട്ടരും അവിടം വിട്ടുപോവുകയും ചെയ്തു.

മല്പാനച്ചന്റെ ധൈര്യം മൂലം സ്വത്തുക്കൾ നഷ്ടപ്പെടാതെ സഭയ്ക്ക് മുതൽക്കൂട്ടായി ഇന്നും നിലനിൽക്കുന്നു.

പ്രായാധിക്യംമൂലം സെമിനാരിയിൽ നിന്നും വിരമിച്ച് നിരണത്ത് തന്റെ ഭവനത്തിൽ വിശ്രമജീവിതം നയിച്ച് അദ്ദേഹം 1938 ആഗസ്റ്റ് 29-ന് കർത്താവിൽ നിദ്രപ്രാപിച്ചു. തന്റെ പ്രിയ ശിഷ്യൻ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ പ്രധാന കാർമികത്വത്തിൽ സഭയിലെ മറ്റു മെത്രാപ്പോലീത്തന്മാരുടെയും അനേകം പട്ടക്കാരുടെയും സഹകരണത്തിൽ നിരണം വലിയ പള്ളിയുടെ സെമിത്തേരിയിൽ മൃതദേഹം കബറടക്കുകയും ചെയ്തു.

- ബെഞ്ചമിൻ നൈനാൻ, മട്ടയ്ക്കൽ നിരണം.

(മലങ്കരസഭാചരിത്രം മല്പാനച്ചന്റെ ഡയറിക്കുറിപ്പുകൾ പൂർവ്വപിതാക്കന്മാർ കൈമാറിയ വായ്മൊഴികൾ തുടങ്ങിയവയോട് കടപ്പാട്)



ശൂനോയോ

ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന് സുറിയാനിയിൽ ഉപയോഗിക്കുന്ന പദമാണിത്. 'ശ്നോ' എന്ന ക്രിയാധാതുവിൽ ഉരുവായ ഈ പദത്തിന് മാറ്റം, മാറ്റപ്പെടുക, നീക്കപ്പെടുക, ദേശാടനം ചെയ്യുക, കടന്നുപോകുക എന്നൊക്കെയാണർത്ഥം. തിരുശേഷിപ്പുകൾ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് നീക്കുന്നതിനും ശൂനോയോ എന്ന പദമാണ് ഉപയോഗിക്കുന്നത്. വിശുദ്ധ ദൈവമാതാവിന്റെ ശവസംസ്കാരത്തിനുശേഷം അമ്മയുടെ പരിശുദ്ധ ശരീരം മാലാഖമാർ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി എന്നുള്ളതാണ് നമ്മുടെ വിശുദ്ധ പാരമ്പര്യം. ഗ്രീക്കിൽ KOIMESIS എന്നാണ് ഈ പെരുന്നാളിനെ വിളിക്കുന്നത്. ഈ വാക്കും വിരൽ ചൂണ്ടുന്നത് 'മരണം' എന്ന അർത്ഥത്തിലേക്കാണ്. വി. കന്യകമറിയാമിന്റെ നാമത്തിലുള്ള പെരുന്നാളുകളിൽ ഏറ്റവും പുരാതനമായ പെരുന്നാളാണ് ശൂനോയോ പെരുന്നാൾ. പെരുന്നാളിനു മുന്നോടിയായുള്ള നോമ്പിനും ശൂനോയോ നോമ്പെന്നാണ് പറയുന്നത്.

ഫാ. മാത്യു വർഗീസ്, അടൂർ

നാഗ്പൂർ സെമിനാരി അഡ്മിഷൻ


നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ബിരുദധാരികൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ താഴെപറയുന്ന അഡ്രസ്സിൽ ഓഫീസിൽ നിന്ന് നേരിട്ടോ വെബ് സൈറ്റിൽ നിന്നോ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ആഗസ്റ്റ് 30 ന് മുമ്പ് ലഭിക്കണം.

The Principal
St. Thomas Orthodox Theological Seminary
Kalmeshwar P. O. , Nagpur-441 501.
Maharashtra
email: stotspro @gmail. com
Web: www. stots. org.
Ph: 0965787464, Office: 0860 586 9697.

പഠനം

തോമസ് കുളത്തിൻ കരോട്ട്, മുട്ടം

വിശുദ്ധബൈബിളിലെ മേരിമാരുടെ ബഹുത്വവും മഹത്ത്വവും



പുരുഷന്മാരെ അപേക്ഷിച്ച് വിശുദ്ധവേദ പുസ്തകത്തിൽ ചുരുക്കം സ്ത്രീകളെപ്പറ്റി മാത്രമെ പരാമർശിച്ചിട്ടുള്ളു. ഇവരിൽ കൂടുതലും മേരി എന്നോ മേരിയുടെ അപരനാമധേയങ്ങളിലോ ആണ് അറിയപ്പെട്ടിരുന്നത്. ഉദാഹരണത്തിന് മാതാവ് മേരിയെ ഹീബ്രൂ ഭാഷയിലെ പഴയനിയമപുസ്തകത്തിൽ 'മിറിയം' എന്നും അരാമിക്ക് ഭാഷയിൽ 'മറിയം' എന്നും ഗ്രീക്കു ഭാഷയിലെ പുതിയനിയമത്തിൽ 'മറിയ' എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഴയനിയമത്തിൽ പുറപ്പാട്പുസ്തകം 15-ൽ 21-22 വാക്യങ്ങളിലാണ് ആദ്യമായി ഒരു മേരി പ്രത്യക്ഷപ്പെടുന്നത്. അതുമോശയുടേയും അഹരോന്റേയും സഹോദരി മിര്യാം എന്ന പേരിൽ ഈ മിര്യാം ഒരു പ്രവാചിക ആയിരുന്നെങ്കിലും പിന്നീട് മോശയെ വിമർശിച്ചതിന് യഹോവയാൽ ശിക്ഷിക്കപ്പെട്ടു. അവർ ഹിമംപോലെ വെളുത്തു കുഷ്ഠരോഗിണിയായി തീർന്നെന്നാണ് വേദപുസ്തകം വെളിവാക്കുന്നത്.

പഴയനിയമത്തിൽ ഒരു രണ്ടാംമേരിയെ നാം കാണുന്നത് 1 ദിനവൃത്താന്തം 4-ൽ 17-ാം വാക്യത്തിലാണ്. ഇവിടെയും മേരിയുടെ മറുപേരായ മിർയ്യാം എന്ന നാമധേയത്തിൽ ഒരാളെ പ്രസവിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പിന്നീട് മേരി എന്ന പേര് ഒരിടത്തും പഴയനിയമത്തിലുള്ളതായി കാണുന്നില്ല.

പുതിയ നിയമത്തിലേക്ക് പ്രവേശിക്കുമ്പോൾ പല മേരിമാരെ നമുക്ക് കാണാം. ഇവരിൽ മുഖ്യസ്ഥാനം നൽകിയിരിക്കുന്നത് മാതാവായ മേരിക്കാണ്. ഗബ്രിയേൽ മാലാഖയോട് പ്രതികരിച്ച വിധവും സ്നാപകയോഹന്നാന്റെ അമ്മ എലിസബേത്തിനെ അഭിവാദ്യം ചെയ്ത രീതിയും മറ്റും പരിശോധിക്കുമ്പോൾ അമ്മ മേരി എത്ര മാത്രം ദൈവഭയത്തിലും ദൈവാശ്രയത്തിലും ആദിമുതൽ മുഴുകിയിരുന്ന ഒരാളായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. കൂടാതെ യേശുവിന്റെ ശൈശവ, ബാല്യ കാലങ്ങളിൽ അമ്മ വഹിച്ചപങ്കും സ്തുത്യർഹമാണ്. ഇതിനെല്ലാമുപരി യേശുവിന്റെ പരസ്യശുശ്രുഷകാലത്തും, ക്രൂശുമരണസമയത്തും ഉയർത്തെഴുന്നേല്പിനുശേഷവും പോഷകമായ നിലയിൽ പ്രവർത്തിച്ചതായി വിശുദ്ധവേദപുസ്തകം വെളിവാക്കുന്നു.

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷാകാലത്ത് ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടും രോഗികളെ സൗഖ്യമാക്കികൊണ്ടും പട്ടണം തോറും സഞ്ചരിച്ച വേളയിൽ പലപ്പോഴും തന്റെ ശിഷ്യന്മാരെ കൂടാതെ പല സ്ത്രീകളും അനുഗമിച്ചിരുന്നു. (ലൂക്ക് 8:13) ഇവരിൽ എല്ലാവിധത്തിലും പ്രധാനി മഗ്ദലക്കാരിമറിയ അഥവാ മേരിമഗ്ദലീനായിരുന്നു. ഈ സ്ത്രീ ഒരുപുറ ജാതിക്കാരിയും രോഗിയും എഴുബാധയ്ക്ക് അടിമപ്പെട്ടിട്ടുള്ളവളുമായിരുന്നു. തന്നിമിത്തം തന്റെ ജാതിക്കാർപോലും അവളെ നിന്ദിച്ചിരുന്നു. യേശുനാഥൻ ബാധകളിൽ നിന്നെല്ലാം ഈ സ്ത്രീയെ രക്ഷിച്ചു. ശാരീരികമായും മാനസീകമായും ഉയർത്തി ശക്തികരിച്ചു. അതിനാൽ അവർ യേശുവിന്റെ ശുശ്രൂഷയിൽ മറ്റു സ്ത്രീകളേക്കാൾ മുൻപന്തിയിൽ നിന്നതായി തിരുവചനം വെളിവാക്കുന്നു.

വളരെ തന്റേടവും ധൈര്യവുമുള്ള ഒരു സ്ത്രീ ആയിട്ടാണ് മഗ്ദലക്കാരി മറിയയെ വേദപണ്ഡിതന്മാർ ചിത്രീകരിച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ ക്രൂശ്മരണത്തിന് ദൃക്സാക്ഷികളായ മൂന്നു സ്ത്രീകളിൽ ഈ മറിയയും ഉണ്ടായിരുന്നു. സംസ്കാരം കഴിഞ്ഞ് മൂന്നാം നാൾ അടക്കാനാവാത്ത ആകാംക്ഷയുണ്ടായിരുന്നതിനാൽ മറ്റുള്ളവരേക്കാളെല്ലാം മുന്നിലോടി കല്ലറയ്ക്കൽ എത്തി. ദൈവദൂതന്മാരെ കാണാനും അവരോട് സംസാരിക്കാനുമുള്ള ഭാഗ്യവും ഇവൾക്കുലഭിച്ചു. ഇതിനെല്ലാമുപരി ഉയർത്തെഴുന്നേല്പിനു ശേഷവും യേശുനാഥൻ ആദ്യമായി പ്രത്യക്ഷപ്പെട്ടതും മഗ്ദലക്കാരി മറിയക്കായിരുന്നു. ഈ സംഭവിച്ചകാര്യങ്ങളെല്ലാം വേഗത്തിൽ ചെന്ന് ശിഷ്യന്മാരെ അറിയിക്കുകയും അവരോടുകൂടി വീണ്ടും ഈ മേരി കല്ലറയ്ക്കൽ എത്തിയതായും തിരുവചനം വെളിവാക്കുന്നു.

മറ്റുള്ള മേരികളിൽ നിന്നും വിഭിന്നമായി എന്തിനാണ് ഇവരെ മഗ്ദല

നമറിയം എന്ന് സംബോധന ചെയ്തിരിക്കുന്നു? ഗലീലനാട്ടിലെ ഒരു ചെറിയ പട്ടണമായിരുന്നു മഗ്ദലാ. ഈ നാട്ടിൽ ജനിച്ചു വളർന്നവളായതിനാലായിരിക്കും തിരിച്ചറിയുന്നതിനുവേണ്ടി മേരി മഗ്ദലീൻ എന്നു രേഖപ്പെടുത്തിയിട്ടുള്ളത്.

ലൂക്കോസിന്റെ 7-ന്റെ 36-50 വാക്യങ്ങളിൽ യേശുക്രിസ്തു ഒരു പരീശന്റെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ പാപിയായ ഒരു സ്ത്രീ യേശുവിന്റെ പാദം കണ്ണുനീരുകൊണ്ട് നനച്ചു, തലമുടികൊണ്ട് തുടച്ചു ഒരു വെൺകൽ ഭരണി പരിമളതൈലം കൊണ്ട് പൂശിയതായി പ്രസ്താവിക്കുന്നു. ഈ സ്ത്രീ മേരിമഗ്ദലീൻ തന്നെ ആണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ കർമ്മം നടത്തിയത് മാർത്തയുടേയും ലാസറിന്റേയും സഹോദരി മേരിയാണെന്ന് യോഹന്നാൻ 12-ന്റെ 1-4 വാക്യങ്ങളിൽ പറയുന്നു. മർക്കോസിന്റെ സുവിശേഷത്തിൽ ബേഥന്യായിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ പന്തിയിലിരിക്കുമ്പോൾ ഒരു സ്ത്രീ വിലയേറിയ സ്വച്ഛജടമാംസി തൈലം ഒരു വെൺകൽ ഭരണിനിറയെ യേശുവിന്റെ തലയിലൊഴിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (മർക്കോസ് 14:3). അങ്ങനെ ഈ കർമ്മം നടത്തിയ വിവരം വിഭിന്ന രീതിയിലാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് വിചിന്തനം ചെയ്തിട്ടുള്ള മതപണ്ഡിതന്മാർ, മേരി മഗ്ദലീൻ തന്നെയാണ് ഈ കർമ്മം നിർവഹിച്ചത് എന്ന് തറപ്പിച്ച് പ്രസ്താവിച്ചിട്ടുണ്ട്.

വേദപുസ്തകത്തിൽ അടുത്തതായി പ്രാധാന്യം അർഹിച്ചിട്ടുള്ളത് മാർത്തയുടേയും ലാസറിന്റേയും സഹോദരി മേരിയാണ്. യേശുദേവന്റെ തിരുവചനം കേൾക്കാൻ വളരെ വാഞ്ഛിച്ചിരുന്ന ഒരാളായിട്ടാണ് ഈ മേരിയെ കാണിക്കുന്നത്. തന്നിമിത്തം യേശുക്രിസ്തു ഈ മേരിയെയും കുടുംബത്തേയും കൂടുതലായി സ്നേഹിച്ചിരുന്നു. (യോഹ. 11:5) എന്നും തിരുവചനത്തിൽ പറയുന്നു. മറ്റെല്ലാ സന്ദർഭങ്ങളിലും, വിസ്താരവേളയിൽപ്പോലും, അചഞ്ചലനായി നിലകൊണ്ട യേശു ഒരു സമയത്തിൽ മാത്രമെ ഉള്ളം നൊന്തു കണ്ണുനീർ വാർത്തതായി തിരുവചനത്തിൽ പറയുന്നുള്ളൂ. അത് ലാസറിന്റെ കല്ലറ മേരി കാണിച്ചുകൊടുത്തവേളയിൽ മാത്രമായിരുന്നു.

യാക്കോബിന്റേയും യോഹന്നാന്റേയും അമ്മ മറിയയെ ആണ് വേദപുസ്തകത്തിൽ പ്രാധാന്യത്തോടെ കാണിച്ചിട്ടുള്ള മറ്റൊരു മേരി (ലൂക്ക് 24:10). ക്രൂശുമരണവേളയിലും ഉയർത്തെഴുന്നേല്പിനും ഈ മേരി സന്നിഹിതയായിരുന്നു. എന്നാൽ മാതാവ് മേരിയുടെ സഹോദരി ആയിട്ടാണ് തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. ഒരു വീട്ടിൽ എങ്ങനെ രണ്ടുപേർക്ക് മേരി എന്ന പേര് നൽകി എന്ന ചിന്താക്കുഴപ്പം നിലനിൽക്കുന്നു. അതിനുള്ള ന്യായം വേദപണ്ഡിതന്മാർ പറയുന്നത് ഹീബ്രു ഭാഷയിൽ മേരി എന്ന പേര് പല അക്ഷരങ്ങളിലും ഉച്ചാരണത്തിലും ധ്വനിപ്പിക്കാം. അതിനാൽ ഒരു വീട്ടിലെ ഒരേ മാതാപിതാക്കന്മാർക്കുണ്ടായ മക്കളാണെങ്കിൽ പോലും ഈ പേര് തന്നെ പല അക്ഷരങ്ങളാലും സ്വരത്താലും ഉച്ചാരണം ചെയ്യാം. അങ്ങനെ ഒരു വീട്ടിൽ രണ്ടു മേരിമാർ ഉണ്ടെന്ന് നമുക്ക് തോന്നാം. വേറൊരു ന്യായം പറയുന്നത് ഒരു പക്ഷെ അമ്മ മേരിയും മറ്റെ മേരിയും ഒരു വീട്ടിലെ പിതാവിന്റെ രണ്ടു ഭാര്യമാരിൽ ഉണ്ടായ മക്കളായിരിക്കാം. വേറെ ചില പണ്ഡിതന്മാരുടെ വ്യാഖ്യാനം യാക്കോബ് - യോഹന്നാന്റെ അമ്മ മേരി അവരുടെ അമ്മയുടെ പൂർവ്വവിവാഹത്തിലുണ്ടായിരുന്ന മക്കൾ ആയിരുന്നിരിക്കാം എന്നുമാണ്.

വേദപുസ്തകത്തിൽ പരാമർശം വന്നിട്ടുള്ള മറ്റൊരു മേരി യേശുവിന്റെ ക്രൂശുമരണത്തിന് ദൃക്സാക്ഷിയായി കാണിക്കുന്ന ക്ലെയോപ്പാവിന്റെ ഭാര്യ മേരിയാണ്. ഈ മേരി അമ്മ മേരിയുടെ സഹോദരിയാണെന്ന വിശദീകരണം പുറകെ നല്കുന്നതിനാൽ ഇവർ യാക്കോബ് - യോഹന്നാന്റെ അമ്മ മേരി തന്നെ. അവരുടെ ഭർത്താവിന്റെ നാമധേയം പറഞ്ഞ് ഈ മേരിയെ തിരിച്ചിറിയിച്ചിരിക്കുന്നു എന്ന് മാത്രം (യോഹ. 19:25).


അടുത്തതായി വേദപുസ്തകത്തിൽ പ്രസ്താവിക്കുന്ന മറ്റൊരു മേരി യോഹന്നാന്റെ അമ്മയാണ്. യേശുവിന്റെ ഉയർപ്പിനുശേഷം ഇവരുടെ ഭവനത്തിൽ അനേകം വിശ്വാസികൾ രാത്രിയിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ പത്രോസ് ദൈവദൂതനാൽ കാരാഗ്രഹത്തിൽ നിന്ന് രക്ഷപ്പെട്ട് വന്ന് ഇവരുടെ പടിപ്പുരവാതിലിൽ മുട്ടിയാണ് അകത്ത് പ്രവേശിച്ചത്. ഈ മേരിയും യേശുവിന്റെ ഒരു അനുയായി ആയിരുന്നതിനാലാണല്ലോ യഹൂദാമതാചാരം കൈവെടിഞ്ഞ് രഹസ്യത്തിലാണെങ്കിലും വിശ്വാസികൾക്ക് ഒത്തുകൂടാനം പ്രാർത്ഥന നടത്താനും അവരുടെ വീട്ടിൽ കളമൊരുക്കിയത്. കൂടാനും പത്രോസിന് ഈ വീട് സുപരിചിതമായിരുന്നു എന്നതിലാണല്ലോ കാരാഗ്രഹത്തിൽ നിന്നും നേരെ ഇവിടേയ്ക്ക് വന്നത്.

അവസാനമായി വേദപുസ്തകത്തിൽ ചൂണ്ടിക്കാണിച്ച മേരി അപ്പോസ്തോലനായ പൗലോസ് റോമർക്ക് എഴുതിയ ലേഖനം 16-ൽ 6-ലാണ്. റോമിലുണ്ടായിരുന്ന വിശ്വാസികൾക്ക് വളരെ സേവനം നടത്തിയ ഈ മേരിക്ക് പൗലോസ് വളരെ വന്ദനം ആശംസിക്കുകയും അവരെ പുകഴ്ത്തുകയും ചെയ്തതായി കാണാം.

അങ്ങനെ വിശുദ്ധ വേദപുസ്കതത്തിൽ 9 മേരിമാരെപ്പറ്റി പരാമർശിച്ചിട്ടുള്ളതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതിൽ ഏറ്റവും ഉന്നതസ്ഥാനം മാതാവ് മേരിക്കുതന്നെയാണ് നൽകിയിരിക്കുന്നത്. ഗബ്രിയേൽ മാലാഖ അമ്മ മേരിയെ അഭിസംബോധന ചെയ്തത് "കൃപലഭിച്ചവരെ നിനക്കുവന്ദനം, കർത്താവ് നിന്നോടുകൂടെയുണ്ട്" എന്നാണല്ലോ. സെഖര്യ പ്രവാചകന്റെ ഭാര്യ എലീശബേത്ത് മേരിയെ കണ്ടപ്പോൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞത് "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ" എന്നാണല്ലോ. മറിയയുടെ പ്രതിവചനമോ "ഇന്നുമുതൽ എല്ലാതലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും." അതിനാൽ അമ്മ മേരിയെ എന്നും ലോകം സ്തുതിക്കും, വാഴ്ത്തും. ■

സെമിനാരി അഡ്മിഷൻ

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി പുതിയ ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബിരുദധാരികളായ ഓർത്തഡോക്സ് യുവാക്കൾക്ക് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷ 2013 ആഗസ്റ്റ് 31-ന് മുമ്പ് ലഭിക്കണം. അപേക്ഷാഫോമിന് 500/- രൂപ MO/DD സഹിതം, പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പോസ്റ്റ് ബോക്സ് 98, കോട്ടയം - 686 001, കേരള, ഇന്ത്യ എന്ന വിലാസത്തിൽ ബന്ധപ്പെടുക. സെമിനാരി വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്.
Web : www.ots.edu.in



കേരളത്തിലെ സമകാലീന....

9-ാം പേജിൽ നിന്നു തുടർച്ച..

വിചാരങ്ങൾ പങ്കാളിത്തത്തിലെ തുല്യത എന്നതിനേക്കാൾ "ക്രിയാത്മകമായ പങ്കിടീൽ" എന്ന തലത്തിലേക്ക് വളരേണ്ടതല്ലേ? വൈവിധ്യങ്ങൾ നിലനിൽക്കുന്ന ആൺ,പെൺ ആളത്വങ്ങൾക്ക് ആ വൈവിധ്യങ്ങളെ പരിപോഷിപ്പിച്ച് ഒരു ക്രിയാത്മക പങ്കിടീൽ അനിവാര്യമാണ്. ഇന്ന് "തുല്ല്യത" മിക്കപ്പോഴും ഒരു വെല്ലുവിളിയും ഏറ്റ് മുട്ടലും മാത്രമായി അവശേഷിച്ചിരിക്കുന്നു.

ഇൻഡ്യയിൽ ആദ്യ ലോക സുന്ദരി പട്ടം നേടിയ സുസ്മിതാ സെൻ അവരുടെ നേട്ടത്തിൽ പ്രതികരിച്ചത് "സൗന്ദര്യമത്സരങ്ങൾ സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും" എന്നാണ്. അതിന് ശേഷവും എത്ര സൗന്ദര്യ മത്സരങ്ങൾ നടന്നിട്ടുണ്ട് എവിടെയാണ് ആത്മ വിശ്വാസം കൂടിയത് സ്ത്രീശരീരത്തിന്റെ പ്രദർശനാത്മക സങ്കൽപ്പത്തിൽ മാത്രമാണ് അത് സംഭവിച്ചിട്ടുള്ളത്. പെൺകുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ ലോകത്തിന്റെ എല്ലാ കോണിലും ഭയാനകമാം വിധം കൂടിയിട്ടേയുള്ളൂ പെണ്ണ് ഒരു പ്രദർശനമാകുന്നത് പുകഴ്ത്തപ്പെടല്ല. ഇകഴ്ത്തപ്പെടൽ മാത്രമാണ്. ഈ തലതിരിഞ്ഞ നയമാണ് സ്ത്രീ വിറ്റഴിക്കപ്പെടേണ്ട ഉപഭോഗ വസ്തുവായി ചിത്രീകരിക്കപ്പെടുന്നത്.

10–15 വർഷങ്ങൾക്കിടയ്ക്ക് നമ്മുടെ മാധ്യമങ്ങളിൽ വന്ന് പോകുന്ന പരസ്യങ്ങൾ, സീരിയലുകൾ, സനിമകൾ ഇവയൊക്കെ വനിതാ കമ്മീഷൻ പോലെയുള്ള സംഘടനകൾ നിരീക്ഷിക്കേണ്ടതല്ലേ...? സോപ്പ് മുതൽ ഉപ്പ് വരെയുള്ള ഏത് പരസ്യങ്ങളിലും സ്ത്രീയാണ് വിറ്റഴിക്കപ്പെടുന്ന്. വസ്ത്രവും, സ്വർണ്ണവും, സ്ത്രീയുടെ മാത്രം ആഭ്യന്തര വിഷയമായാണ് അവതരിപ്പിക്കുന്നത്. അടുത്ത കാലത്ത് മലയാളം ചാനലുകളിൽ വന്ന ഇന്നർ വെയറുകളുടെ പരസ്യത്തിൽ നഗ്ന സ്ത്രീ ശരീരത്തിന്റെ 98% പ്രദർശിപ്പിക്കുകയാണ്. നവസിനിമകളിലും ഇതൊക്കെ നടക്കുന്നില്ലേ? ഇങ്ങനെ സ്ത്രീശരീരം ഉപഭോഗ വസ്തുവാക്കി വിൽപ്പന ചരക്കാക്കുന്നതിനെതിരെ സ്ത്രീ സംഘടനകളും മുഴുവൻ സ്ത്രീകളും ശക്തമായി പ്രതികരിക്കേണ്ടതല്ലേ..? മാനിക്കപ്പെടേണ്ട ഒരു ശരീരമാണ് സ്ത്രീയുടേത് എന്ന് നമുക്ക് എന്നാണ് ബോധ്യം വരിക? ആദ്യം അത് സ്ത്രീക്കുണ്ടാകണം താനും.

സമൂഹം ധാർമ്മികമായി കാണേണ്ടത് എന്ന അർത്ഥത്തിൽ സെൻസർ ചെയ്യേണ്ടത്. സെൻസർ ബോർഡാണ്. ധാർമ്മികതയുള്ളവർ അതിൽ അംഗങ്ങളായില്ലെങ്കിൽ സമൂഹം ഇതിലപ്പുറം കാണേണ്ടിവരും. സമൃദ്ധമായ സ്ത്രീശരീര കാഴ്ചകളുമായി മാധ്യമങ്ങൾ മത്സരിക്കുമ്പോൾ പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധമാതാക്കൾ വരെ പീഡനത്തിനും ചൂഷണത്തിനും വിധേയരാകുന്നതിന്റെ കാരണം അന്വേഷിക്കേണ്ടതുണ്ടോ? ചാനൽ ചർച്ചകളും, സംവാദ സെമിനാറുകളും മാറ്റി വച്ച് യഥാർത്ഥ സ്ത്രീയുടെ പ്രശ്നങ്ങളെ അപഗ്രഥിച്ച് അവൾ സമതുലിതമായി ആദരിക്കപ്പെടേണ്ടതാണ് എന്ന ബോധവും സ്ത്രീ സംഘടനകൾക്ക് സമൂഹത്തിലുണ്ടാക്കാൻ കഴിയുന്നുണ്ടോ? സുഗതകുമാരിയെപ്പോലെ ഒരു കവിയത്രി അതിദീന വിലാപം നടത്തുകയും സ്ത്രീ ക്ഷേമത്തിന് വേണ്ടി ജീവിതം മാറ്റി വച്ച് പ്രവർത്തിക്കുന്നത് പോലെ എത്ര പേർ? സ്ത്രീ പക്ഷത്തിന്റെ പേരിൽ എഴുത്തിനൊരിടം, വേദിയിൽ ഒരു സ്ഥാനം എന്ന തലത്തിൽ നിന്ന് നാം എത്ര ഉയർന്നിട്ടുണ്ട്? ഇങ്ങനെയൊക്കെയുള്ളിടത്താണ് നമ്മുടെ പെൺകുഞ്ഞുങ്ങൾ ഇരയാക്കപ്പെടുന്നത്. പെണ്ണിന്റെ കൂടെ ക്രിയാത്മകമായ പങ്കാളിത്തത്തിലൂടെയാണ് ഈ സമൂഹം നിലനിൽക്കുന്നത് എന്ന സഹജാവബോധമാണ് വേണ്ടത് പെണ്ണ് മാറ്റി നിർത്തപ്പെടുന്ന ഏത് സമൂഹത്തിന്റേയും പുരോഗതി മന്ദമായിരിക്കും.

ആഗോള സമൂഹത്തിലെ പെൺകുട്ടികളുടെ ശബ്ദമായി അവതരിക്കപ്പെടുന്നയാളാണ് താലിബാൻ ഭീകരവാദികളാൽ ആക്രമിക്കപ്പെട്ട മാലാല. പാശ്ചാത്യ ലോകം അവളെ ഭീകരത നിലനിൽക്കുന്ന രാഷ്ട്രങ്ങൾക്കെതിരെയുള്ള ആയുധമാക്കുന്നുണ്ട്. അവിടെയുള്ള ഒരു പെൺകുട്ടിയെക്കൊണ്ട് അവരുടെ ആശയം പങ്ക് വെയ്പിക്കുന്നു. പാശ്ചാത്യ ലോകത്തിന്റെ മലാല പ്രേമം കാപട്യമാണ്. എങ്കിലും മാലാലയുടെ വാക്കുകൾ ഇന്നിന്റെ പെൺകൊടികൾക്ക് ഊർജ്ജമാകേണ്ടതാണ്.

"സമാധാനവും വിദ്യാഭ്യാസവും സമത്വവും നമ്മുടെ എല്ലാവരുടെയും അവകാശമാണ് അത് നേടിയെടുക്കാൻ വേണ്ടി പോരാടുന്ന ഒരുപാട് പേരുണ്ട്. ലോകമാകെ ഭീകരവാദികളുടെ ആക്രമണത്തിനിരയായി കൊല്ലപ്പെടുകയും പരുക്കേൽക്കുകയും ചെയ്ത പതിനായിരങ്ങളുണ്ട്. ഞാൻ അവരിൽ ഒരാൾ മാത്രമാണ് ഞാൻ സംസാരിക്കുന്നത് എനിക്കുവേണ്ടി മാത്രമല്ല, എന്നെപ്പോലെ ആക്രമിക്കപ്പെട്ട, എന്നാൽ അതിനെതിരെ ശബ്ദിക്കാൻ കഴിയാത്ത ആയിരങ്ങൾക്കുവേണ്ടിയാണ്. സമാധാനത്തോടെയും ആത്മാഭിമാനത്തോടെയും ഉള്ള ജീവിതവും വിദ്യാഭ്യാസവും, സമനീതിയും അവർക്കും അർഹതപ്പെട്ടതാണ്. ആ അവകാശങ്ങൾക്ക് വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്" – മലാല

നമ്മുടെ പെൺകുട്ടികൾ സമൂഹത്തിന്റെ വളർച്ചയ്ക്ക് ക്രിയാത്മക പങ്കാളിത്തം വഹിക്കുന്നവരായി വളരണം അവർ സ്ത്രീയുടെ പൊതു നീതിക്കുവേണ്ടി നിലനിൽക്കണം. കണ്ണ് നനയുന്ന ഏത് പെണ്ണിനും കൈത്താങ്ങാ

യി, അവർക്ക് നാവായി, അവർക്ക് ജീവസന്ധാരണമായി മാറാൻ കഴിയണം. സ്ത്രീ സംഘടനകൾ വാക്കും പ്രമേയവും ആയി മാറാതെ സ്ത്രീകളുടെ പ്രാണനെ സംരക്ഷിക്കുന്നവരാകണം. സ്ത്രീക്ക് സ്വാതന്ത്ര്യം സ്ത്രീയിൽ നിന്ന് തന്നെ അവളുടെ പരിതോവസ്ഥകളിൽ നിന്ന് എന്ന വളർച്ചയിൽ നമ്മൾ ഉയരണം.

3. മാധ്യമങ്ങൾ പുനർവിചാരണ ചെയ്യപ്പെടണം

മാധ്യമങ്ങൾക്ക് ധാർമ്മികമായും, സത്യസന്ധമായും, സാമൂഹിക നീതി ലക്ഷ്യമാക്കിയും, സാംസ്ക്കാരിക അപചയം സംഭവിക്കാതെയും വാർത്തകൾ, വിനോദങ്ങൾ, വിവരങ്ങൾ എന്നിവ സമൂഹത്തിന്റെ പൊതു ശ്രദ്ധയിൽ കൊണ്ട് വരാൻ ബാധ്യതപ്പെട്ടവരാണ്. ഇന്ന് മാധ്യമ ഭീകരതയെന്നോ, മാധ്യമ മുതലാളിത്തം എന്നോ, മാധ്യമ വേട്ടയാടൽ എന്നോ പറയത്തക്കവിധത്തിൽ മാധ്യമങ്ങളുടെ ഏകപക്ഷീയമായ ഇടപെടൽ ബീഭത്സമാണ്. "മാധ്യമ സ്വാതന്ത്ര്യം" എന്ന ഒറ്റ പേരിൽ കാണിക്കുന്ന പക്ഷാഭേദമുള്ള തേരോട്ടങ്ങൾ ആപൽക്കരമാണ്. ഒരാളെ ഏറ്റവും വേഗം കുറ്റവാളിയാക്കാനും ഒരു സമൂഹത്തെ വളരെ വേഗം പാർശ്വവത്കരിക്കാനും മാധ്യമങ്ങൾക്കാകുന്നു എന്നത് ദുസ്വാതന്ത്ര്യമാണ്.

തമിഴൻ ഇറക്കുമതി ചെയ്ത് മലയാളത്തിൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു ചാനൽ അടുത്ത കുറെ വർഷങ്ങളായി ക്രൈസ്തവ സൂമൂഹത്തെ നിരന്തരമായി ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. എപ്പിസ്ക്കോപ്പൽ സഭകൾ മുതൽ പ്രൊട്ടസ്റ്റന്റ് സംഘടനകൾ വരെ ഈ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ക്രൈസ്തവ ബിഷപ്പുമാർക്കെതിരെ അന്വേഷണത്തിന്റെ യാതൊരു പിൻബലവുമില്ലാതെ ആക്രമണങ്ങൾ അഴിച്ച് വിട്ടുകൊണ്ടിരിക്കുന്നു. യാതൊരു തെളിവോ രേഖകളുടെ പിൻബലമോ ഇല്ലാതെ ചില ഒറ്റപ്പെട്ട ആളുകളുടെ വാഗ്ദോരണികൾ മാത്രം തെളിവായി സ്വീകരിച്ച് തത്വദീക്ഷയില്ലാതെ സന്യസ്തരായ നമ്മുടെ പിതാക്കന്മാരേപ്പോലും ആക്രമിച്ചു. നമ്മുടെ ചില സഭാ മക്കൾക്കെങ്കിലും ഇതിൽ പങ്കുണ്ടായി എന്നത് സങ്കടകരമാണ്. എങ്കിലും നമ്മുടെ സഭാ മക്കൾ പിതാക്കന്മാരെ പൊതു സമൂഹത്തിൽ അങ്ങനെ അനാദരിക്കില്ല എന്ന് വിശ്വസിക്കാനും വിശ്വസിപ്പിക്കാനുമാണ് എനിക്കിഷ്ടം. ക്രൈസ്തവർക്ക് എതിരേയുള്ള വർഗ്ഗീയപരമായ ആക്രമണമായി ഇതുവരെയും ക്രൈസ്തവസഭകൾക്ക് ഇവയെ കാണാൻ കഴിഞ്ഞിട്ടില്ല ആരും പ്രതികരിച്ചിട്ടുമില്ല. ഇങ്ങനെ ഒരു സമൂഹത്തെ വർഗ്ഗീയമായി പാർശ്വവത്കരിച്ച് ആക്രമിക്കുന്നത് കണ്ട് കണ്ണടയ്ക്കേണ്ടതുണ്ടോ എന്ന് ആലോചിക്കണം.

മലയാളികളുടെ കുടുംബം എന്തായിരിക്കണം? സംസ്ക്കാരം എങ്ങനെയായിരിക്കണം? എന്ന് പഠിപ്പിക്കാൻ മലയാളി ഹൗസ് എന്ന് പേരിട്ട് കുറെ ചെറുപ്പക്കാരെയും ചെറുപ്പകാരികളെയും 30-ൽ പ്പരം ക്യാമറാകളുടെ വേട്ടയാടലിൽ 100 ദിവസം ഒരു അടച്ച വീട്ടിൽ പാർപ്പിച്ചിരിക്കുന്നു. സംവിധായകൻ പറയുന്നു: ഇത് എഡിറ്റ് ചെയ്താണ് മലയാളിയുടെ കാഴ്ചയ്ക്ക് ഞാൻ എത്തിക്കുന്നത് എന്നാണ് (ചാനൽ ചർച്ച) അപ്പോൾ എഡിറ്റ് ചെയ്യപ്പെടാത്ത പൂർണ്ണരൂപത്തെപ്പറ്റി നാം സന്ദേഹപ്പെടേണ്ടതല്ലേ? എഡിറ്റ് ചെയ്യപ്പെട്ടത് തന്നെ നമ്മുടെ കുടുംബ ബന്ധങ്ങൾക്കും സംവിധാനങ്ങൾക്കും യോജ്യമാണോ എന്ന് ഓരോ മലയാളിയും ചങ്കിൽ കൈവച്ച് ചോദിക്കേണ്ടതല്ലേ? തമിഴന്റെ നാട്ടിൽ ഇങ്ങനെയൊരു "വികട വിരുന്ന്" ഓടിക്കാൻ ധൈര്യപ്പെടുമോ? ഇവർ എന്ത് സംസ്ക്കാരമാണ് നമുക്ക് തരുന്നത്? പത്ത് വയസ്സ് എത്താത്ത രണ്ട് കുഞ്ഞുകുട്ടികൾ ഇതിന് ഇട്ടപേര് കൂടെ ഞാൻ കുറിക്കുകയാണ് "കൊലയാളി ഹൗസ്" "അലവലാതി ഹൗസ്". ചിന്തയ്ക്ക് അത്രയൊന്നും കനം വയ്ക്കാത്ത അവരെ ഞാൻ എങ്ങനെ കുറ്റം പറയും.. ഇത് നമുക്ക് വേണോ വേണ്ടയോ എന്ന് ഞാൻ നിങ്ങളുടെ ചിന്താശക്തിക്ക് വിടുന്നു.

എഫ്.ഐ.ആർ, കുറ്റപത്രം, ക്രൈം ഫയൽ ഇങ്ങനെ പല പേരുകളിൽ കുറ്റകൃത്യങ്ങളുടെ അന്വേഷണ വാർത്തകൾ ചാനലുകൾ ചർച്ച ചെയ്യുന്നുണ്ട്. മോഷണം, കൊലപാതകം, ആക്രമണം, ബാങ്ക് കവർച്ച, പീഡനം ഇങ്ങനെയുള്ള കാര്യങ്ങൾ അത് സംവിധാനം ചെയ്യപ്പെട്ട എല്ലാ രീതികളും പൊടിപ്പും തൊങ്ങലും വച്ച് അവതരിപ്പിക്കുമ്പോൾ നമ്മുടെ കുട്ടികൾക്ക് ഒരു ക്രൈം എങ്ങനെ നടത്താം എന്ന നല്ല ബോധനമാണ് നൽകുക. ഇത് പുതിയ തലമുറയുടെ വാസനകളെ അപകടകരമായി സ്വാധീനിക്കുകയില്ലേ? വെറുതെ അല്ല ഭാര്യ, ഭർത്താക്കന്മാരുടെ ശ്രദ്ധയ്ക്ക്, കഥയല്ലിത് ജീവിതം. ഈ പ്രോഗ്രാമുകൾക്ക് നല്ല വശം ഉണ്ടായിരിക്കാം ചില കുടുംബങ്ങൾക്ക് അത് ആശ്വാസമുണ്ടാക്കുന്നുണ്ടാകാം എന്നാൽ ഭാര്യയും ഭർത്താവും കുടുംബങ്ങളും അവരുടെ കുടുംബത്തിലെ അണിയറ മുതൽ അടുക്കളവരെയുള്ള കാര്യങ്ങൾ ചാനലുകളിലൂടെ വിളിച്ച് പറഞ്ഞ് പരസ്പരം ഉല്ലസിക്കുകയും ആക്രോശിക്കുകയും ചെയ്യുമ്പോൾ മലയാളികൾ മാനസികമായി എത്ര ദുർബലപ്പെട്ടവരും അപക്വമതികളും ആയി എന്നാണ് സമൂഹം തിരിച്ചറിയുക. മാനസിക ആരോഗ്യമുള്ള സമൂഹത്തിന് കുടുംബബന്ധങ്ങൾക്ക് ഇത് ഭൂഷണമാണോ?

ചാനലുകൾ ജനപ്രതിനിധികളുടെ വേഴ്ച്ചകൾ നേരിട്ട് സംപ്രേഷണം നടത്തുമ്പോൾ, അവരുടെ അന്തപുര കഥകൾകൊണ്ട് രംഗം ചൂടുപിടിപ്പിച്ച് ആളേക്കൂട്ടി റേറ്റിംഗ് ഉയർത്തുന്നതൊഴിച്ചാൽ ഇത് കൊണ്ട് സമൂഹത്തിന് എന്ത് നേട്ടമാണ് ഉള്ളത്? ജനപ്രതിനിധികൾ ധാർമ്മികരായിരിക്കണം. അവരുടെ പൊതുജീവിതം ശുദ്ധമായിരിക്കണം. എന്ന് ആവർത്തിച്ചുകൊണ്ട് തന്നെ ചോദിക്കുകയാണ് ഇവരുടെ സ്വകാര്യതകൾ പൊതുമദ്ധ്യത്തിൽ വിളമ്പിയിട്ട് എന്ത് മാറ്റമാണ് ഇവിടെ മാധ്യമങ്ങൾ കൊണ്ട് വരാൻ പോകുന്നത്. ഇവിടെ മാധ്യമങ്ങൾക്ക് ഒരു പുനർവിചാരണ അനിവാര്യമാണ്.

മാധ്യമങ്ങൾ രാഷ്ട്രത്തിനും കോടതിക്കും ഒക്കെ അതീതമാണ് എന്ന നില വരാൻ പാടില്ല. മനുഷ്യാവകാശ കോടതികളും, നീതിന്യായ കോടതികളും മാധ്യമങ്ങളുടെ അമിത അതിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കേണ്ടതല്ലേ? മാധ്യമങ്ങൾ നീതി മാത്രം ലക്ഷ്യമാക്കി പക്ഷാഭേദമില്ലാതെ അവരുടെ ധർമ്മം നിർവ്വഹിക്കണം. ഒരു പുതു തലമുറ കൺതുറന്ന് ഇതെല്ലാം കാണുന്നു എന്ന ചിന്ത വേണം. ■

ചരിത്ര താളുകൾ

കാതോലിക്കേറ്റ് ആപ്പീസ് കെട്ടിടോൽഘാടനം



ശ്രീ. കെ. കെ. ലൂക്കോസിന്റെ സ്മാരകം
മിസ്സസ് ലൂക്കോസിന്റെ സംഭാവന

കാതോലിക്കേറ്റ് ആപ്പീസിനുവേണ്ടി ദേവലോകം അരമനയോടനുബന്ധിച്ച് മനോഹരമായ ഒരു പുതിയ കെട്ടിടം ദിവംഗതനായ റിട്ട. ഹൈക്കോർട്ട് ജഡ്ജി രാജശ്രീ കെ. കെ ലൂക്കോസിന്റെ സ്മാരകമായി റിട്ട. സർജൻ ജനറൽ മിസ്സിസ് എം. പി. ലൂക്കോസ് പണികഴിപ്പിച്ചു പ. കാതോലിക്കാ ബാവാതിരുമനസ്സിലേക്കു സമർപ്പിച്ചിരിക്കുന്നു. കിഴക്കുവശം രണ്ടുനിലയും പടിഞ്ഞാറുവശം ഒരു നിലയുമായി പണികഴിപ്പിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ അടിയിലത്തെ നില മാനേജിംഗ് കമ്മറ്റി കൂടത്തക്കവണ്ണം ഒരു ഹോളും മുകളിലത്തെ നില എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടുന്നതിനുള്ള ഒരു മുറിയും സെക്രട്ടറിയുടെ മുറിയും സ്റ്റാഫ് മുറിയുമാണ്. രണ്ടുമാസം കൊണ്ട് ഇതിന്റെ പണി പൂർത്തിയാക്കത്തക്കവണ്ണം കോൺട്രാക്റ്റ് ഏറ്റു നടത്തിയത് മെസ്സേഴ്സ് വെള്ളാപ്പള്ളി ബ്രദേഴ്സ് ആണ്.

ഏപ്രിൽ 22-ാം നം-കെട്ടിടം ഉൽഘാടനം ചെയ്യപ്പെട്ടു. ഇതു സംബന്ധിച്ചു മാനേജിംഗ് കമ്മിറ്റി മെംബറന്മാരുൾപ്പെടെ ഒരു വലിയ ജനക്കൂട്ടം സന്നിഹിതരായിരുന്നു. ഉൽഘാടന സമ്മേളനം പ. കാതോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. തിരുമേനിയെ കൂടാതെ മാർഗ്രിഗോറിയോസ്, മാർ തോമ്മാദീവന്നാസ്യോസ്, മാർ ഈവാനിയോസ് എന്നീ തിരുമേനിമാരും അഖിലലോകസഭാകൗൺസിൽ അസോഷ്യേറ്റ് സെക്രട്ടറി മി. ബിൽഹെമിയറും പ്ലാറ്റുഫോറത്തിൽ സന്നിഹിതരായിരുന്നു. സഭാ ജനറൽ സെക്രട്ടറി റവ. ഫാദർ കെ. പീലിപ്പോസ് സ്വാഗതപ്രസംഗം ചെയ്തു. തുടർന്ന് മി. ബിൽഹെമിയർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പുരാതനത്വത്തെപ്പറ്റിയും, പുരാതനവും വിലയേറിയതുമായ വിശ്വാസത്തെപ്പ റ്റിയും അഖിലലോക സഭാ കൗൺസിലിനു പൂർണ്ണമായ ധാരണയുണ്ടെന്നും, കൗൺസിൽ നേതൃത്വം അവയെ അത്യധികം വിലമതിക്കുന്നു എന്നും ഈ ആഫീസിലും അതോടു ബന്ധപ്പെട്ടും പ്രവർത്തിക്കുന്നവർ സഭയുടെ നിത്യതയെയും ഉറപ്പിനെയുംപറ്റി ചിന്തിച്ച് ദർശനമുള്ളവ രായി പ്രയത്നിക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു. ലോകത്തിൽ ഇപ്പോൾ സാർവ്വത്രികമായിത്തീർന്നിരിക്കുന്ന കലഹവാസനകൾക്കോ തജ്ജന്യങ്ങളായ വിപ്ലവങ്ങൾ, യുദ്ധങ്ങൾ, രാഷ്ട്രീയങ്ങൾ എന്നിവയ്ക്കോ തകർക്കാൻ സാദ്ധ്യമാകാത്തവിധത്തിലുള്ള സുസ്ഥിര സ്ഥാപനമാണു സഭ എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ക്രിസ്തുവിന്റെ വേലയെപ്പറ്റി പൂർണ്ണ ബോദ്ധ്യമില്ലാതെ ചിലർ പള്ളികൾ വർദ്ധിപ്പിക്കുന്നതിനും ആളുചേർക്കുന്നതിനും ആവേശം കൊള്ളാറുണ്ടെന്നും അത് ആശാസ്യമല്ലെന്നും അനുസ്മരിപ്പിച്ച ശേഷം ഏഷ്യയിലെ സഭകളെയെല്ലാം തമ്മിൽ സുദൃഢമായ ഐക്യത്തിൽ കൊണ്ടുവരേണ്ട ചുമതല മലങ്കര ഓർത്തഡോക്സ് സഭ ഏറ്റെടുക്കേണ്ടതും ഏടുക്കാവുന്നതുമാണെന്നും അദ്ദേഹം ഉൽബോധിപ്പിക്കയുണ്ടായി.

അനന്തരം മാർ തോമ്മാദീവന്നാസ്യോസ് തിരുമേനി. ദിവംഗതനായ ശ്രീ. കെ. കെ. ലൂക്കോസ് ഹൈക്കോർട്ടു ജഡ്ജിയായിരിക്കുമ്പോൾ തന്നെ പള്ളിയിൽവന്ന് ശുശ്രൂഷക്കുപ്പായവും ധരിച്ചു മദ്ബഹായിൽ പ്രവേശിച്ചു വിനയപൂർവ്വം ശുശ്രൂഷയ്ക്കു കൂടി വന്നതിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഭക്തി, വിനയം, പാണ്ഡിത്യം എന്നിവയെപ്പറ്റി പ്രത്യേകം പ്രസ്താവിക്കു കയും അദ്ദേഹത്തിന്റെ പുത്രനും പുത്രിയും ഇംഗ്ലണ്ടിൽ ആയിരിക്കുമ്പോൾ അന്നു റമ്പാനായി അവിടെ താമസിച്ചുവന്ന തിരുമേനിയുടെ മുമ്പാകെ ക്രമമായി കുമ്പസാരിച്ചു വി. കുർബ്ബാന അനുഭവിച്ച് ശരിയായ ക്രിസ്തീയജീവിതം നയിച്ചു വന്നതിനെപ്പറ്റി അനു സ്മരിക്കുകയും ആ മകൾ പിന്നീട് ആകസ്മികമായി മരിച്ചുപോകാനിടയായി യെങ്കിലും തന്റെ പിതാവിനോടുകൂടി പർദ്ദീസായിൽ വസിച്ച് ആനന്ദിക്കയാണെന്നു തനിക്ക് ഉറപ്പുണ്ടെന്നും മി. ലൂക്കോസിന്റെ സഭാസ്നേഹത്തിന്റെയും സേവനത്തി ന്റെയും ആത്മാവ് മിസ്സസ് ലൂക്കോസി ൽകൂടി പ്രവർത്തിച്ചതിന്റെ ഒരു അനു ഭവമാണ് അദ്ദേഹത്തിന്റെ സ്മാരകമായി മഹതിയായ അദ്ദേഹത്തിന്റെ ഭാര്യ-ഈ രാജ്യത്തിലെ

ഒന്നാമത്തെ സർജ്ജൻ ജനറൽ-മിസ്സസ് ലൂക്കോസ് ഈ സ്ഥാപനം സമുദായ ത്തിനു നൽകിയിട്ടുള്ളതെന്നും ഇതു അവരുടെ മഹാ മനസ്കതയുടെയും സഭാസ്നേഹത്തിന്റെയും ഭർതൃഭക്തിയുടെയും ശാശ്വതജ്ഞാപകമായിരിക്കുമെന്നും പ്രസ്താവിക്കുകയും ചെയ്തു.

ബാവാ തിരുമനസ്സിലെ പ്രസംഗം


ഡോക്ടർ മിസ്സസ് ലൂക്കോസ് പണികഴിപ്പിച്ചിട്ടുള്ള ഈ സ്ഥാപനം സമുദായ ആപ്പീസ് നടത്തുന്നതിനുവേണ്ടി നാം ഏറ്റെടുക്കുന്നു. ഒരു ഭവനം ഏറ്റെടുക്കുന്നതു സന്തോഷകരമാണ്. ഇതു ഏറ്റെടുക്കുമ്പോൾ കന്നുകുഴിയിൽ കുരുവിള എൻജിനിയർ മഹാനായ ഒരു സമുദായസ്നേഹിയായിരുന്നു, അതുപോലെതന്നെ മക്കളും. കെ. കെ. ലൂക്കോസും, കെ. കെ. തോമസും തിരുവിതാംകൂറിലെ ഉയർന്ന ജഡ്ജിമാരായിരുന്നു. ഉദ്യോഗം ഒഴിഞ്ഞശേഷം രണ്ടുപേരും മാനേജിംഗ് കമ്മിറ്റി മെമ്പറന്മാരായിരുന്നു സേവനമനുഷ്ഠിച്ചിട്ടുണ്ട്. കെ. കെ. ലൂക്കോസ് ഒരു പണ്ഡിതനായ ചരിത്രകാരനും സമുദായ സേവനത്തിൽ വലിയ നിഷ്ഠയും താല്പര്യവുമുള്ള ആളുമായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മ നിലനിൽക്കത്തക്കവണ്ണം ഇപ്രകാരം ഒരു സ്ഥാപനമുണ്ടാക്കാൻ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ദൈവമാണ് തോന്നിച്ചത്. ഇത് അവർക്കു നിശ്ചയമായും അനുഗ്രഹകരമായിരിക്കും. മിസ്സസ് ലൂക്കോസിന്റെ ഈ പ്രവൃത്തി നമ്മുടെ സഭയിലെമറ്റംഗങ്ങൾക്കും മാതൃകയായിരിക്കേണ്ടതാണ്. മറ്റു സഭകളിൽ ഇപ്രകാരം സഭയ്ക്കു ധാരാളമായ സംഭാവനകൾ ലഭിക്കുന്നുണ്ട്. അർമ്മീനിയൻ സഭയിൽ കുബേരന്മാർ ലക്ഷക്കണക്കിനു പവൻ സഭയ്ക്ക് നൽകുന്നുണ്ടെന്നും ഇത് അവരുടെ ഇടയിൽ ഒരു പതിവാണെന്നും, ഏതാനും ദിവസങ്ങൾക്കു മുമ്പ് ഇവിടെ വന്ന അർമ്മീനിയൻ ബിഷപ്പ് നമ്മോടു പറയുകയുണ്ടായി. നാം ഇംഗ്ലണ്ടിൽ ചെന്ന് വി. കുർബ്ബാന അർപ്പിച്ച പള്ളി, അൻപതിനായിരം പവൻ ചെലവുചെയ്ത് ഒരാൾ പണിയിച്ചു സംഭാവന ചെയ്തതാണ്. എങ്കിലും ആ പള്ളിയിൽ യാതൊരു പ്രത്യേക അവകാശമോ അധികാരമോ അയാൾക്കില്ല. ചില കിഴക്കൻ സഭകളിൽ ചിലർ വസ്തുക്കൾ മക്കൾക്കയി ഭാഗിച്ചു കൊടുക്കുമ്പോൾ ഒരു ഭാഗം പള്ളിക്കു നീക്കിവയ്ക്കുന്ന പതിവുണ്ട്. അതുപോലെതന്നെ ദരിദ്രന്മാരെ പുലർത്തുന്ന കാര്യത്തിലും നാം ഉത്സാഹിച്ചു പ്രവർത്തിക്കണം. വി. പൗലൂസ് അപ്പോസ്തോലൻ സുവിശേഷവേലയ്ക്കു പോയപ്പോൾ ദരിദ്രന്മാരുടെ കാര്യം മറക്കരുതേ എന്നു പ്രത്യേകം പറഞ്ഞയച്ചതായി കാണുന്നു.

മിസ്സസ് ലൂക്കോസിന്റെ ഈ സംഭാവനയ്ക്കു അവരെ പ്രേരിപ്പിച്ചത് അവരുടെ ദൈവഭക്തിയും സമുദായസ്നേഹവുമാണ്. മിസ്സസ് ലൂക്കോസിനെ ഇതിനുവേണ്ടി ആരും നിർബന്ധിച്ചിട്ട് അവർ ചെയ്തതല്ല. കെ. കെ. ലൂക്കോസിനെയും കെ. കെ. തോമസിനെയും പോലുള്ള ആളുകൾ സഭയിൽ വർദ്ധിക്കണം. ഈ സ്മാരകമന്ദിരം നാം നന്ദിപൂർവ്വം സ്വീകരിക്കുന്നു. നമ്മുടെ കുർബ്ബാന തക്സായിൽ പള്ളികൾ പണിയിച്ചവരെയും അതിനുവേണ്ടി പ്രവർത്തിച്ചവരെയും ഓർത്ത് അവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന പതിവുണ്ട്. ലൂക്കോസിനും അദ്ദേഹത്തിന്റെ ഭാര്യയ്ക്കുംവേണ്ടി അപ്രകാരം നാം പ്രാർത്ഥിക്കുന്നതാണ്. ദൈവം ആ കുടുംബത്തെ അനുഗ്രഹിക്കട്ടെ.

യോഗത്തെ തുടർന്ന് പ. ബാവാതിരുമേനിയുടെ നിർദ്ദേശപ്രകാരം മി.ബിൽഹെയിമർ കെട്ടിടത്തിന്റെ വാതിൽ തുറന്നു. ബാവാതിരുമേനിയും ശേഷം തിരുമേനിമാരും മുറിക്കുള്ളിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തുകയും 24-ാം നം-ബുധനാഴ്ച ബാവാ തിരുമനസ്സുകൊണ്ട് കെട്ടിടം കൂദാശ ചെയ്യുകയും ചെയ്തു. ഇപ്പോൾ ആപ്പീസ് ഈ പുതിയ കെട്ടിടത്തിൽവച്ചു നടത്തപ്പെടുന്നു. ഈ ആപ്പീസ് കെട്ടിടത്തിന്റെ സ്ഥാപനത്തിലും പണിയിലും ഫാദർ കെ. പീലിപ്പോസ് വളരെ പരിശ്രമിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമത്രേ. ■

Breaking the Word

ഫാ. ജോജി കെ. ജോയി, അടൂർ



2013 ആഗസ്റ്റ് 18

വാങ്ങിപ്പിനു ശേഷം 1–ാം ഞായർ

(വി. ലൂക്കോ. 6:39–45)

യേശുവിന്റെ പ്രബോധനങ്ങളുടെ സമാഹാരമാണ് മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന ഗിരിപ്രഭാഷണം. അതിന് സമാന്തരമെന്നോ സമാനമെന്നോ കരുതാവുന്നതാണ് വി. ലൂക്കോസിന്റെ സുവിശേഷത്തിലെ സമതലപ്രസംഗം (6: 20-40). ജീവിതബന്ധിയായ യേശു പഠനങ്ങൾ ക്രോഡീകരിച്ച് ജീവിത നിയമമായി മാറ്റിയതാണിത്. ഇതിനെ 'ക്രിസ്തീയ ഹലാക്ക' അഥവാ 'ക്രിസ്തീയ ജീവിതരീതി' എന്നു വിളിക്കാം. പഴഞ്ചൊല്ലുകൾ പോലെ ജീവിതമൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ദർശനങ്ങളാണ് ഈ ഭാഗത്ത് അടങ്ങിയിരിക്കുന്നത്. അതിൽ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന മൂന്ന് ചിന്തകളാണ് 6 ന്റെ 39 മുതൽ 45 വരെയുള്ള വേദഭാഗങ്ങൾ കാട്ടിതരുന്നത്.

വഴികാട്ടി വെളിച്ചമുള്ളവനാകണം

കുരുടനു കുരുടനെ വഴികാട്ടുവാൻ കഴിയുമോ? എന്ന് ചോദിക്കുമ്പോൾ ദർശനം നഷ്ടപ്പെട്ട നേതൃത്വമാണ് ക്രിസ്തുവിന്റെ മനസ്സിലുള്ളത്. മറ്റുള്ളവരെ വഴികാട്ടുവാൻ നിയോഗിക്കപ്പെട്ടവർ തങ്ങളുടെ നിയോഗത്തെ പൂർണ്ണമാക്കുന്ന ജീവിതവിശുദ്ധി നഷ്ടപ്പെടുത്തുന്നു എന്നത് ഇന്നിന്റെ ഏറ്റവും വലിയ പരാജയമാണ്. നേതൃത്വത്തിന് തങ്ങളുടെ അണികളെ നന്മയിലേക്ക് നടത്താൻ സാധിക്കുന്നില്ല. അതിനാൽ കുഴി മാറ്റി വിടേണ്ടവർ കുഴിയിൽ വീഴുകയും അതോടൊപ്പം അവരെ അനുധാവനം ചെയ്യുന്നവരും അതേ അവസ്ഥയിൽ ആകുകയും ചെയ്യുന്നു. തലമുറയ്ക്ക് ദർപ്പണം കൊടുക്കുന്നവരായി മാറുന്നവരെയാണ് ലോകമോർക്കുന്നതും, അംഗീകരിക്കുന്നതും. അതിനാൽ വെളിച്ചമുള്ളവനും, വഴി അറിയുന്നവനും വഴിയേ മുമ്പെ പോയവനുമായ നേതാക്കൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. കാരണം ശിഷ്യൻ ഗുരുവിന് മീതെയല്ല. അഭ്യാസം തികഞ്ഞ ശിഷ്യൻ ഗുരുവിനെ പോലെയാണ്. അഭ്യാസം തികഞ്ഞ ശിഷ്യന്മാരുണ്ടാകാൻ 'ഗുക്കിനെ' അഥവാ ഇരുട്ടിനെ പ്രതിരോധിക്കുന്ന ഗുരുക്കന്മാരുണ്ടാകണം.

വിധിക്കാതെ ജീവിക്കുന്ന പുത്തൻ മാനവികത

വിധിക്കാതെ ജീവിക്കുക എന്ന നവമാനവീക ദർശനമാണ് വചനത്തിന്റെ മറ്റൊരു ഭാഗം. ഓരോ വിധിയും വധമാണെന്നാണ് യാഥാർത്ഥ്യം. കൊല്ലരുത് എന്നത് ശാരീരികം എന്നതിനെക്കാളും മാനസീക വധം എന്നതിനാണ് ഇന്ന് ഏറെ പ്രസക്തിയുള്ളത്. എന്തു കൊലപാതകങ്ങളാണ് അനുദിനം അർത്ഥവും യാഥാർത്ഥ്യവും അറിയാതെയും, അറിയാനുള്ള ആഗ്രഹമില്ലാതെയും നാം നടത്തുന്നത്. അതും സ്വന്തകണ്ണിൽ കോൽ ഇരിക്കെ സഹോദരന്റെ കണ്ണിലെ കരടെടുക്കാനുള്ള തന്ത്രപ്പാടിൽ ചെയ്തുകൂട്ടുന്നത്. ക്രിസ്തു ഇത് യഹൂദനേതാക്കളെ കുറിച്ചാണ് അന്നു പറഞ്ഞിരുന്നതെങ്കിലും ഇന്ന് അതിന് ഏറെ പ്രസക്തിയുണ്ട്. ലോകം മുഴുവൻ തെറ്റും, കുറ്റവുമാണെന്ന് പ്രഘോഷിക്കുന്നവർ എന്നിലും അതേ തെറ്റ് ആവർത്തിക്കുന്നു എന്ന് അംഗീകരിക്കുന്നില്ല. 'ലോകത്തിൽ എല്ലാവരും മരിക്കും എന്ന് എല്ലാവർക്കും അറിയാം. എന്നാൽ ഞാൻ മരിക്കുമെന്ന് ഓരോരുത്തരും ഓർക്കുന്നില്ല' ഇതാണ് ലോകത്തിലെ ഏറ്റവും വലിയ അതിശയം. സ്വന്തം കണ്ണിലെ തടിക്കഷണം ഗൗനിക്കാതെ അപരന്റെ കണ്ണിലെ പൊടിയെ കുറിച്ച് വ്യാകുലപ്പെടുമ്പോൾ അത് കപടതയുടെ പതിനട്ടടവും പൂർത്തിയാക്കിയവന്റെ ലക്ഷണമാണെന്നറിയണം. എന്നിലെ അന്ധതയെ മറി കടക്കാതെ വഴി നടത്തുന്ന കുരുടനാണ് ഞാൻ. മറ്റുള്ളവരെ വിധിച്ച് വിധിച്ച് എന്റെ കണ്ണിലെ തടിക്കഷണം ബലപ്പെടുന്നു. അതെന്റെ അന്ധത വർദ്ധിപ്പിക്കുന്നു. എന്താണ് പോംവഴി ഒന്നേയുള്ളു വിധിക്കാതെ സ്നേഹിക്കുക. ആരെയും ലേബൽ ചെയ്യാതിരിക്കുക. കഴുതയെന്ന് മാതാപിതാക്കൾ ലേബൽ ചെയ്യുന്ന കുഞ്ഞ് കുതിരയാകാൻ മാതാപിതാക്കൾ തപസ്സു ചെയ്യേണ്ടിവരും. കതിരും, പതിരും തിരിക്കാൻ നാം തിടുക്കം കാട്ടേണ്ട. ആ തിടുക്കമാണല്ലോ അനാവശ്യ വിധികൾക്കും പിന്നിലുള്ളത്. എല്ലാം കാരുണ്യനാഥന്റെ വിധിക്കായി സമർപ്പിക്കാം. 'വിധിക്കാതെ, വധിക്കാതെ, ജീവിക്കുക' ഉത്തമമായ, മൂല്യവത്തായ ജീവിതശൈലിയാണത്.

ഫലം കൊണ്ടാണ് ഇലകൊണ്ടല്ല വൃക്ഷം തിരിച്ചറിയപ്പെടുന്നത്

അതുല്യമായ ഒരു ദാർശനിക തലം തുറന്നു കാട്ടുകയാണ് ക്രിസ്തു. 'വൃക്ഷത്തെ തിരിച്ചറിയുന്നത് അതിന്റെ ഫലം കൊണ്ടാണ്.' അത്തിവൃക്ഷത്തെ കർത്താവ് ശപിക്കുന്ന സന്ദർഭം എടുത്തു നോക്കാം. 'അത്തിവൃക്ഷത്തിനു ഇലയുണ്ടായിരുന്നു. എന്നാൽ ഫലമില്ലായിരുന്നു.' ഫലമില്ലാത്ത ഇലകളുടെ ബാഹ്യപ്രകടനങ്ങളല്ല കർത്താവിനു പ്രിയം. ഇന്നും പല മാതാപിതാക്കളും ബാഹ്യപ്രകടനങ്ങൾ മാത്രമാണ് തങ്ങളുടെ കുട്ടികളുടെ കഴിവിനെ വിലയിരുത്തുന്നത്. പ്രകടനങ്ങൾ വിലയിരുത്തലിന് ഘടകമല്ല എന്നല്ല, എന്നാൽ ശരിയായ വിലയിരുത്തൽ മൂല്യവത്തായി ധാർമ്മികതയിൽ അടിയുറച്ച് എത്രത്തോളം തലമുറ വളരുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം. 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക വൃദ്ധനായാലും അവൻ അത് വിട്ടുമാറില്ല'

എന്ന വചനം ഇവിടെ ഏറ്റവും അന്വർത്ഥമാണ്.

പല വ്യക്തികളും സമൂഹത്തിൽ ശ്രദ്ധേയമായ സ്ഥാനം അലങ്കരിച്ചു എങ്കിലും അതിനു തക്കവണ്ണമുള്ള ഒരു തലമുറയെ ശേഷിപ്പിക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഒരുപക്ഷേ, ബാഹ്യജീവിതത്തിൽ ഉണ്ടായിരുന്ന വിലയും, നിലയും, ആന്തരികജീവിതത്തിൽ തുടരാൻ കഴിയാതെ വന്നതുകൊണ്ടാകാം അപ്രകാരം സംഭവിക്കുന്നത്. ഒരാൾക്ക് മറ്റുള്ളവരുടെ കണ്ണിൽ പൊടിയിട്ട് ജീവിതം അഭിനയിച്ച് മുന്നോട്ടു പോകാമെങ്കിലും, ഉള്ളതു പോലെ കാണുന്ന സന്താനങ്ങളുടെ മുമ്പിൽ അപ്രകാരമുള്ള ഒരു അഭിനയം എപ്പോഴും സാധ്യമായിരിക്കുകയില്ല. അതിനാലാണ് "നല്ല മനുഷ്യൻ തന്റെ ഹൃദയത്തെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലതു പുറപ്പെടുവിക്കുന്നു. ദുഷ്ടൻ ദോഷമായതിൽ നിന്ന് ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്" തുടങ്ങിയ നിദാന്തസത്യങ്ങൾ ക്രിസ്തു പ്രസ്താവിക്കുന്നത്.

ഇലകൾ പൊഴിയും, തൊലി അടരും, ഉറപ്പില്ലാത്ത ശിഖരങ്ങൾ ദ്രവിക്കും പക്ഷേ, കാലം കഴിയുന്തോറും 'കാതൽ' മാത്രം കട്ടിയുള്ളതും നിറമുള്ളതും ഉറപ്പുള്ളതുമായി മാറും. അതിനാൽ ജീവിതത്തിൽ 'ആന്തരീയ വിശുദ്ധി' വളർത്തി എടുക്കാൻ ഭഗീരഥപ്രയത്നം ചെയ്യണം. കഷ്ടപ്പാടുകൾക്ക് ഫലമുണ്ടാകും. തലമുറ ധന്യമാകും, അനുഗ്രഹകരമായി അറിയപ്പെടും.

യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ.... നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും..... നിന്റെ മക്കളുടെ മക്കളെയും നീ കാണും. സങ്കീർത്തനം 128. 1-6.

യഹോവാഭക്തനായ പുരുഷൻ ആർ?...... അവന്റെ സന്തതി ദേശത്തെ അവകാശമാക്കും. സങ്കീർത്തനം 25: 12-16.

വെളിച്ചമുള്ള വഴികാട്ടിയാകുവാനും, വിധിച്ച് വധിക്കാതെ വ്യവസ്ഥയില്ലാതെ സ്നേഹിക്കുവാനും, ഇലകൊണ്ടല്ലാതെ ഫലംകൊണ്ട് ജീവിതവില തിരിച്ചറിയുവാനും ഈ വേദഭാഗം ശക്തമായി നമ്മോടാവശ്യപ്പെടുന്നു.

ആഗസ്റ്റ് 25
വാങ്ങിപ്പിനു ശേഷം 2-ാം ഞായർ
വി. ലൂക്കോ. 11:9-20

ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ക്രിസ്തു (ലൂക്കോ. 11: 1-4) എങ്ങനെ പ്രാർത്ഥിക്കണമെന്നും, പ്രാർത്ഥനയുടെ ഫലമെന്തെന്നും സോദാഹരണ സഹിതം വിശദീകരിക്കുന്ന വേദഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗം. അതിനോടൊപ്പം പ്രവൃത്തിയിൽ കാട്ടേണ്ട മാന്യതയെകുറിച്ചും ക്രിസ്തു വ്യക്തമാക്കുന്നു (ലൂക്കോ. 11: 4-20). ഇവ രണ്ടും രണ്ട് വ്യത്യസ്ഥ സമയങ്ങളിൽ പ്രതിപാദിച്ചതായി പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും, അവ തമ്മിൽ ഏറെ ബന്ധം നിലനിർത്തുന്നതായി നമുക്കു മനസ്സിലാക്കാം.

പ്രാർത്ഥന ഒരു തുടർപ്രക്രിയ

ആവശ്യാനുബന്ധമായി മാത്രം ഉടയവനെ വിളിക്കുകയും, അവസരമാത്ര പ്രദാനങ്ങളായി നേർച്ച കാഴ്ചകൾ അർപ്പിക്കുകയും ചെയ്യുന്ന ആവശ്യഭക്തന്മാരുടെ കണ്ണു തുറക്കാൻ ഉതകുന്നതാണ് ക്രിസ്തുവിന്റെ പ്രബോധനം. യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ (11:9) എന്ന മൂന്ന് ക്രിയകളും തുടർ പ്രക്രിയകളായി നടത്തുവാനുള്ള ആഹ്വാനമാണ് മൂലഭാഷയിലെ വ്യാകരണത്തിൽ കാണുന്നത്. അതായത് യാചിച്ചു കൊണ്ടേയിരിപ്പിൻ, അന്വേഷിച്ചു കൊണ്ടേയിരിപ്പിൻ, മുട്ടി കൊണ്ടേയിരിപ്പിൻ. ഇവ മൂന്നും പ്രാർത്ഥനയുടെ ഫലപ്രാപ്തി തീർച്ചയാണ് എന്ന് ദ്യോതിപ്പിക്കാനുതകുന്ന വാക്കുകളാണ്. അതിനുദാഹരണമായ ഒരു സംഭവം ഉപമാരൂപത്തിൽ തൊട്ടുമുമ്പ് ക്രിസ്തു അവതരിപ്പിക്കുന്നുണ്ട് (ലൂക്കോസ് 11: 5-8). അർദ്ധരാത്രിയിൽ കടന്നുവരുന്ന സ്നേഹിതനുവേണ്ടി അപ്പമന്വേഷിച്ച് മറ്റൊരു സ്നേഹിതന്റെ ഭവനത്തിലെത്തിയ ഒരാൾ. ആ ഭവനക്കാരൻ ഏറെ പ്രയാസം പറഞ്ഞു എങ്കിലും, തന്റെ സ്നേഹിതന്റെ നിർബന്ധപൂർവ്വവും, ലജ്ജ കൂടാതെയുമുള്ള അപേക്ഷ കേട്ട്, ശല്യം സഹിക്കവയ്യാതെ, എന്നും വേണമെങ്കിൽ പറയാം, അപ്പം എടുത്തു കൊടുക്കുന്നു. മാനുഷിക ബന്ധങ്ങളിൽപോലും ഇത്രത്തോളം ഉദാരത ഉണ്ടെങ്കിൽ ദൈവം എത്രത്തോളം ഉദാരമതിയാണ്. ഈ ഉപമയുടെ അന്തസത്തയാണ് 9, 10 വാക്യങ്ങളിലെ ക്രിസ്തുവിന്റെ വാക്കുകൾ. നിങ്ങൾ മടുപ്പു കൂടാതെ അന്വേഷിക്കുക ദൈവം നിങ്ങൾക്കു തരും എന്ന മൊഴി എത്രയോ ആശ്വാസപ്രദമാണ്. ഈ ദർശനത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നതാണ് ലൂക്കോസ് 11. 11 മുതൽ 13 വരെയുള്ള ഭാഗങ്ങൾ. മകന്റെ ആവശ്യമനുസരിച്ച് വേണ്ടുന്നത് മാത്രം പ്രദാനം ചെയ്യുന്ന അപ്പൻ. വേണ്ടുന്നതിനു പകരം അപ്പന്റെ ഇഷ്ടത്തിന് കൊടുക്കുവാൻ മറ്റു സാധ്യതയുണ്ടായിട്ടും, അങ്ങനെ ചെയ്താൽ തിരികെ പ്രതികരിക്കാൻ ഒരു തരത്തിലും കഴിയാത്ത മകനായിരുന്നിട്ടും അപ്പൻ മകന്റെ ആവശ്യാനുസരണം വേണ്ടുന്നത് തന്നെ കൊടുക്കുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ, ഇങ്ങനെയാണ് ഭൗമീക അപ്പന്മാർ ചെയ്യുന്നതെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും (11. 20).

സകലസത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവാണ് നമുക്ക് ഏറെ ആവശ്യമായിരിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ പിതാവ് ആത്മാവിനെ നമുക്കു പ്രദാനം ചെയ്യും. അതിനു മടിപ്പുകൂടാതെയും, നിരന്തരവുമുള്ള പ്രാർത്ഥന അനിഷേധ്യമായ ഒന്നാണെന്ന് ക്രിസ്തു ഇവിടെ വ്യക്തമാക്കുന്നു.

നന്മ നിറഞ്ഞ പ്രവൃത്തി പ്രാർത്ഥനാ മനുഷ്യന്റെ ഭാവം

ഭൂതത്തെ പുറത്താക്കുന്ന ക്രിസ്തുവിനെ ഒറ്റപ്പെടുത്തുവാൻ ശ്രമിക്കുന്ന പുരുഷാരത്തിന്റെ രണ്ട് തരത്തിലുള്ള പ്രതികരണങ്ങളാണ് 14 മുതൽ 16 വരെയുള്ള വാക്യങ്ങളിലുള്ളത്. ഒരു കൂട്ടർ ഭൂതങ്ങളുടെ തലവനെകൊണ്ടാണ് ക്രിസ്തു ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന് ആരോപിച്ചപ്പോൾ മറ്റൊരു കൂട്ടർ ക്രിസ്തുവിന്റെ അസ്ഥിത്വത്തെ ഉറപ്പിക്കുന്ന മറ്റൊരടയാളം ചോദിക്കുന്നു. ആദ്യത്തെ സംഘം ക്രിസ്തുവിന്റെ ചെയ്തികളെ ഏത് തരത്തിലും നിഷേധിക്കുവാനുള്ള ശ്രമമാണ് നടത്തുന്നത്. ക്രിസ്തുവിന്റെ ഭവനക്കാരും യറുശലേമിൽ നിന്നുവന്ന ശാസ്ത്രിമാരും ക്രിസ്തുവിനെ ഒറ്റപ്പെടുത്തുവാൻ ഇതേ മാർഗ്ഗമാണ് സ്വീകരിച്ചിരുന്നത്.

നാം മുൻപ് കണ്ടിട്ടുണ്ട്. 'ഭൂതങ്ങളുടെ തലവന്റെ കൂട്ടുപിടിച്ച് ഭൂതങ്ങളെ പുറത്താക്കുന്നു' എന്ന ആക്ഷേപമാണ് അവർ നടത്തുന്നത്. ഒരുപക്ഷേ, അന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ ഭൂതങ്ങളെ പുറത്താക്കുന്ന ആളുകൾ ഉണ്ടായിരുന്നിരിക്കാം. അതിനാലാണ് 19-ാം വാക്യത്തിൽ "ബെയെത്സെബൂലെക്കൊണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ നിങ്ങളുടെ മക്കൾ ആരെ കൊണ്ടു പുറത്താക്കുന്നു എന്ന് ക്രിസ്തു ചോദിക്കുന്നത്" ചുരുക്കത്തിൽ ക്രിസ്തുവിലുള്ള ദൈവീകഭാവം കൊണ്ടല്ല പ്രത്യുത സാത്താന്യസ്വഭാവം കൊണ്ടാണ് ഭൂതത്തെ പുറത്താക്കുന്നത് എന്നതാണ് ആരോപണം. യേശുക്രിസ്തുവിലുള്ള നന്മ അംഗീകരിക്കുന്നില്ല എന്ന് മാത്രമല്ല തിന്മ ആരോപിക്കുകയും ചെയ്യുന്നു. "ഉള്ളത് അംഗീകരിക്കാതെ ഇല്ലാത്തത് ആരോപിക്കുന്നു." ഇതാണ് പ്രവർത്തിയിലെ തിന്മ എന്നാണ് ക്രിസ്തു പറയുന്നത്.

ആന്തരീക വിഭജനം സർവ്വനാശം

17, 18 വാക്യങ്ങളിൽ ഒരു സർവ്വലോകനിയമം ക്രിസ്തു പഠിപ്പിക്കുകയാണ്. നിങ്ങൾ പറയുന്നല്ലോ സാത്താനെ കൊണ്ടാണ് ഞാൻ സാത്താനെ പുറത്താക്കുന്നതെന്ന്, അവൻ അവനോടു തന്നെ പോരടിച്ചാൽ എങ്ങനെ അവന്റെ രാജ്യം നിലനിൽക്കും. യേശുക്രിസ്തുവിലെ കാലത്ത് ഈ വചനത്തിന് എത്രത്തോളം പ്രസക്തി ഉണ്ടായിരുന്നു എന്നറിയില്ല. പക്ഷേ, ഇന്ന് ഇതിന് ഏറെ പ്രസക്തി ഉണ്ട് എന്നുള്ളത് വളരെ വ്യക്തമാണ്.

സാത്താൻപോലും അവന്റെ രാജ്യത്തിലെ ഭദ്രതയ്ക്കുവേണ്ടി ശ്രമിക്കുമ്പോൾ, വിവേകികൾ എന്നഭിമാനിക്കുന്ന മനുഷ്യർ പരസ്പരം തല തല്ലി കീറുന്ന കാഴ്ച ഇന്ന് അത്ര പുതുമ ഉള്ള ഒന്നല്ല.

കുടുംബം, ഇടവക, സമൂഹം എവിടെയും പരസ്പര വൈരത്തിന്റെ ചിദ്രിപ്പ് നടമാടുകയാണ്. പ്രാർത്ഥനയിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവന്റെ ഉത്തമമായ പ്രവർത്തി സംയോജിപ്പുണ്ടാകുന്നതാകണം. പക്ഷേ, വിധി വൈപരീത്യം എന്ന് പറയട്ടെ. പ്രാർത്ഥനയ്ക്കായ് കൂടിവരുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് മറ്റുള്ളിടങ്ങളെക്കാൾ കൂടുതൽ വിഭജനങ്ങളും, അന്തഃച്ഛിദ്രങ്ങളും ഇന്നത്തെ കാലത്തുണ്ടാകുന്നത്.

സെപ്റ്റം. 1
വാങ്ങിപ്പിനു ശേഷം 3-ാം ഞായർ
വി. മത്തായി 17:22-27

യേശുക്രിസ്തു തന്റെ സഹന മരണോത്ഥാനത്തെകുറിച്ച് തന്റെ ശിഷ്യന്മാരെ ഉത്ബോധിപ്പിക്കുന്നതും, യേശുതമ്പുരാൻ ലോകനിയമങ്ങളെ പാലിക്കുവാൻ ശിഷ്യലോകത്തെ പ്രബോധിപ്പിക്കുന്നതുമായ രണ്ട് ചിന്തകളാണ് ഇന്നത്തെ സുവിശേഷ ഭാഗത്തിലുള്ളത്.

കഷ്ടതയിലൂടെയുള്ള മഹത്വം

എങ്ങനെയാണ് മഹത്വപൂർത്തിയിലേക്ക് ഉയരേണ്ടത്. ലോകനിയമം അനുസരിച്ച് അനുചരന്മാരുടെ എണ്ണമനുസരിച്ചോ, വഹിച്ച സ്ഥാനങ്ങളുടെ അടിസ്ഥാനത്തിലോ, ആർജ്ജിച്ച ധനത്തിന്റെ തലത്തിലോ ആണ് ഒരാളുടെ മഹത്വം നിർണ്ണയിക്കുന്നത്. പുരാണങ്ങളിലും യുദ്ധങ്ങൾ ജയിച്ച് വിജയശ്രീലാളിതരായവരാണ് മഹത്വവാന്മാർ. എന്നാൽ ക്രിസ്തു മഹത്വത്തിന് പുതിയൊരു മാനം കണ്ടെത്തി; കഷ്ടതയിലൂടെയുള്ള മഹത്വം. വെളിപാട് പുസ്തം 7-ാം അദ്ധ്യായത്തിൽ കുഞ്ഞാടിന്റെ മുൻപിൽ നിൽക്കുന്ന മുദ്രയിടപ്പെട്ട നൂറ്റിനാല്പത്തിനാലായിരം പേരും എണ്ണികൂടാത്ത ജനസഞ്ചയവും, കുരുത്തോലകൾ പിടിച്ച് വെള്ള നിലയങ്കി ധരിച്ചു നിൽക്കുമ്പോൾ ഇവർ ആർ എവിടെ നിന്നുവന്നു? എന്ന ചോദ്യത്തിന് "യജമാനൻ അറിയുമല്ലോ.... ഇവർ മഹാകഷ്ടത്തിൽ നിന്നും വന്നവർ......" (7:14) ഈ ഭാഗത്തിന്റെ പഴയ നിയമദർശനം യശയ്യാവ് 25:8, 9 ഭാഗങ്ങളിൽ കാണാവുന്നതാണ്.

കഷ്ടമനുഭവിച്ച് മഹത്വം പ്രാപിച്ച ക്രിസ്തു ഒരു നവ്യാനുഭവം മാനവജാതിക്കു നൽകുകയാണ് കഷ്ടങ്ങളിൽ കൂടി. അടിപതറി പോകുമെന്ന് വിചാരിച്ചിരുന്ന മനുജകുലത്തിന് അതുല്യമായ പ്രത്യാശ നൽകുകയാണ് ക്രിസ്തു. നിന്റെ കഷ്ടതകൾക്കുമപ്പുറമായി മഹത്വത്തിന്റെ ഒരു ദിനം നിന്നിലുണ്ടാകും എന്ന്. 1 കോരിന്ത്യ ലേഖനം 15: 11 മുതൽ 58 വരെയുള്ള വാക്യങ്ങളിൽ ദീർഘമായ ഒരു വിശദീകരണം ക്രിസ്തുവിന്റെ മരണവും, പുനരുത്ഥാനവും വഴിയായി നമുക്ക് കരഗതമായ ആത്മീയ നന്മകളെ കുറിച്ച് പരിശുദ്ധ പൗലോസ് ശ്ലീഹാ നൽകുന്നുണ്ട്.

മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയർത്തിട്ടില്ല (16)... "ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി.... ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിലുള്ളവർ"

എത്ര ഉദാത്തമായ ദർശനമാണ് പൗലോസ് ശ്ലീഹാ ഇവിടെ നൽകുന്നത്. ക്രിസ്തു നമ്മുടെ മഹത്വത്തിന്റെ നായകനാണ്. മഹത്വത്തിലേക്കുള്ള അവിടുത്തെ പ്രവേശനം കഷ്ടതയിലൂടെയാണ്. നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്ന നിഷ്കളങ്കസഹനങ്ങളൊക്കെ മഹത്വത്തിലേക്കുള്ള ചവിട്ടുപടിയാണ്.

ലോകനിയമങ്ങൾ പാലിക്കുക: ആത്മീയതയുടെ പ്രായോഗികമുഖം

യേശുവിന്റെ സ്വന്തം പട്ടണമായ കഫർന്നഹൂമിൽ (മത്തായി 9.11) വച്ചാണ് ഈ സംഭവം നടക്കുന്നത്. ക്രിസ്തു ദേവാലയ നികുതി കൊടുക്കുന്നില്ലേ എന്ന് ഒരാൾ പത്രോസിനോടു ചോദിച്ചു. ചോദ്യകർത്താവിന് വിവിധോദ്ദേശങ്ങളുണ്ട്. കർത്താവിന്റെ സഹനമരണോത്ഥാനത്തിന്റെ കാലഘട്ടമാണെന്ന് മുൻപ് സൂചിപ്പിച്ച ഭാഗത്തു നിന്നും മനസ്സിലായിട്ടുള്ളതാണല്ലോ. ഇരുപതു വയസ്സു കഴിഞ്ഞ ഓരോ യഹൂദാപുരുഷനും അരശേക്കൽ വർഷം തോറും ദേവാലയ ആവശ്യങ്ങൾക്കായി കൊടുക്കണമെന്ന് നിയമമുണ്ടായിരുന്നു. (പുറപ്പാട് 30:11-16; നെഹമ്യാവ് 10: 32,33). യേശു ദേവാലയ നികുതി കൊടുക്കുന്നില്ല എന്ന് സ്ഥാപിച്ച് അത് അവനെതിരായ ഒരു കുറ്റാരോപണമായി ഉപയോഗിക്കാനുള്ള ഒരു ശ്രമം ഈ ചോദ്യത്തിനു പിൻപിലുണ്ട്. ക്രിസ്തു ദേവാലയ നികുതി കൊടുത്തിരുന്നില്ല എന്ന് വിചാരിക്കാൻ സാധ്യമല്ല. ദേവാലയ കർമ്മങ്ങളിലും, ദേവാലയത്തിന്റെ യഥാർത്ഥ സ്ഥാപനോദ്ദേശത്തിലും ഏറെ ഉൽസുകനായിരുന്ന യേശു തീർച്ചയായും ദേവാലയത്തിന് ചെയ്യേണ്ടത് ചെയ്യാൻ ഔൽസുക്യം കാണിച്ചിരുന്നു. പക്ഷേ, ദൈവപുത്രൻ എന്ന നിലയിൽ താൻ ഒഴിവുള്ളവനായിരുന്നിട്ടും അവിടുന്ന് ദേവാലയ നികുതി മുൻപെ കൊടുത്തിരുന്നു. പിന്നെ എന്തിനാണ് ഒരിക്കൽ കൂടി നികുതി കൊടുക്കാൻ ക്രിസ്തു പത്രോസിനോട് പറയുന്നത്.

ഒന്നാമതായി ദേവാലയത്തോട് അത്രയ്ക്ക് ബഹുമാനവും, ആദരവും ക്രിസ്തുവിനുണ്ടായിരുന്നു എന്നുള്ളതാണ്. പത്രോസിന് ഉണ്ടാകാമായിരുന്ന അവസാന സംശയം പോലും ദൂരീകരിച്ചാണ് ക്രിസ്തു ദേവാലയ നികുതി കൊടുക്കാൻ അവനോട് ആവശ്യപ്പെടുന്നത്. ദൈവപുത്രനായ താൻ ചെയ്യേണ്ടതില്ലാത്ത കാര്യം പോലും ദേവാലയത്തിനു ചെയ്യുന്ന ക്രിസ്തു, 'മതിലേൽ കുരുത്തതാണെന്ന്' പറഞ്ഞ് ദേവാലയ വരുമാനങ്ങൾ കൊടുക്കാതെ മാറി നിൽക്കുന്നവരുടെ കണ്ണ് തുറപ്പിക്കുകയാണ് അവിടുത്തെ വാക്കിലൂടെ.

രണ്ടാമതായി ലോകനിയമങ്ങളെ പാലിക്കുവാൻ ശിഷ്യന്മാരെ പഠിപ്പിക്കുവാൻ ലഭിക്കുന്ന ഓരോ അവസരങ്ങളും ക്രിസ്തു ഉപയോഗപ്പെടുത്തുന്നുണ്ട്. കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ എന്ന ചോദ്യവും അതിനു ക്രിസ്തുവിന്റെ ഉത്തരവും നമുക്ക് അറിവുള്ളതാണല്ലോ. അപ്രകാരം തന്നെ മനുഷ്യനന്മയ്ക്കും, സമൂഹത്തിന്റെ അവിഭാജ്യതയ്ക്കും, സാമൂഹ്യോൽക്കർഷത്തിനും ലഭ്യമായ നിയമങ്ങൾ പാലിക്കാനുള്ളതാണെന്ന് ഇവിടെ ക്രിസ്തു വ്യക്തമാക്കുന്നു.

കരുതുന്നവനായ ക്രിസ്തു

പത്രോസിനോട് യേശു പറയുന്ന ഒരു വാക്ക് ഏറെ ഹൃദ്യമായതാണ്. "എനിക്കും നിനക്കും വേണ്ടി കൊടുക്ക" (17.27) പത്രോസ് ദേവാലയ നികുതി കൊടുക്കുന്നത് ഇവിടെ ഒരു വിഷയമേയല്ല. പക്ഷേ, ക്രിസ്തു അവനു വേണ്ടിയും കരുതുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ ദേവാലയ നികുതി കൊടുക്കേണ്ടതിന്റെ പ്രാധാന്യത പത്രോസിനെയും, സഹശിഷ്യന്മാരേയും ബോധിപ്പിച്ചതു കൂടാതെ കരുതലിന്റെ ഒരാത്മീകത ഈ ഭാഗത്തു നിന്നും നമുക്കു മനസ്സിലാക്കാവുന്നതാണ്.

ക്രിസ്തു ശിഷ്യന്റെ സ്വഭാവം അവൻ തനിക്കു മാത്രമല്ല മറ്റുള്ളവരേയും കരുതുവാൻ ബാദ്ധ്യസ്ഥനാണെന്നാണ്. ഈ ലോകം വിട്ടു പോകുവാനുള്ള തന്റെ കാലം അടുത്തിരിക്കുന്ന സന്ദർഭത്തിൽ തന്റെ ജീവിതശേഷവും ശിഷ്യന്മാർ പുലർത്തേണ്ടതായ ആത്മീയോൽക്കർഷം ക്രിസ്തു അവരെ പഠിപ്പിക്കുകയാണ്. താൻ നികുതി കൊടുക്കേണ്ട സന്ദർഭത്തിൽ കൂടെയുള്ളവർക്കും കരുതുന്ന ക്രിസ്തു ശിഷ്യസമൂഹത്തിന് നല്ലൊരു പാഠം പ്രവർത്തിയിൽക്കൂടെ കാണിച്ചു കൊടുക്കുകയാണ്. "നിനക്കുവേണ്ടിയും." ശിഷ്യസമൂഹം കേൾക്കുക മാത്രമായിരുന്നില്ല അവർ പ്രാവർത്തികമാക്കുകയും ചെയ്തു. ആദിമസഭാ ജീവിതത്തിൽ തെളിഞ്ഞു കാണുന്ന ഒരു ദർശനമാണത്. "സകലവും, പൊതുവക എന്നു എണ്ണുകയും.... ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും (അപ്പോ: 2.45,46) എന്നൊക്കെ ആദിമ സഭാജീവിതത്തെ വിവരിക്കുമ്പോൾ ഗുരുവിൽ നിന്നും ശിഷ്യന്മാരിലേക്കും, അവരിൽ നിന്നും സഭയിലേക്കും ചംക്രമണം ചെയ്ത കരുതലിന്റെ പുതിയ പാഠമാണത്. "നിനക്കും വേണ്ടി."

ചിലരുടെ ആർത്തിയും, സ്വാർത്ഥതയുമാണ് ഇന്നിന്റെ എല്ലാ പ്രശ്നങ്ങൾക്കും കാരണം. ഞാൻ, എനിക്ക് എന്ന വൃത്തത്തിലേക്ക് ചുരുങ്ങി പോകുന്നു ജീവിതം. ഏത് രംഗമെടുത്താലും മുൻപുണ്ടായിരുന്നതിനെക്കാൾ ഏറെ പരിമിതീകരിക്കപ്പെട്ട ഒരു ജീവിതമാണെല്ലാവരുടേയും. "നിന്നെക്കൂടി കരുതുമ്പോഴാണ് എനിക്കുള്ള കരുതൽ പൂർത്തിയാകുന്നത്. കാരണം നീയില്ലെങ്കിൽ ഞാനില്ല."

സെപ്റ്റം. 8

വാങ്ങിപ്പിനു ശേഷം 4-ാം ഞായർ

വി. മത്തായി 5:38-48

യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണ പരമ്പരയിലെ മൊഴിമുത്തുകൾകൊണ്ട് അലംകൃതമായ അതീവ ഹൃദ്യമായ ഒരു വേദഭാഗത്തിന്റെ ധ്യാനമാണ് ഇന്നത്തെ ചിന്തക്കായുള്ളത്.

നീതിയിൽ അധിഷ്ഠിതമായ നിയമസംഹിതകൾ

38 മുതൽ 42 വരെയുള്ള വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന സത്യങ്ങൾ പ്രാവൃത്തികമാക്കുവാൻ കഴിയുമോ? എന്ന് നമുക്ക് സംശയം തോന്നാം. വലത്തെ ചെകിട്ടത്തെ അടിക്കുള്ള പകരം ഇടത്തെ ചെകിടും കൂടി കാട്ടികൊടുക്കൽ. വസ്ത്രം വ്യവഹരിച്ചു വാങ്ങുന്നവന് പുതപ്പും കൂടി കൊടുക്കുക. ഒരു നാഴിക വരാൻ നിർബന്ധമുണ്ടെങ്കിൽ രണ്ട് നാഴിക കൂടെ നടക്കുക. എന്താ ഇതിന്റെ അർത്ഥം? പ്രതികരിക്കരുത് എന്നോ? അതോ സർവ്വസംഗപരിത്യാഗിയായി എല്ലാം വിട്ടുകൊടുക്കണമെന്നോ? ആണെന്നു തോന്നുന്നില്ല. അങ്ങനെയായിരുന്നു എങ്കിൽ യറുശലേം ദേവാലയത്തിന്റെ പൂമുഖത്ത് വിജാതീയർ ആരാധിക്കുന്ന സ്ഥലത്ത് നടത്തിയ പ്രാവിനെ വിൽക്കലും, നാണയം മാറ്റലും തടയാതെ, പ്രകാരത്തിലും കൂടി കച്ചവടം നടത്തുവാൻ യേശു അനുവദിക്കുമായിരുന്നല്ലോ. അനുവദിച്ചില്ല എന്നു മാത്രമല്ല ഒരു യഹൂദന് ഒരിക്കലും ശല്യമുണ്ടാക്കാതെ നടത്തിയിരുന്ന, ഒരുപക്ഷെ യറുശലേം ദേവാലയത്തിന് തറവാടക ഇനത്തിലും, ലേലം ലഭിക്കാൻ നേതാക്കന്മാർക്ക് കിട്ടിയിരുന്ന കമ്മീഷൻ ഇനത്തിലും ലഭിക്കാമായിരുന്ന പണവും നഷ്ടപ്പെടുത്തി യറുശലേം ദേവാലയത്തിലെ 'അവന്റെ' പരാക്രമം.

അതിനാൽ തന്നെ ക്രിസ്തുവിന്റെ വാക്കുകൾ എല്ലാം ഉപേക്ഷിക്കാനുള്ള ആഹ്വാനമല്ല. പ്രത്യുത വിട്ടുവീഴ്ചയുടേയും, വിട്ടുകൊടുക്കലിന്റെയും മാർഗ്ഗത്തിന് മാത്രമെ ശാശ്വതമായ നിലനിൽപ്പുണ്ടാവൂ എന്ന് നമ്മെ ബോധ്യപ്പെടുത്തുകയാണ്. ക്ഷമ, സ്നേഹം എന്ന വാക്കുകൾ പ്രതികാരം, ... എന്ന വാക്കുകളാൽ മാറ്റപ്പെടുകയാണിന്ന്.

"ക്ഷമിച്ചാലേ നിനക്ക് സ്വസ്ഥതയുടെ ജീവിതം നയിക്കാൻ കഴിയൂ. സ്വസ്ഥതയുണ്ടെങ്കിലെ നിനക്കു നല്ല ജീവിതമുള്ളു." ക്ഷമയുടെ സന്ദേശത്തിന് ഭാരതഭൂമിയിൽ ഏറെവേരുകളുണ്ട്. മറ്റേത് സംസ്കാരത്തേക്കാളും ക്ഷമയുടെയും, വിട്ടുവീഴ്ചകളുടെയും ദാർശനീകതലം പഠിപ്പിച്ച നാടാണ് നമ്മുടേത്. പ്രത്യേകിച്ചും കള്ളവും, കളവുമൊന്നുമില്ലാതെ ഭരിച്ച ഒരു രാജാവിനെ ഓർക്കുന്ന നാളുകളിൽ (വിരോധാഭാസം എന്നു പറയാൻ ഈ നാളുകളിലാണ് ഏറ്റവും കൂടുതൽ കള്ളക്കച്ചവടം, കവർച്ച, കൊലപാതകം, കാപട്യം എന്നിവ നടക്കുന്നത്. എന്തിനുവേണ്ടി. ഓണം ആഘോഷിക്കാൻ. നീതിയും, ന്യായവുമുള്ള ഒരു രാജാവിനെ സ്വീകരിക്കാൻ. ഇതല്ലെ യഥാർത്ഥത്തിൽ കലികാലം). നമുക്കൊന്നു ശ്രമിച്ചുടെ. അല്പമൊന്നു ക്ഷമിക്കാൻ. കുറച്ച് വിട്ടുവീഴ്ചാമനോഭാവം കാണിക്കാൻ. ചിലതൊക്കെ ഒന്നു വിട്ടുകൊടുക്കാൻ. പറയാൻ എളുപ്പം എന്ന് മനസ്സിൽ ചിന്തിക്കുന്നുണ്ടാവും. പക്ഷേ, ഇതാണ് നന്മയുടെ മാർഗ്ഗം. ഇതുമാത്രം. മറ്റൊന്നില്ല.

സ്നേഹത്തിന് പുത്തൻവ്യാഖ്യാനം

എന്താണ് സ്നേഹം എന്നതിന്റെ ഒരു പുതിയ മനോഭാവം തരുന്നു 43 മുതൽ 47 വരെയുള്ള വാക്യങ്ങളിൽ. തന്റെ കാലഘട്ടം വരെ നിലനിന്നിരുന്ന മനോഭാവങ്ങൾക്ക് ഒരു നവീനതലം കാണിക്കുകയാണ് ക്രിസ്തു. പഴയനിയമത്തിൽ കാണുന്ന ദൈവം സ്വന്തജനമായ ഇസ്രായേലിന്റെ വീണ്ടെടുപ്പിനായി ശത്രുക്കളെ സംഹരിച്ച് ഇസ്രായേലിനെ സംരക്ഷിക്കുന്നവനായിരുന്നു. (പുറപ്പാട് 15. 6,7). പഴയനിയമത്തിലുടനീളം ശത്രുക്കളെ പാലായനം ചെയ്യിച്ച് സ്വന്തമായതിനെ വീണ്ടെടുക്കുന്ന ദൈവം ഒരു പുതിയ കല്പന യേശുക്രിസ്തുവിലൂടെ നൽകുന്നു. ശത്രുക്കളെ സ്നേഹിക്കുക! ലേവ്യർ 19.18 ൽ സ്നേഹിക്കുന്നവരെ സ്നേഹിക്കുക എന്ന ആശയം ക്രിസ്തുവിലൂടെ പുനർവ്യാഖ്യാനിക്കപ്പെടുന്നു. ഏറ്റവും ശ്രേഷ്ഠമായത് ആ സ്നേഹം ക്രിസ്തുവിലൂടെ പുനരാവിഷ്കരിക്കപ്പെട്ടു എന്നതാണ്. പരിധിയും പരിമിതിയും വ്യവസ്ഥകളും കടന്ന് വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെ മകുടോദാഹരണമായി അവിടുന്ന് ക്രൂശിൽ വച്ച് കാട്ടിയ സ്നേഹത്തിന്റെ അത്യുജ്ജ്വലഭാവം. മറ്റൊന്നുമായി താരതമ്യം ചെയ്യാനാകാത്തതും, മറ്റൊന്നിനും പകരം വയ്ക്കാനാകാത്തതുമാണ് ക്രിസ്തു കാട്ടിയ സ്നേഹം. ആ സ്നേഹത്തിന്റെ പന്ഥാവിൽ സഞ്ചരിക്കാനുള്ള ദിവ്യാഹ്വാനമാണ് ശത്രുക്കളെ സ്നേഹിക്കാനുള്ള കല്പനയിൽ. അതെങ്ങനെ സാധ്യമാകും എന്ന സ്വാഭാവിക ചോദ്യത്തിനു മുകളിലോട്ട് നോക്കുക എന്നാണ് മറുപടി. 'അബ്ബാ' എന്ന് എന്നും വിളിച്ച് പ്രാർത്ഥിക്കുന്ന സ്വർഗ്ഗസ്ഥ പിതാവിങ്കലേക്ക് ദൃഷ്ടി ഉയർത്താൻ ക്രിസ്തു ആവശ്യപ്പെടുന്നു. എന്താണാ ദൈവത്തിന്റെ പ്രത്യേകത. നീതിമാന്മാരുടെ മേലും, നീതി കെട്ടവരുടെ മേലും ഒരുപോലെ വെളിച്ചവും, മഴയും കൊടുക്കുന്നവൻ. വേർതിരിച്ച് അനുഗ്രഹങ്ങളെ കൊടുക്കുവാൻ കഴിവും സാധ്യതയും ഉള്ളവൻ പോലും അനുഗ്രഹനുഭവത്തിൽ അങ്ങനെ ചെയ്യുന്നില്ല.

അതോടൊപ്പം സാധാരണ മനുഷ്യരിൽ നിന്നുണ്ടാകുന്ന സ്നേഹാനുഭവം അല്ല ക്രിസ്തു നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. സ്നേഹിക്കുന്നവരെ തിരിച്ചു സ്നേഹിക്കുന്നത് ചുങ്കക്കാരുടെയും പതിവാണ്. സഹോദരങ്ങളെ വന്ദനം ചെയ്യുന്നത് ജാതികളും ചെയ്യുന്നുണ്ട്. പതിവിനനുസരിച്ചും അളന്നു തൂക്കിയും നൽകാനല്ല ക്രിസ്തു ശിഷ്യന്റെ വിളി. അവനിൽ നിന്നും പ്രതീക്ഷിക്കുന്നത്. അസാധാരണതയുടെ സ്നേഹമേഖലകളാണ്. കഴിയില്ല എന്നു പറയരുത് കാരണം നാം ക്രിസ്തു ശിഷ്യരായി പോയി. അവനാണല്ലോ നമ്മുടെ മാതൃക. അവനെയാണല്ലോ നാം പിൻ പറ്റുന്നത്.

സ്വർഗസ്ഥനായ പിതാവ്: സൽഗുണങ്ങളിൽ മാതൃക

സ്നേഹത്തിന്റെയും ക്ഷമയുടെയും പാഠം ക്രിസ്തു അവസാനിപ്പിക്കുന്നത് ഒരു മാതൃക കാണിച്ചാണ്. മറ്റാരുമല്ല സ്വർഗ്ഗസ്ഥനായ പിതാവ്. സൽഗുണ പൂർണ്ണൻ ആകണമെങ്കിൽ ഒന്നേയുള്ളു മാർഗ്ഗം. അപ്പനെ മാതൃകയാക്കുക. ദൈവത്തിന്റെ ഛായയിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ. (ഉല്പത്തി 1.26) പാപം മൂലം നഷ്ടപ്പെട്ടതൊക്കെ പുനക്രമീകരിക്കുമ്പോൾ ദൈവീകരണത്തിലേക്കു വളരും. ദൈവീകരിക്കപ്പെടുന്നിടത്തു മാത്രമെ സ്നേഹവും അനുരഞ്ജനവും അതിന്റെ ആഴത്തിലും, പരപ്പിലും ദൃശ്യമാകുകയുള്ളു. "ദൈവീകരണ ശുശ്രൂഷ ഒക്കെ നമ്മുടെയിടയിൽ തട്ടുപൊളിപ്പൻ പരിപാടികളായി നടക്കുന്നു എങ്കിലും യഥാർത്ഥത്തിൽ ദൈവീകരിക്കപ്പെട്ട അനുഭവം ഉണ്ടാകുന്നില്ല എന്നതാണ് സത്യം. സ്വയം ത്യജിക്കുമ്പോഴേ ദൈവാനുഭവം നമ്മിൽ നിറയുകയുള്ളു. 'ഞാനില്ലാതാകുമ്പോൾ' ദൈവസാന്നിധ്യം നമ്മിൽ കൂടുതലുണ്ടാകും. "പൂർണ്ണത" എന്നതിന് 'ടെലോസ്' എന്നാണ് ഗ്രീക്കുപദം അതായത് ഒട്ടും സംശയമില്ലാത്തത്, സ്ഥലമില്ലാത്തത് എന്നൊക്കെയാണതിനർത്ഥം.

എല്ലാവരേയും ആശ്ലേഷിക്കുന്ന സ്നേഹത്തിന്റെ പാരമ്യത പിതാവിന്റെ പൂർണ്ണതയിലാണ് ലക്ഷ്യം കാണുന്നത്. സംപൂർണ്ണതയിലേക്കുള്ള വളർച്ചയിൽ നമ്മുടെ വഴികാട്ടിയാണ്; വിടർന്ന് പുഷ്പിച്ച്, സൗരഭ്യം പരത്തി നിൽക്കുന്ന സ്നേഹത്തിന്റെ പനിനീർ കുസുമമായ ക്രിസ്തു. ഈ ഭാഗത്തിന് കാലികമായ ഒരു പ്രസക്തി കൂടി ഉണ്ടെന്നു തോന്നുന്നു. ക്രിസ്തു പറയുന്നത് പൂർണ്ണതയ്ക്കായി അപ്പനെ കണ്ടുപഠിക്കാനാണ്. ഇന്ന് എത്ര അപ്പന്മാർക്ക് മക്കളോട് പറയാൻ കഴിയും. "എന്നെ കണ്ടു പഠിക്കെന്ന്" 'ബിസിനസിൽ എന്റെ കണ്ടുപഠിക്ക്! ഞാനെങ്ങനെ ലാഭമുണ്ടാക്കുന്നതെന്ന്! ഒരുപക്ഷേ, അങ്ങനെ പറയുന്ന ബിസിനസ് മാഗ്നറ്റുകളായ അപ്പന്മാരുണ്ടാകാം. എന്നാൽ ജീവിതവിശുദ്ധിയിൽ എന്നെ കണ്ടുപഠിക്ക് എന്നു പറയുന്ന അപ്പന്മാർ കുറഞ്ഞതിനാൽ മക്കൾക്കും അനുകരിക്കാനാളില്ലാതെ വരുന്നു. നമുക്കു പ്രതീക്ഷിക്കാം സൽഗുണങ്ങളിൽ അപ്പനെ കണ്ടുപഠിച്ച് പ്രാവർത്തികമാക്കുക മക്കളും അതെ! മറ്റെന്തിനെക്കാളും ജീവിതത്തിൽ സൽഗുണപൂർണ്ണത ഉണ്ടാകുന്ന അപ്പന്മാരും. ■

BRIDE GROOM WANTED

Orthodox Parents invite proposals for their daughter 24/156, (Working in RBS New Delhi) from parents of God-fearing Professionally qualified Orthodox boys working outside Kerala or abroad.

Contact:

Ph: 9037031138/m4marry ID: 3874227

BRIDE WANTED

Re-Marriage

Orthodox Christian boy. 34/162, MA Computer Science, legally divorced, working in Dubai Oil Company as admiral Manager, well setup in Dubai and Kerala invite proposal from parents of good fair girls. No demands please Contact:-

9747695353

BRIDE GROOM WANTED

Orthodox Parents of Ernakulam District invite suitable proposals for their daughter 25 years / 157 / slim, fair, MSc Chemistry, Junior Research Fellow in Pune .

Contact No:
9745232429

For Favours Received







Alex & Lissy, Doha

John Thomas

വിശുദ്ധനാട്ടിലേക്ക് തീർത്ഥയാത്ര

ഇസ്രായേൽ ഗവൺമെന്റിന്റെ 'ടൂറിസം അംബാസഡർ' ബഹുമതി ലഭിച്ച ഫാ. ജോൺ ശങ്കരത്തിൽ നയിയ്ക്കുന്ന

ജറുശലേം യാത്ര

അഭിവന്ദ്യ തിരുമേനിമാരുടെ ആത്മീയ നേതൃത്വത്തിൽ യേശു ക്രിസ്തുവിന്റെ ജനന-മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഇസ്രായേൽ, ഈജിപ്റ്റ്, ജോർദ്ദാൻ, പാലസ്തീൻ എന്നീ രാജ്യങ്ങളിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നു.

- അഭി. തിരുമേനിമാർ, വൈദികർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

സെപ്റ്റം. 16, ഒക്ടോ. 20, നവം. 13

അഭി. യൂഹാനോൻ മാർ പോളികാർപ്പോസ്, അഭി. മാത്യൂസ് മാർ തേവോദോസിയോസ് എന്നീ പിതാക്കന്മാർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.

Contact:-

Fr. John Sankarathil, Kottayam
Aju Chundamannil, Vakayar, Konni
Ph: 9847478894, 0481-2582518, 9447123321
e-mail: sankarathilachen@gmail.com
web: www.biblicaldiscoverytours.com

ഒക്ടോ. 12 – ന് ഇറ്റലി, റോം, അസ്സീസ്സി പാദുവ, ലൂർദ്, ടർക്കി എന്നിവിടങ്ങളിൽക്കൂടിയുള്ള യൂറോപ്പ് യാത്രയും പുറപ്പെടുന്നു


25-ാം ചരമ വാർഷികം

കാലത്തിനു മുമ്പേ സഞ്ചരിച്ച പുരോഹിത ശ്രേഷ്ഠൻ

വെരി. റവ. ഐ. ഡാനിയേൽ കോർ എപ്പിസ്കോപ്പാ

ഏവരത്തു കിഴക്കതിൽ, ചേപ്പാട്

25-ാം ചരമ വാർഷികം ആഗസ്റ്റ് 9, 2013



പ്രാർത്ഥന, വിശ്വാസം, സൗമ്യത, വിനയം കൃത്യനിഷ്ഠ, സത്യസന്ധന, മിതമായ സംസാരം ഇത്യാദി സവിശേഷതകൾ കൊണ്ട് ഒരു കാലഘട്ടത്തിൽ ചേപ്പാട് എന്ന ദേശത്തിന്റെ ആത്മീയാഭിവൃദ്ധിക്കും സഭാചരിത്ര ഗവേഷണങ്ങൾക്കും, ഓർത്തഡോക്സ് വിശ്വാസത്തിന്റെ പരിരക്ഷണത്തിനും ശാന്തമായ നേതൃത്വം നൽകിയ വൈദിക ശ്രേഷ്ഠനായിരുന്നു ഐ. ഡാനിയേൽ കോർഎപ്പിസ്ക്കോപ്പാ. നേതൃത്വം ദൈവം ഏല്പിക്കുന്ന ഉത്തരവാദിത്തങ്ങളോടുള്ള സഹനാധിഷ്ഠിത സമർപ്പണമാണെനന് ജീവിതം കൊണ്ട് ധന്യമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

നിരണം പട്ടമുക്കിൽ കുടുംബത്തിന്റെ ശാഖയായ ചേപ്പാട് ഏവരത്തു കിഴക്കേതിൽ ഇട്ടിമാത്തന്റെയും മറിയാമ്മയുടെയും ഒൻപതു മക്കളിൽ ഇളയ പുത്രനായി 1932 ജൂലൈ 24-ാം തീയതി ജനിച്ചു. സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം കൽക്കട്ട സെന്റ് പോൾസ് കോളജിലും തുടർന്ന് കോട്ടയം വൈദിക സെമിനാരിയിലും പഠനം നടത്തി. 1932 സ്പ്റ്റം. 4-ാം തീയതി പ. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് പഴയസെമിനാരിയിൽ വച്ച് ശെമ്മാശ്ശപട്ടം സ്വീകരിച്ചു. 1933-ൽ വീയപുരം കറുകയിൽ പുത്തൻപുരയ്ക്കൽ കുര്യൻ വർക്കിയുടെ പുത്രി ചിന്നമ്മയെ വിവാഹം ചെയ്തു. 1936 സെപ്റ്റം. 27-ാം തീയതി കല്ലൂപ്പാറ പള്ളിയിൽ വച്ച് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാ പട്ടം സ്വീകരിച്ചു. ചേപ്പാട്, ഡാണാപ്പടി പള്ളികളിൽ വികാരിയായിരുന്ന ഇദ്ദേഹം 1975 ഏപ്രിൽ 15-ാം തീയതി തിരുവല്ല പാലിയേക്കര സെ. ജോർജ് പള്ളിയിൽ വച്ച് അന്നത്തെ നിയുക്ത കാതോലിക്ക മാത്യൂസ് മാർ അത്താനാസ്യോസ് കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. 1979 ജൂലൈ 1-ാം തീയതി അത്യന്തം മാതൃകാപരമായി ഇടവകഭരണത്തിൽ സ്വയം വിരമിച്ചു.

The Syrian Church of Malabar, Malabar Church an other Orthodox Churches, visit souvenier എന്നീ ഗ്രന്ഥങ്ങൾ രചിച്ചു. The syrian Church of Malabar എന്ന ഗ്രന്ഥത്തിന് കാലിഫോർണിയായിലെ എറാസുമസ് തിയോളജിക്കൽ കോളജിൽ നിന്ന് D.D. ബഹുമതി ബിരുദം ലഭിക്കുകയുണ്ടായി. Philosophy of Buddhism എന്ന പ്രബന്ധത്തിന് ഇംഗ്ലണ്ടിലെ ഫിലോസഫിക്കൽ സൊസൈറ്റിയിൽ നിന്ന് FPh.S എന്ന ബിരുദവും ലഭിച്ചു. ബോംബെ യൂണിവേഴ്സിറ്റി ലൈബ്രറി തുടങ്ങി വിവിധ പുസ്തക ശേഖരങ്ങളിൽ സഭാചരിത്ര പഠനത്തിന് റഫറൻസ് ഗ്രന്ഥമായി The Syrian Church of Malabar എന്ന പുസ്തകം ഇന്നും സൂക്ഷിക്കുന്നു.

വിവിധ ആനുകാലികങ്ങളിൽ ചേപ്പാടു പള്ളിയോടു ചേർന്നുള്ള പി.എം.ഡി. സ്ക്കൂളിന്റെ മാനേജരായി ദീർഘകാലം പ്രവർത്തിച്ചു. ചേപ്പാട് ഡാണാപ്പടി പള്ളികളിലെ വികാരിയായിരുന്ന കാലത്ത് പള്ളികൾ നവീകരിക്കുന്നതിന് സാധിച്ചു. ചേപ്പാടു പള്ളിയോട്ചേർന്ന് കുരിശിൻതൊട്ടിയും, കബറുമുറിയും കബറും പണിയിച്ചു.

1836 ലെ മാവേലിക്കര പടിയോല മൂലം ഓർത്തഡോക്സ് വിശ്വാസം സംരക്ഷിച്ച വിശ്വാസ ധീരനായ ചേപ്പാടു മാർ ദീവന്നാസ്യോസ് തിരുമേനി സഭയ്ക്കുവേണ്ടി അനുഭവിച്ച ത്യാഗവും സഭയ്ക്കു വേണ്ടി ചെയ്ത നന്മകളും വെളിച്ചത്തു കൊണ്ടുവരാൻ അക്ഷീണം പരിശ്രമിച്ചു ചേപ്പാടു തിരുമേനിയുടെ പേര് സഭാകലണ്ടറിൽ ചേർക്കുന്നതിനും അഭി. തിരുമനസ്സിലെ ഓർമ്മപ്പെരുന്നാൾ ഭക്തിനിർഭരമായി നടത്തുന്നതിനും അച്ചൻ ക്രമീകരണങ്ങൾ ചെയ്തു. എത്യോപ്യൻ ചക്രവർത്തിയായിരുന്ന ഹെയ്ലി സെലാസി ഒന്നാമനുമായി കത്തിടപാടുകൾ ഉണ്ടായിരുന്നു. ചേർപ്പാട്ടു മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ചരമശതവാർഷികം 1956 ൽ എത്യോപ്യൻ ചക്രവർത്തി ഉദ്ഘാടനം ചെയ്തു. മലങ്കരസഭയുടെ ചരിത്രത്തിൽ ആദ്യമായി ഗ്രാമീണാന്തരീക്ഷത്തിലെ ദേവാലയത്തിൽ ഒരു വിദേശ രാജ്യത്തിന്റെ ചക്രവർത്തിയെ സ്വീകരിക്കുവാൻ സാധിച്ചത് ചേപ്പാടു പള്ളിയുടെ പുരാതനത്വത്തെയും ചുവർചിത്രങ്ങളെയും കുറിച്ചുള്ള ലേഖനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെയും പ്രസിദ്ധീകരണങ്ങളിൽ രേഖപ്പെടുത്തുവാൻ സാധിച്ചു. തിരുവിതാംകൂർ കൊച്ചി ആർക്കിയോളജിക്കൽ ഡയറക്ടറെയും നാഷണൽ ജ്യോഗ്രഫിക്കൽ സൊസൈറ്റി പ്രതിനിധികളെയും ചേപ്പാടു പള്ളിയിലേക്ക് ക്ഷണിക്കുകയും പള്ളിയുടെ മദ്ബഹയിലെ അപൂർവ്വമായ ചുമർചിത്രങ്ങളും ജനശ്രദ്ധയിലേക്കു കൊണ്ടുവരികയും ചെയ്തു. കേരള സംസ്ക്കാര സംബന്ധമായ ആധികാരിക ഗ്രന്ഥങ്ങളിൽ ദേവാലയത്തിലെ ചുമർചിത്രങ്ങളെക്കുറിച്ച് രേഖപ്പെടുത്തുവാൻ സഹായിച്ചു. തിരുവനന്തപുരം ആർട്ട് ഗാലറിയിൽ ഏതാനും ചിത്രങ്ങളുടെ പകർപ്പുകൾ പ്രദർശനത്തിനു വച്ചിട്ടുണ്ട്. ജന്മദേശത്തിന്റെയും ഇടവകയുടെയും പേരും പെരുമയും വർദ്ധിക്കുന്നതിന് ഇദ്ദേഹം പരിശ്രമിച്ചു. നാഷണൽ ജ്യോഗ്രഫിക്കൽ സൊസൈറ്റിയിൽ അംഗത്വം ലഭിച്ചു. ആസ്ത്രേലിയായിലെ സിഡ്നി ബൈബിൾ ട്രെയിനിംഗ് കോളജിലെ അസോസിയേറ്റും ആയി പ്രവർത്തിച്ചു.

ഈ വൈദിക ശ്രേഷ്ഠൻ ആരംഭിച്ച ചേപ്പാട് മാർ ദീവന്നാസിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രവർത്തനം ഇന്നും ഭംഗിയായി തുടരുന്നു.

ഈ വന്ദ്യ പുരോഹിതന്റെ മാതൃക പിൻപറ്റി ചേപ്പാടും സമീപ പ്രദേ



സൺഡേസ്ക്കൂൾ വാർത്തകൾ

അർദ്ധവാർഷിക പരീക്ഷകളും സഹപാഠ്യമത്സരങ്ങളും

ജൂലൈ 21 ന് അർദ്ധവാർഷിക പരീക്ഷകൾ എല്ലായിടത്തും ഭംഗിയായി നടന്നു കഴിഞ്ഞു എന്നു കരുതുന്നു. ആഗ്സറ്റ് മുതൽ സഹപാഠ്യമത്സരങ്ങളുടെ സമയമാണല്ലോ. കുഞ്ഞുങ്ങളെ ദൈവമക്കളാക്കുക എന്ന ആത്യന്തിക ലക്ഷ്യത്തിനുകീഴിൽ മാത്രമെ മത്സരങ്ങൾക്കും പരീക്ഷകൾക്കും ഒക്കെ സ്ഥാനമുള്ളു എന്നത് ആരും മറക്കരുത്. സെക്കുലർ ലോകത്തുള്ളതുപോലെ മത്സരങ്ങൾ വാശിയുടെയും, വിദ്വേഷത്തിന്റെയും ഉറവിടങ്ങളായിത്തീരാൻ അനുവദിക്കരുത്. അതുപോലെ യൂണിറ്റു തലം മുതൽ വിധി നിർണ്ണയം നടത്തുവാൻ കഴിവുള്ളവരെത്തന്നെ കണ്ടെത്തുവാനും ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം.

വാർഷിക പൊതുയോഗം

പതിവുപോലെ ആഗസ്റ്റിലെ രണ്ടാം ശനിയാഴ്ച കേന്ദ്രഓഫീസിൽ വെച്ചുനടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു. മൂന്നാം തീയതി എക്സിക്യൂട്ടീവ് കമ്മിറ്റിയും കൂടുന്നതാണ്. സഭാസമാധാനം ഉണ്ടായ 1964 മുതലാണ് OSSAE എന്ന പേരു നാം സ്വീകരിച്ചത്. ആ വിധത്തിൽ 2014 ഗോൾഡൻ ജൂബിലി വർഷം കൂടിയാണ്. അതിന്റെ ഉദ്ഘാടനം കൂടി വാർഷിക സമ്മേളനനത്തിൽ ഉണ്ടാവും. പ. ബാവാ തിരുമേനിയും പ്രസിഡന്റു തിരുമേനിയും മറ്റു ചുമതലക്കാരും സമ്മേളനത്തിന് നേതൃത്വം നൽകും. ബ. ജോഷ്വാ അച്ചൻ ജൂബിലി സന്ദേശം തരുന്നതാണ്. മറ്റു വിശദ വിവരങ്ങൾ നോട്ടീസിൽ കൂടി അറിയിക്കുന്നതാണ്.

വേദവചന ഭൂഷൺ

പ്രസംഗം, സംഗീതം, പൊതുവിജ്ഞാനം എന്നിവയിലേതുപോലെ വാക്യ മത്സരത്തിനും അഖിലമലങ്കര തലത്തിൽ ഒരു പ്രത്യേക സമ്മാനം ഈ വർഷം ഏർപ്പെടുത്തിയിട്ടുണ്ട്. വേദവചന ഭൂഷൺ എന്ന പേരാണ് അതിന് നൽകിയിരിക്കുന്നത്, സോണൽ തല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരുടെ പേപ്പറുകൾ കേന്ദ്ര തലത്തിൽ മൂല്യനിർണ്ണയം നടത്തിയാണ് ഈ സ്ഥാനിയെ കണ്ടെത്തുന്നത്. വേദവാക്യങ്ങൾ കൂടുതൽ പഠിക്കുവാൻ ഈ സമ്മാനവും ഒരു പ്രചോദനമായിത്തീരട്ടെ എന്നാശംസിക്കുന്നു.

കരിക്കുലം വിഷൻ

12-ാം ക്ലാസ്സിലെ ഉപപാഠപുസ്തകം ബ. റജിമാത്യു അച്ചൻ എഴുതിയ വി. കുർബ്ബാനയെക്കുറിച്ചുള്ള പഠനം ഈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഇതുവരെ പ്രസിദ്ധീകരിച്ചതു കൂടാതെ 5,6 ക്ലാസ്സുകളിലെ ടെക്സ്റ്റുകളും അധികം താമസിയാതെ പ്രസിദ്ധീകരിക്കാമെന്ന് ആശിക്കുന്നു. അടുത്ത അദ്ധ്യായന വർഷത്തിൽ തന്നെ മിക്ക ക്ലാസ്സുകളിലെയും പരിഷ്ക്കരിച്ച ടെസ്റ്റുകൾ പ്രസിദ്ധീകരിക്കണമെന്നാണ് ആഗ്രഹം. അത് ഒരു പ്രാർത്ഥനാ വിഷയമായി എല്ലാവരും പരിഗണിക്കുക.

നമുക്കും കടമയുണ്ട്

കുട്ടികളുടെ മേലുള്ള ക്രൂരത ആരും ചിന്തിച്ചതിലുമപ്പുറമാണെന്ന് വസ്തുതകൾ വെളിപ്പെടുത്തുന്നു. സൺഡേസ്ക്കൂൾ അദ്ധ്യാപകരും കുഞ്ഞുങ്ങളും എവിടെയെങ്കിലും കുട്ടികൾ അവഗണിക്കപ്പെടുകയോ പീഡിപ്പിക്കുകയോ ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടാൽ അവരെ രക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കണം. നിയമപരമായും ധാർമ്മികായും അവരെ ശിക്ഷിക്കുവാനുള്ള കടമ നമ്മുടെ ക്രിസ്തീയമായ ഉത്തരാവാദിത്വമാണ്. അവിടെ ജാതിയും, മതവും, സഭയും ഒന്നും നോക്കേണ്ടതില്ല. എല്ലാ കുഞ്ഞുങ്ങളും ദൈവത്തിന്റെ ഭാഗമാണ്. ഒരു ബാല്യവും അനാഥമായിത്തീരാനിരിക്കാനുള്ള എല്ലാ ഉദ്യമങ്ങളിലും നാമും പങ്കാളികളാകണം. അതിനായി പ്രാർത്ഥിക്കാം. പ്രവർത്തിക്കാം. നന്മകൾ നേർന്നുകൊണ്ട്.

ക്രിസ്തുവിൽ നിങ്ങളുടെ സഹ പ്രവർത്തകൻ

ഒ. തോമസ് അച്ചൻ

വിജയികൾ



സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരത്തിൽ സൗത്ത്സോൺ ഉപന്യാസ രചന (ഹയർസെക്കൻഡറി) വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ബിത മേരി ബിജി വഴുവാടി മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ബിജി ഉമ്മന്റെയും അനിത ബിജിയുടെയും മകളാണ്.



സൺഡേസ്ക്കൂൾ അഹമ്മദ്ബാദ് ഭദ്രാസന ഡയറക്ടറായി നിയമിതനായ കെ. ഐ തോമസ്. ഉദയ്പൂർ സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.

അനുസ്മരണം

കോട്ടയം:- അനേകം വർഷം മലങ്കര ഓർത്തഡോക്സ് സഭയുടെ അസോസിയേഷൻ സെക്രട്ടറിയായി പ്രവർത്തിച്ച എറികാട് ഇ.ജെ. ജോസഫ് അനുസ്മരണ സമ്മേളനം പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

പ. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

കാലത്തിനു മുമ്പേ സഞ്ചരിച്ച...

39-ാം പേജിൽ നിന്നു തുടർച്ച...

ശത്തും നിരവദി വൈദികർ പിൽക്കാലത്ത് ഉണ്ടായി. ഏതൊരാളുടെയും ഉയർച്ച അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹം എന്നും ഉദാര മനസ്കനായിരുന്നു. യുവ വൈദികരോട് വല്യച്ചനും വല്യച്ചനോട് യുവവൈദികർക്കുമുള്ള ബന്ധം അത്യന്തം മാതൃകാപരമായിരുന്നു. അനേകരെ പ്രോത്സാഹിപ്പിച്ചു യഥാർത്ഥ വിശ്വാസത്തിന്റെയും വഴിയിലൂടെ വളർത്തിയെടുക്കുവാൻ സാധിച്ചതുകൊണ്ട് പ. സഭയ്ക്ക് വിശ്വാസ തീഷ്ണതയുള്ളവരും സമൂഹത്തോട് പ്രതിബദ്ധതയുള്ളവരുമായ നിരവധി വൈദികരെ ലഭിച്ചു.

ദീർഘകാലം പട്ടമുക്കിൽ കുടുംബയോഗത്തിന്റെ പ്രസിഡണ്ടായിരുന്ന ഇദ്ദേഹത്തിന്റെ മക്കൾ വി.ഡി. ഏബ്രഹാം ഡോ. വി.ഡി. ഗീവറുഗീസ്, പ്രൊഫ. കെ. സി. അലക്സാണ്ടറുടെ സഹധർമ്മിണി സൂസൻ എന്നിവരാണ്.

നീതിക്കും സമാധാനത്തിനും വേണ്ടി ജീവിച്ച ഈ പുരോഹിത ശ്രേഷ്ഠൻ സ്ഥാനമാനങ്ങൾക്കു വേണ്ടി പരക്കം പായാതെ ദൈവം ഏല്പിച്ച ഉത്തരവാദിത്തങ്ങൾ നിശബ്ദവും ശക്തവുമായ സേവനങ്ങളാൽ പൂർത്തീകരിച്ച് ആരോഗ്യത്തോടെ ഇരിക്കുമ്പോൾ തന്നെ ഇടവക ഭരണത്തിൽ നിന്ന് സ്വയം വിരമിച്ചു. 1988 ആഗസ്റ്റ് 9-ാം തീയതി സമാധാനത്തോടെ ഉടമസ്ഥനോടു ചേർന്നു. ഇരുപത്തിഅഞ്ചാം ചരമവാർഷികത്തിൽ അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

പ്രൊഫ. മേരി മാത്യു, കുഴിമറ്റം ,
ഫോൺ: 9447145064

രോഹിണി വർഗീസ്, തിരുവല്ല

വീടിനു വിളക്കായ്

"A mother is a mother still,
the holiest thing alive" - Coleridge



കുടുംബം എന്ന സങ്കല്പം തകർന്നു കൊണ്ടിരിക്കുന്ന ഈ കാലത്ത്, അതിനുള്ളിൽ വസിക്കുന്ന ഓരോ വ്യക്തിയ്ക്കും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുകയുമാണ്. വീട് എന്ന വാക്കു നമ്മെ കൊണ്ടുപോകുന്നത് അവിടെ വിളക്കുപോൽ ശോഭിക്കുന്ന ഒരമ്മയിലേക്കു തന്നെയാണ്. "വീടിനു പൊന്മണി വിളക്കു നീ, തറവാടിനു നിധി നീ കുടുംബിനീ" എന്നു കവി പാടുമ്പോൾ, കേരളീയർ അഭിമാനത്തോടെ ആ സത്യം ഉൾക്കൊണ്ടിരുന്നു.

സ്ത്രീയുടെ സൃഷ്ടി എത്രമാത്രം മഹത്വമുള്ളതാണെന്നു നമുക്കറിയാം. ശരീരഘടന കൊണ്ടവൾ ബാലൻസുള്ളവളാണ്. ശാന്തതയോടെ, സമചിത്തയായി കാര്യങ്ങളെ നേരിടാനുള്ള കഴിവ് അവൾക്കു ജന്മസിദ്ധവുമാണ്. അമ്മയുമായുള്ള ബന്ധമാണ് ഒരു മനുഷ്യന്റെ ജീവിതത്തിലെ മുഴുവൻ ബന്ധങ്ങളെയും നിയന്ത്രിക്കുന്നത്. അതില്ലാത്തവർ ജീവിതത്തിൽ മറ്റെല്ലാ ബന്ധങ്ങളിലും പരാജയപ്പെടുന്നതായി കാണാം. മുലപ്പാൽ കുടിയ്ക്കാത്ത കുഞ്ഞുങ്ങളിൽ മരണനിരക്കുകൂടുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു.

"ഉണ്ണീ മറക്കായ്ക പക്ഷെയൊരമ്മതൻ
നെഞ്ചിൽ നിന്നുണ്ട മധുരമൊരിക്കലും"

എന്ന് മലയാളത്തിന്റെ ഇഷ്ട കവി ഒ.എൻ.വി. കുറുപ്പ് പാടുന്നതും അതുതന്നെയല്ലേ?

എന്നാൽ മതനേതാക്കൾ സ്ത്രീകൾക്കെന്നും താണസ്ഥാനമാണു നൽകിയത്. "ഒരു സ്ത്രീയുടെ ദേഹം കൊണ്ട് മുക്തി സാധ്യമല്ല" എന്നു മഹാവീരൻ. മുഹമ്മദ് നബി സ്ത്രീകളെ പള്ളിയിൽ കടക്കാൻ അനുവദിച്ചില്ല. സംഘത്തിൽ സ്ത്രീകളെ ചേർക്കാത്തതിന് ശ്രീബുദ്ധനെ നിരന്തരം ചോദ്യം ചെയ്തതിനെ തുടർന്നാണ് കൃഷ്ണാഗൗതമി എന്ന വനിത അദ്ദേഹത്തിന്റെ ശിഷ്യയായി സ്വീകരിക്കപ്പെട്ടത്. തന്റെ പന്ത്രണ്ടു ശിഷ്യരിൽ ഒരു സ്ത്രീയെ ഉൾപ്പെടുത്തിയില്ലെങ്കിലും യേശുക്രിസ്തുമാത്രമാണ് സ്ത്രീക്ക് സ്വാതന്ത്ര്യം നൽകിയത്. അവളെ രണ്ടാംതരം പൗരയായി ഗണിക്കുന്ന യഹൂദ പൈതൃകത്തെ അദ്ദേഹം എതിർത്തു. രണ്ടു സ്ത്രീകളുടെ തോളിൽ ഊന്നി നടന്ന വൃദ്ധനായ ഗാന്ധിജി സ്ത്രീ അബലയല്ലെന്നു പ്രഖ്യാപിക്കുകയായിരുന്നില്ലേ?

ഓർത്തഡോക്സ് സഭയുടെ ആരാധനയിലും മതവിശ്വാസ സംരക്ഷണത്തിലും സ്ത്രീകളുടെ പങ്കാളിത്തം കുറവല്ല. എന്നാൽ അധികാരനിർണ്ണയ തലങ്ങളിൽ പ്രാതിനിധ്യം കുറവാണ്. ഇത്തരം വിവേചനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും തുല്യനീതി ഉറപ്പാക്കുന്നതിനും സഭാനേതൃത്വം ശ്രമിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു പക്ഷെ സഭ ഇതൊക്കെ സത്രീകൾക്ക് അനുവദിച്ചു കൊടുത്താൽ പോലും കുടുംബങ്ങളുടെ പരിപൂർണ്ണ പിന്തുണയില്ലാതെ വീടിനു പുറത്തേക്ക് ഒരു ചുവടു വയ്ക്കുവാൻ നമ്മുടെ സ്ത്രീകൾ ധൈര്യപ്പെടുമോ? കമ്പോളവൽക്കരണത്തിന്റെ ഈ കാലത്ത് സാമ്പത്തികനേട്ടമില്ലാത്ത ഒരു പദ്ധതിയ്ക്കും സമയം പാഴാക്കണ്ടാ എന്ന ധ്വനിയാണ് കുടുംബം അവൾക്ക് നൽകുന്നത്. സ്വാർത്ഥതയുടെ മുഖങ്ങളാണവിടെ തെളിയുക. പരസ്പരമുള്ള വിട്ടുവീഴ്ചകളും തോറ്റുകൊടുക്കലും ഈ രംഗത്തും അനിവാര്യമാണ്.

സ്ത്രീപുരുഷ സമത്വം എന്നു പറയുമ്പോൾ, പുരുഷൻ കാട്ടുന്ന എല്ലാ തോന്ന്യാസങ്ങളും സ്ത്രീ പകർത്തണമെന്നർത്ഥമില്ല. സന്ധ്യാ പ്രാർത്ഥനയുടെ സമയത്ത് ക്ലബിൽ പോക്കും, ചീട്ടുകളിയും ലേശം മദ്യപാനവുമൊക്കെയുള്ള പുരുഷനെ ഭാര്യ ഒരു തരത്തിലും മാതൃകയാക്കേണ്ടതില്ല.

ദൈവം സ്ത്രീയെ സൃഷ്ടിച്ചു കൊണ്ടിരിക്കവെ ഒരു മാലാഖ അടുത്തുവന്ന് കമന്റുകൾ പാസ്സാക്കുന്ന ഒരു നർമ്മകഥ വായിച്ചിരുന്നു. ദൈവം വിശ്രമിക്കാതെ ഇത്രയധികം ഓവർടൈം എടുത്ത്, കണ്ണുനീരും പുഞ്ചിരിയും, സൗന്ദര്യവും മൃദുലഹൃദയവും, കാഠിന്യവും സഹനശക്തിയും ക്ഷമാശീലവും ഒക്കെ പാകത്തിനു ചേർത്തുണ്ടാക്കിയ ആ സൃഷ്ടി ദൈവത്തിനു പകരം നിൽക്കാൻ കെൽപ്പുള്ളവളാണല്ലോ എന്ന് മാലാഖയക്കു തോന്നിയത്രെ! സൃഷ്ടി പരിപാലനത്തിൽ ദൈവത്തിനു കൈത്താങ്ങലാകേണ്ട ആ സുന്ദരസൃഷ്ടി ഇന്നെവിടെ നിൽക്കുന്നു.?

പണത്തിനും ഇമ്പങ്ങൾക്കും വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത അക്രമികളായി ഇന്നു സ്ത്രീ മാറിക്കൊണ്ടിരിക്കുന്നു. സ്വന്തം മകളെ വിൽക്കാനും പല പുരുഷന്മാരെ സ്വീകരിക്കുവാനും, കള്ളനും കൊലപാതകിയ്ക്കും തട്ടിപ്പുകാരനും കൂട്ടുപോകുവാനും തയ്യാറുള്ള ഒരു കൂട്ടം അസുരത്തികൾ! മാധ്യമങ്ങളിൽ ആർ. ശ്രീലേഖമാഡം എഴുതിയ 'കാഴ്ചപ്പാട്' നമ്മുടെ കണ്ണു തുറപ്പിക്കുക മാത്രമല്ല 'തുറിപ്പിക്കു'കയും ചെയ്തു. കുറ്റവാളികളെ ഹീറോയായി കാണുന്ന പെൺകുട്ടികൾ, ഇന്റർപോളിന്റെ കുറ്റവാളി ലിസ്റ്റിൽ മുൻപന്തിയിൽ കയറിപ്പറ്റിയ ഭാരതീയ നാരികൾ! സ്ത്രീ സ്ത്രീയ്ക്കുതന്നെ ശത്രുവാകുന്ന ദുരവസ്ഥ. ഇതാണോ ദൈവം സൃഷ്ടിച്ച സ്ത്രീ?

ഭവനത്തിലും സമൂഹത്തിലും അർഹമായ അംഗീകാരം ലഭിയ്ക്കാത്തതു കൊണ്ടുള്ള നൈരാശ്യത്തിൽ നിന്നാണ് ഇത്തരം കുറ്റവാസനകൾ പിറക്കുന്നതെന്ന് ഒരു മനഃശാസ്ത്രജ്ഞൻ നിരീക്ഷിക്കുന്നു. ഭവനത്തിന്റെ വിളക്കാണ് സ്ത്രീ-തണ്ടിന്മേൽ ഇരുന്നു ശോഭിക്കേണ്ടവൾ. ആവശ്യത്തിന് സ്നേഹവും കരുതലുമാകുന്ന എണ്ണ പകർന്നു കൊടുത്ത് അതു കെടാതെ കാക്കേണ്ടത് പുരുഷന്മാരും മക്കളുമാണ്. അങ്ങിനെ നമ്മുടെ കുടുംബ ബന്ധങ്ങൾ ഊഷ്മളമായിത്തീരട്ടെ.



പുനർനവം 6

സഖേർ

ഉല്പ്പത്തിപുസ്തകം ഒന്നാമധ്യായത്തിന്റെ വായന തീരുകയാണ്. ഭൂചര ജന്തുക്കളുടെ മേലും മത്സ്യത്തിൻ മേലും പറവജാതിയിൻമേലുള്ള ഒരു നൽവാഴ് മനുഷ്യന് നൽകപ്പെടുന്നു. ഇത് ദൈവത്തിന്റെ മനുഷ്യസ്നേഹത്തിൽ നിന്നുനൽകപ്പെട്ടതാണെന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് വിശദീകരിക്കുന്നുണ്ട്.

ഇരുപത്തിയൊൻപതാം വാക്യം ഇപ്രകാരമാണ്, "ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും ഫലം കായ്ക്കുന്ന സകല വൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു. അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ." ആദിമനുഷ്യർക്കുള്ള കല്പനയാണ്. സത്യത്തിൽ അടിസ്ഥാനപരമായി നാം 'വെജിറ്റേറിയൻസാ'ണ്. നമ്മുടെ ശരീരത്തിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കുക. കൂർത്തനഖങ്ങളും കോമ്പല്ലുകളുമൊന്നും നല്കപ്പെട്ടിട്ടില്ല. പ്രകൃതിജീവന ചിന്തകർ പങ്കുവയ്ക്കുന്നത് പോലെ, 'ശരീരശാസ്ത്രകാരന്മാരുടെ വിശകലനത്തിൽ മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ ഘടനാ വിശേഷങ്ങൾ ഫലഭുക്കിന്റേതാണ്'. നമ്മുടെ കാലത്തെ ചില നിലപാടുകളെ പുനർനിർണ്ണയം ചെയ്യുന്നതിന് ഈ അതിപുരാതന തിരുവെഴുത്ത് വസ്മയകരമാംവിധം സഹായിക്കുന്നുണ്ട്.

ജൂലൈ ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ അവസാന വരികൾ ഇങ്ങനെയാണ്. "കൃഷി സംസ്കാരമാണെന്നും ജീവിതമാണെന്നും കൃഷിക്കാരൻ മനുഷ്യനാണെന്നുമുള്ള യാഥാർത്ഥ്യം, കൃഷി വ്യവസായമാണെന്നും കൃഷിക്കാരൻ ഉപഭോക്താവാണെന്നുമുള്ള സാമ്രാജ്യത്വ സങ്കൽപ്പങ്ങളിലേയ്ക്ക് കൺവർട്ട് ചെയ്യപ്പെടുമ്പോൾ 'മോൺസാന്റോ' കൃഷിയുടെ അപ്പോസ്തലനായി മാറും." ലോക ഭക്ഷ്യ പുരസ്കാരം (World Food Prize) ഈ വർഷം നൽകപ്പെട്ടത് മോൺസാന്റോയ്ക്കാണ് എന്നതിനെക്കുറിച്ചാണ് മനില സി. മോഹൻ എഴുതുന്നത്. ജനിതകമാറ്റം വരുത്തിയ വിത്തുകൾക്കും ഉൽപന്നങ്ങൾക്കുമെതിരെ (GMO) ആഗോളതലത്തിൽ ഉയർന്നുവന്നിട്ടുള്ള എതിർപ്പിനെ മറികടക്കാൻ നടത്തിയ ഒരു പബ്ലിക് റിലേഷൻ വർക്കാണ് ഈ അവാർഡ് എന്ന ന്യൂയോർക്ക് ടൈംസിന്റെ നിരീക്ഷണവും ചേർത്തിട്ടുണ്ട്. ഭക്ഷണത്തിന്റെ ഗുണത്തിലും അളവിലും ലഭ്യതയിലും മനുഷ്യരാശിക്ക് ഉപകാരപ്രദമായ സംഭാവനകൾ നല്കുന്നവർക്കുള്ള പുരസ്ക്കാരമെന്നാണ് വയ്പ്പ്. എന്നാൽ അന്തകവിത്തുകളുടെ ഈ കുത്തകഭീമൻ തന്നെ അത്തരമൊരു സമ്മാനം സ്പോൺസർ ചെയ്യുകയും സ്വയം ഏറ്റുവാങ്ങുകയും ചെയ്യുന്നതിലെ പൈശാചികത തെല്ലൊന്നുമല്ല നമ്മെ ആകുലരാക്കുന്നത്. മനിലയുടെ ഒരു വരി നമ്മെ വല്ലാതെ ഭീതിപ്പെടുത്തും. "കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ഇന്ത്യയെപ്പോലൊരു വലിയ രാജ്യത്ത് ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കാൻ നൽകുന്ന ബ്രായി (BRAI) ബില്ലിന് അംഗീകാരം നൽകാൻ ഇന്ത്യൻ പാർലമെന്റ് അണിയറ നീക്കം നടത്തുന്ന വേളയിലാണ്", യുദ്ധകാലത്ത് 'ആയുധം' അതില്ലാത്തപ്പോൾ 'കൃഷിയും' ഉല്പാദിപ്പിക്കുന്ന ലാഭക്കൊതിയന്മാരായ ഇത്തരം മൾട്ടി നാഷണൽ ക്രിമിനലുകളിലൊന്നിന് ഈ പുരസ്ക്കാരം ലഭിക്കുന്നത്.

'വിത്തുള്ള സസ്യങ്ങളും വിത്തുള്ള ഫലങ്ങളും' ഒരു സ്വപ്നമാകുന്ന കാലം അനതിവിദൂരമല്ല സുഹൃത്തേ! Agriculture-ൽ നിന്നാണ് culture ഉണ്ടായതെന്ന് മറക്കരുത്. പണ്ടു കുറിച്ചത്പോലെ, Nature-നെ 'Nurture' ചെയ്തെടുക്കാവുന്നതാണ് culture അഥവാ പ്രകൃതത്തെ 'കൃതം' ചെയ്തെടുക്കുന്നതാണ് സംസ്കൃതം/സംസ്ക്കാരം. കൃഷിയിടങ്ങൾ നശിക്കുന്തോറും സംസ്കാരം തന്നെയാണ് നശിക്കുന്നത്. അല്ലെങ്കിൽത്തന്നെ മരങ്ങളും മരത്തിലെ കിളികളും അവയുടെ പാട്ടും വളപ്പിലെ പൂക്കളും അവയിലെ തേനും തേനുണ്ണുന്ന പൂമ്പാറ്റകളും അതിരിലെ പുഴയും പുഴയിലെ മീനും പിന്നെ മഞ്ഞും മഴയും ഒരു കുഞ്ഞിളം കാറ്റുമൊക്കെയാണ് നമ്മെ ഉണർത്തിയിരുന്നത്. സത്യത്തിൽ ഒരു മനുഷ്യനിൽ കവിത്വവും പ്രവാചകത്വവുമൊക്കെ ഉണർത്തിയിരുന്നത്. സംസ്ക്കാരങ്ങളെ ഉയർത്തിയിരുന്നത്. ശരിക്കും നമ്മുടെ 'നെറ്റിനും' അതിലെ 'ആപ്സു'കൾക്കും ചില പരിമിതികളൊക്കെയുണ്ട്. നമ്മൾ സൃഷ്ടിച്ചവയിൽ' നിന്ന് പഠിക്കാനുള്ളതിലേറെ 'ദൈവം സൃഷ്ടി'ച്ചവയിൽനിന്നും സ്വഭാവത്തിലേയ്ക്ക് സ്വീകരിക്കാനുണ്ട്. പ്രപഞ്ചത്തിലെ ഏറ്റവും 'ജൂണിയറായി' സൃഷ്ടിക്കപ്പെട്ട മനുഷ്യൻ 'സീനിയേഴ്സി'നെ തീർത്തും അപമാനിക്കുന്നത് ശുദ്ധവിവരക്കേടാണ്. തികച്ചും യാന്ത്രികനാവുന്ന (Mechanical) മനുഷ്യൻ വല്ലാതെ ഭയപ്പെടുത്തുന്നു. ഒരു ജെസിബിയ്ക്ക് ഒരു മലയോട് ചെയ്യാവുന്നതിൽ കവിഞ്ഞൊന്നും ഒരു പുരുഷന് ഒരു സ്ത്രീയോട് ചെയ്യാനാവുന്നില്ലെന്നതാണ് ഈ കാലത്തിന്റെ ഒരു വിശേഷം. വയലുകളും തോപ്പുകളും തോടുകളും തൊടികളുമില്ലാത്ത ഒരു ലോകസൃഷ്ടിക്കൊരുമ്പെടുന്ന 'മോൺസാന്റോ'കളോട് തന്നെയാണ് ഈ തിരുവെഴുത്ത് കലഹിക്കുന്നത്.

താനുണ്ടാക്കിയ പ്രകൃതിയെ ദൈവം നോക്കി. അത് 'വളരെ നല്ലത്' എന്ന് ദൈവം കണ്ടു. അതുവരെയും 'നല്ലത്' എന്ന് പറഞ്ഞ ദൈവം 'എത്രയും നല്ലത്' എന്ന് പറയുന്നു. നിശ്ചയമായും ഒരു 'നല്ല സൃഷ്ടി' എപ്പോഴും സ്രഷ്ടാവിലെ നന്മയെ വിളിച്ചറിയിക്കുന്നു എന്നത് വാസ്തവം തന്നെ ! ശരിക്കും 'വിത്തുള്ള സസ്യങ്ങളും ഫലങ്ങളും' ഇല്ലാതാവുന്ന കാലത്ത് നമ്മെ ആരും ദൈവമക്കളെന്ന് വിളിക്കില്ലെന്ന് ഉറപ്പാണ്', പിന്നയോ ചെകുത്താന്റെ സന്തതികളെന്നേ നാം അറിയപ്പെടൂ! ഇനിയെങ്കിലും 'ലുലു'വിലെ പായ്ക്കറ്റുകൾ മാത്രം പൊട്ടിച്ച് 'പുഴുങ്ങിയും പുഴുങ്ങാതെയും തിന്നുന്ന നമ്മുടെ കുട്ടികളെ' ഒന്നു ശ്രദ്ധിക്കണേ! അവർ ചെയ്യുന്നത് എന്തെന്ന് അവരറിയുന്നില്ല; നാം പറയുന്നുമില്ല. ഇതു രാജ്യദ്രോഹം മാത്രമല്ല, ദൈവദ്രോഹം കൂടെയാണെന്നത്!


ഒരു 'നൽവാഴ്വിന്റെ' (well-being) പരിസരങ്ങളുടെ കഥ പറഞ്ഞ് ഒന്നാമധ്യായം പൂർണ്ണമാകുന്നു.



പുസ്തകശാല

Silence Please


ജോയി കുളനട



പ്രശസ്ത കാർട്ടൂണിസ്റ്റ് ജോയി കുളനടയുടെ നിശബ്ദ കാർട്ടൂൺ സമാഹാരം. സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളെ ഹാസ്യാത്മകമായി വരകളിലൂടെ മാത്രം വിശകലനം ചെയ്യുന്ന 'സൈലൻസ് പ്ലീസ്' എന്ന പംക്തിയിലെ തെരഞ്ഞെടുത്ത കാർട്ടൂണുകൾ. വീനസ് ബുക്സ്, കോന്നി, പേജ്. 96; വില 80 രൂപ

The Saintly Shepherd of Malankara Church

K. V. Mammen Kottackal



Life History of H.H. Baselius Geevarghese II the third Catholicos of the East in Malankara. foreword : Job Mar Philoxenos. Translation: Prof. Babu Zachariah. Kottackal Publishers, Manganam, Kottayam-18; Page-116, Rs -200.

മലയാള സാഹിത്യ ചരിത്രം എഴുതപ്പെടാത്ത ഏടുകൾ


ഡോ. പോൾ മണലിൽ



മലയാള സാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ ചരിത്ര സംഭവങ്ങളെയും ഇടപെടലുകളെയും ആധികാരികമായി ചർച്ച ചെയ്യുകയും തിരുത്തിക്കുറിക്കുകയും ചെയ്യുന്ന പത്തു പഠനങ്ങൾ. അവതാരിക: ഡോ. സുകുമാർ അഴീക്കോട്, നാഷണൽ ബുക്ക് സ്റ്റാൾ, പേജ്. 272; വില: 215 രൂപ.

ശുശ്രൂഷക മിത്രം

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്



മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനാ രീതികളും അനുഷ്ഠാന കർമ്മങ്ങളും വിശദീകരിക്കുന്ന ഉത്തമ ഗ്രന്ഥം. പള്ളിയിലെ പ്രധാന ശുശ്രൂഷകൻ അറിഞ്ഞിരിക്കേണ്ട പലതും ലളിതമായി ആവിഷ്ക്കരിച്ചിരിക്കുന്നു. അവതാരിക: ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, എം.ഒ.സി. പബ്ലിക്കേഷൻസ്, പേജ്: 95, വില: 60 രൂപ

യറുശലേം...


11-ാം പേജിൽ നിന്നു തുടർച്ച...

ബോട്ടിലും, കുതിരവണ്ടിയിലുമൊക്കെയായി എന്തു സാഹസങ്ങൾ സഹിച്ചാണ് യാത്രപൂർത്തിയാക്കിയത്. കേവല വൈകാരികാനുഭൂതിയ്ക്കപ്പുറമായിരുന്നു അദ്ദേഹത്തിനുണ്ടായ ക്രിസ്താനുഭവം. ക്രിസ്തുവിന്റെ ഭാവത്തോട് അദ്ദേഹം എന്തുമാത്രം അടുത്തുവെന്ന് വ്യക്തമാക്കുന്ന തീവ്രമായ അനുഭവങ്ങൾ യാത്രാവിവരണങ്ങളിൽ കോറിയിട്ടിരിക്കുന്നതു കാണാം. തന്നെയുമല്ല അദ്ദേഹത്തിന്റെ ജീവിതവീക്ഷണം, ശൈലി, സാമൂഹിക സുവിശേഷ പ്രവർത്തനങ്ങൾ ഇവയെല്ലാം കുറച്ചുകൂടി തീഷ്ണമായത് ഊർശ്ലേം യാത്രയ്ക്കു ശേഷമാണ്. ക്രിസ്തുവിനോടുള്ള അടങ്ങാത്ത ദാഹം അദ്ദേഹത്തെ ഊർശ്ലേമിലേക്കു നയിച്ചു. മടങ്ങി വന്നപ്പോൾ, ക്രിസ്തു സ്നേഹിച്ച പതിതരിലേക്കു തന്റെ സ്നേഹം ഇറങ്ങിച്ചെന്നു. പരിശുദ്ധ പരുമലത്തിരുമേനിയുടെ ഊർശ്ലേം യാത്രയുമായി ഇന്നത്തെ തീർത്ഥാടന ടൂറിനെ ഉപമിക്കുന്നത് അല്പം കടന്ന കൈയാണ്.

ഇതൊക്കെയായാലും വിശ്വാസികളുടെ ആത്മീയ ജീവിതത്തിൽ സാരമായ വ്യതിയാനം വരുത്തുവാൻ യരുശലേം തീർത്ഥാടനത്തിന് ഇന്നും സാദ്ധ്യതയുണ്ടെന്നുള്ളത് തള്ളിക്കളയുന്നില്ല. ഇത്രയും യാത്രാ സൗകര്യങ്ങൾ ഉള്ള ഈ കാലയളവിൽ രക്ഷകന്റെ ജനന, മരണ, കബറടക്ക, ഉയിർപ്പ്, സ്വർഗ്ഗാരോഹണ സ്ഥലങ്ങൾ നേരിൽ കാണുവാൻ അവസരം ലഭിക്കുന്നത് ഭാഗ്യം തന്നെയാണ്. തീവ്രവും ശുദ്ധവുമായ ആഗ്രഹത്തോടെ പോകുന്നവർക്ക്, രക്ഷകന്റെ സാന്നിദ്ധ്യം വൈകാരിക തലങ്ങളിൽ കൂടുതലായി അനുഭവപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. അതേ സമയം അത്രയും തുക മുടക്കി പോകാൻ ആവാത്തവർക്ക് ക്രിസ്തു അകലെയാണന്നും ചിന്തിക്കേണ്ടയാവശ്യമില്ല. "അഗ്നിമയന്മാരാരേ നോക്കിവിറച്ചീടുന്നു അവനെ മേശയിലപ്പം വീഞ്ഞായി നീ കാണുന്നു എന്ന ആരാധനയുടെ മർമ്മം വിശ്വാസികൾക്ക് ഏവർക്കും അനുഭവവേദ്യമാണല്ലോ? തന്നെയുമല്ല "അനാഥരെയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ ജീവിക്കുന്നതുമാണ് യഥാർത്ഥ ഭക്തിയെന്ന് "വി. യാക്കൂബ് ശ്ലീഹായും (1:27) വ്യക്തമായി പഠിപ്പിക്കുന്നു.

ചുരുക്കത്തിൽ കുറച്ചു പണം മുടക്കാൻ കഴിവുള്ളവർ ഭക്തിയോടും ഉദ്ദേശശുദ്ധിയോടും യരുശലേം തീർത്ഥാടനം നടത്തട്ടെ. അവരെ സഹായിക്കാൻ ഒട്ടേറെ ടൂർ ഓപ്പറേറ്ററന്മാർ നമ്മുടെ ചുറ്റിലും ഉണ്ട്. അവർ അതു നിർവ്വഹിച്ചുകൊള്ളും അതിനാൽ മേൽപട്ടക്കാരുടെയും, പട്ടക്കാരുടെയും, പാസ്റ്ററന്മാരുടെയും അജപാലന ശുശ്രൂഷയിൽ, വിശ്വാസികളെ യരുശലേമിൽ കൊണ്ടു പോകാനുള്ള ദൗത്യം, ഉൾപ്പെടുത്തേണ്ടതില്ലാ എന്നുള്ള എളിയ അഭിപ്രായമാണ് മുന്നോട്ടു വെക്കുന്നത്.

ഓർമ്മപ്പെരുന്നാൾ 2013 സെപ്റ്റംബർ 4




പത്തനംതിട്ട മൈലപ്ര മാർ കുറിയാക്കോസ് ആശ്രമത്തിൽ

സെപ്റ്റം. 4, 7 - ന് പ്രഭാത നമസ്കാരം, തുടർന്ന് വിശുദ്ധ മൂന്നിന്മേൽ കുർബാന, അനുസ്മരണ സമ്മേളനം, നേർച്ച വിളമ്പ് എന്നിവ നടക്കും.

മൈലപ്ര മാത്യൂസ് റമ്പാൻ

മൗനവ്രത സന്ന്യാസ ശൈലി മലങ്കര സഭയ്ക്ക് മാതൃകയാക്കി നൽകിയ താപസ ശ്രേഷ്ഠൻ.



1st DEATH ANNIVERSARY, 20-08-13

In Loving Memory of
Our Dearest Papaji,

VARUGHESE KURUVILLA

Kachirackal Manjavila,
Vennikulam

Inserted By:-
Molly Varughese (Wife)
Beena Koshy & Family
Bini Joseph & Family
Biji Varughese & Family
Bindu Abey & Family

20th DEATH ANNIVERSARY
05-08-13

ALEYAMMA ABRAHAM


Avoor, Nellickal, Koipuram, Chengannur

'We shall meet heavenly above'

Inserted by

Abraham Samuel & Sosamma Samuel
Adv. Abraham Samson & Adv. Lovely Samson
Kuruvilla Cherian & Jolly Kuruvilla
Great Grand Children:-
Joel & Noel, Sholly & Stephy

ഫാ. ഡോ. ബേബി വർഗീസ് യേൽ യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസർ



അമേരിക്കയിലെ പ്രശസ്ത യേൽ (Yale) യൂണിവേഴ്സിറ്റിയിലെ, യേൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സേക്രട്ട് മ്യൂസിക്കിൽ (ISM) 'സീനിയർ ഫെലോ' ആയി, ഫാ. ഡോ. ബേബി വറുഗീസ് തെരഞ്ഞെടുക്കപ്പെട്ടു. ഒമ്പതു മാസത്തെ ഫെലോഷിപ്പ് കാലത്ത് ആരാധനാ പഠനത്തിൽ സുറിയാനി ആരാധനാ പാരമ്പര്യത്തെപ്പറ്റിയുള്ള കോഴ്സ് ഫാ. ഡോ. ബേബി വറുഗീസ് പഠിപ്പിക്കും.

അതിപ്രശസ്തമായ ഈ ഫെലോഷിപ്പിനർഹനാകുന്ന ആദ്യത്തെ ഇന്ത്യാക്കാരനാണ്. 1993-95-ൽ അലക്സാണ്ടർ ഫോൺ ഹും ബോൾട്ട് ഫെലോഷിപ്പും (ബർലിൻ) 2004-ൽ യൂണിയൻ തിയോളജിക്കൽ സെമിനാരിയുടെ (ന്യൂയോർക്ക്) ബർക്ക് ഫെലോഷിപ്പും ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സുറിയാനി ആരാധനാ പഠനത്തിൽ ആഗോള തലത്തിൽ ശ്രദ്ധിക്കപ്പെട്ട നിരവധി ഗ്രന്ഥങ്ങളും, ഇംഗ്ലീഷ്, ഫ്രഞ്ച്, മലയാളം ഭാഷകളിലായി ഇരുന്നൂറിലധികം ലേഖനങ്ങളും രചിച്ചിട്ടുണ്ട്. കോട്ടയം ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനാണ്.

ആശ്വാസഭവൻ, കരുണാലയം

കുന്നംകുളം: അടുപ്പൂട്ടി സെ. മേരി മഗ്ദലീൻ കോൺവെന്റിലെ മദർ ആയിരുന്ന റവ. യോഹന്ന സിസ്റ്ററുടെ സ്മരണാർത്ഥം മദർ യോഹന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ സ്ഥാപനങ്ങളാണ് ആശ്വാസ ഭവനും, കരുണാലയവും 2006-ൽ പ്രവർത്തനം ആരംഭിച്ച കരുണാലയത്തിൽ, ബുദ്ധിമാന്ദ്യമുള്ളവരും അംഗവൈകല്യമുള്ള വരുമായ സ്ത്രീകളെ പരിപാലിക്കുന്നു. 2013-ൽ പ്രവർത്തനം ആരംഭിച്ച 'ആശ്വാസഭവൻ' നിരാലംബരായ സ്ത്രീകളെ ആജീവനാന്തം പാർപ്പിക്കും. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത പ്രസിഡന്റും, റവ. മദർ ബർബാറ ഒ.ബി.സി. വൈസ് പ്രസിഡന്റുമായി സ്ഥാപനം പ്രവർത്തിക്കുന്നു. പ്രവേശനത്തിന് ആഗ്രഹിക്കുന്നവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ഓഫീസുമായി ബന്ധപ്പെടണം.

04885-222960, 04885-223960

'വീടിനൊരു മലങ്കരസഭ'

സബ്ക്രിപ്ഷൻ മൊബിലൈസേഷൻ പ്രോഗ്രാം 2013

ഓരോ ഇടവകയ്ക്കും ഓരോ പ്രതിനിധി

മലങ്കരസഭ മാസിക എല്ലാ ഭവനങ്ങളിലും എത്തുന്നതിനായി ഓരോ ഇടവകയിൽ നിന്നും പ്രതിനിധികളെ ക്ഷണിക്കുന്നു. മലങ്കരസഭ മാസികയുടെ മൊബിലൈസേഷൻ പ്രോഗ്രാം കോർഡിനേറ്റർമാരായി ബിരുദധാരികളായ യുവാക്കളെയും ക്ഷണിക്കുന്നു. താൽപര്യമുള്ളവർ ബയോഡേറ്റാ സഹിതം ബന്ധപ്പെടുക.

Off.: 0481-2573234, Mob.: 9744648617



സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരു ശാസ്ത്രജ്ഞൻ ഒരു തവളയെ തിളയ്ക്കുന്ന വെള്ളത്തിൽ ഇട്ടു. സ്വാഭാവികമായും അത് പെട്ടന്ന് പുറത്തേക്കു ചാടി ഒരു നിമിഷം പോലും അത് പാഴാക്കിയില്ല. അത് ഒരു ജീവൻ മരണ പ്രശ്നമായിരുന്നു. അത് ശരിക്കും വളരെ ഉയരത്തിൽ ചാടി മുമ്പൊരിക്കലും ചാടിയിട്ടില്ലാത്ത വിധം.

ആ ശാസ്ത്രജ്ഞൻ തന്നെ മറ്റൊരു തവളയെ, തവളയുടെ ശരീര ഊഷ്മാവിലുള്ള മറ്റൊരു ബക്കറ്റ് വെള്ളത്തിലേക്കിട്ടു. തവള വളരെ സന്തുഷ്ടിയോടെ അതിന്റെ അടിയിൽ കിടന്നു വിശ്രമിച്ചു. ഇരുപത്തിനാല് മണിക്കൂർകൊണ്ട് പൂർണ്ണമായി തിളയ്ക്കത്തക്കവിധം അയാൾ ആ വെള്ളം സാവധാനം തിളപ്പിക്കാൻ തുടങ്ങി തവള പുറത്തേക്ക് ചാടിയതേ ഇല്ല. തവള അത് അറിഞ്ഞതേ ഇല്ല. ആ പ്രക്രീയ വളരെ സാവധാനമായിരുന്നു. താപത്തിന്റെ വർദ്ധനവ് അറിയാൻ വലിയ ജാഗ്രത ആവശ്യമായിരുന്നു. കാരണം താപവർദ്ധനവ് അത്ര മന്ദഗതിയിലായിരുന്നു.

തവള ചത്തുപോയി വെള്ളം തിളച്ചുകൊണ്ടിരിക്കയായിരുന്നു. തവളയും വെന്ത് കൊണ്ടിരിക്കുകയായിരുന്നു. പക്ഷെ അത് പുറത്തേക്കു ചാടുമായിരുന്നില്ല. ഇരുപത്തിനാല് മണിക്കൂറുകൾ കൊണ്ട് സാവധാനമുള്ള താപ വർദ്ധനവുമായി അത് പരിചയിച്ചു. അങ്ങനെ തവള മരണത്തിന് കീഴടങ്ങി.

നമ്മുടെ ജീവിതത്തിൽ ഇങ്ങനെയാണ് സംഭവിച്ച് കൊണ്ടിരിക്കുന്നത്. നമ്മൾ തിൻമകളിൽപ്പെട്ട് കൊണ്ടേയിരിക്കുന്നു. തെറ്റായ മാർഗ്ഗങ്ങൾ ചെയ്ത് കൊണ്ടേയിരിക്കുന്നു. തെറ്റായ മാർഗ്ഗങ്ങൾ അവലംബിച്ച് പലപ്പോഴും ശരികളിലേക്ക് യാത്ര ചെയ്യുവാൻ ആഗ്രഹിച്ച് കൊണ്ടേയിരിക്കുന്നു. തെറ്റായ മാർഗ്ഗങ്ങളുടെ ചൂട് പിടിച്ച് ജീവിക്കാൻ നാം ആഗ്രഹിച്ച് കൊണ്ടേയിരിക്കുന്നു. തെറ്റായ ഈ മാർഗ്ഗങ്ങൾ തെറ്റായ ലക്ഷ്യങ്ങൾ ആണ് നമ്മുടെ മുമ്പിൽ തുറക്കുക. ആ തെറ്റുകളിൽ നിന്ന് ശരികളിലേക്ക് ഉയരാൻ കഴിയാതെ വണ്ണം നാം ആഴ്ന്ന് പോവുകയും ചെയ്യും. മാർഗ്ഗങ്ങൾ തെറ്റാണെന്ന തിരിച്ചറിവ് ഉണ്ടാകുമ്പോഴേക്ക് നാം മരണത്തിലേക്ക് കടന്നിരിക്കും.

തെറ്റായ മാർഗ്ഗങ്ങളിൽ പരിചയിച്ചവർ ജീവിതകാലം മുഴുവൻ തുടരുന്ന എത്രപേർ? മറ്റുള്ളവർ അത് തെറ്റാണ് എന്ന് ബോധ്യപ്പെടുത്തിയാൽ അതിനോട് യോജിക്കാനും നിങ്ങൾക്കാകും. തെറ്റുകളോട് ബുദ്ധിപരമായ യോജിപ്പ് പുലർത്തുന്ന നിങ്ങൾ പ്രാവർത്തികമായ വിയോജിപ്പിലേക്ക് വരാനാകണം. നാം നമ്മെ വിഷമേൽപ്പിക്കുന്നത്. തിരിച്ചറിയാതെ വാക്കുകൊണ്ടും, യുക്തികൊണ്ടും, വാദമുഖങ്ങൾ കൊണ്ടും അതിനെ പരിപോഷിപ്പിച്ച് കൊണ്ടിരിക്കും. "നിങ്ങൾ ചെയ്തു എന്ന് വിചാരിക്കുന്ന മഹത്തര കാര്യങ്ങൾ നിങ്ങളുടെ തന്നെ നിശബ്ദ മരണത്തിലേക്കാകരുത്"

E-mail: fr.thirumangalam@gmail.com



LETTERS TO THE EDITOR

ജോർദ്ദാൻ നദിയും തകർച്ചയിൽ

തോമസ് കുളത്തിൻ കരോട്ടിന്റെ *രണ്ട് കടലുകളുടെ തകർച്ച* എന്ന ലേഖനം (ജൂൺ ലക്കം) കണ്ടു. ഗലീലാ കടലെന്നും തിബെര്യാസ് കടലെന്നും അറിയപ്പെടുന്ന ജലാശയത്തിന്റെ പ്രധാന ഉത്ഭവം ഹെർമ്മോൻ (ഗോലാൻ) മലയിലെ മഞ്ഞ് ഉരുകി ലഭിക്കുന്നതാണെന്നാണ് പരമ്പരാഗതമായി അറിയപ്പെടുന്നതും വിശ്വസിക്കപ്പെടുന്നതും. ഗോലാൻ കുന്നുകൾ കൈയ്യടക്കാൻ 1967 ൽ സിറിയ യുദ്ധം നടത്തിയതും പരാജയപ്പെട്ടതും ആരും മറന്നിരിക്കാനിടയില്ല. കണ്ണീർ തുള്ളികളെക്കാളും നിർമ്മലവും വിശുദ്ധവുമാണ് ഇവിടുത്തെ ജലാശയമെന്നതിനാൽ തന്നെ മുൻ പറഞ്ഞ ആശയം കൂടുതൽ സ്വീകാര്യമായി തോന്നുന്നു. ലോകത്തിലേക്കും ഏറ്റവും വലിയ ശുദ്ധജല തടാകമാണിത് എന്നതിനാൽ യിസ്രയേൽ രാഷ്ട്രം തന്നെ വളരെ അനുഗ്രഹീതമാണ്.

ജോർഡാൻ നദി ഒരു കാലത്ത് ഗലീലാ കടലിൽ പതിച്ചിരുന്നുവെന്നത് സത്യമാണ്. എന്നാൽ ഏതാനും വർഷങ്ങളായി ജോർഡാൻ നദിയുടെ ഒരു നല്ല ഭാഗം വരണ്ട് ഒരു നാടൻ കൈത്തോടിനെക്കാൾ ചെറുതായിരിക്കുന്നതായി നെബോ പർവ്വതമുകളിൽ നിന്ന് തന്നെ വളരെ വ്യക്തമായി കാണാം. അടുത്ത കാലത്ത് ഇസ്രായേൽ ഗവൺമെന്റും, ഇസ്രയേലിലെയും പലസ്തീനിലെയും സമീപ പ്രദേശങ്ങളിലെയും പ്രകൃതി സ്നേഹിതരും സംരക്ഷകരുമായി പ്രവർത്തിക്കുന്ന സാമൂഹ്യസംഘടനാ പ്രവർത്തകരും ചേർന്നുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ ഗലീലാ തടാകത്തിൽ നിന്നും നിശ്ചിത അളവിൽ ശുദ്ധ ജലം ജോർഡാൻ നദിയിലേക്ക് ദിവസം പ്രതി പമ്പ് ചെയ്തുവരുന്നുണ്ട്.

സോദോം, ഗോമോറാ എന്നീ പട്ടണങ്ങളിൽ ദൈവകോപത്താൽ അഗ്നിയും ഗന്ധകവും ഇറങ്ങി കത്തി ഇരുനഗരങ്ങളെയും ഉരുക്കി ഒരു ജീവി യ്ക്കും വസിക്കുവാൻ സാദ്ധ്യതയില്ലാത്തത്ര ഉപ്പും കൊടിയ സാന്ദ്രതയുമുള്ള ജലാശയമായി രൂപാന്തരം പ്രാപിച്ചണല്ലോ ചാവുകടൽ (Dead Sea) ഉണ്ടായത്. ജല സാന്ദ്രത വളരെയെറെയായതിനാൽ ജലാശയത്തിനു മീതെ ആർക്കും മലർന്നു കിടക്കാനാകും. സന്ദർശകർക്ക് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഇറങ്ങാനാവും. ജലതുള്ളികൾ വായിലോ കണ്ണിലോ വീഴരുതെന്നു മാത്രം. ഇന്ന് ചാവുകടൽ, തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന ജോർഡാനും ഇസ്രയേലിനും ഒരു സാമ്പത്തിക മേഖലയായി മാറിയിരിക്കുന്നു. ചാവു കടലിലെ വെള്ളത്തിൽ ധാരാളം സ്വാഭാവിക ധാതുക്കൾ (natural minerals) ഉള്ളതിനാൽ രോഗ സൗഖ്യദായിനിയാണെന്നും ഇതിന് healing power ഉണ്ടെന്നുമുള്ള അറിവുമൂലവും ചാവുകടലിലെ അടിത്തട്ടിലുള്ള ചേറ് പോലുള്ള ചെളി ത്വക്ക് രോഗ സംഹാരിയും ത്വക്ക് സംരക്ഷണത്തിന് അത്യുത്തമമെന്ന കണ്ടുപിടിത്തവുമാണ് ഇതിനു കാരണം. ജോർഡാന്റെയും, ഇസ്രായേലിലെയും അധീനതയിലുള്ള കടൽ തീരത്ത് നെടു നീളെ വിദേശികൾക്ക് വന്നു താമസിച്ച് ചികിത്സ ചെയ്യാൻ സഹായിക്കുന്ന റിസോർട്ടുകളും പഞ്ചനക്ഷത്ര ഹോട്ടലുകളും സമൃദ്ധമായി കാണാം. അതുപോലെ ചെളി കൊണ്ടുണ്ടാക്കിയ സോപ്പും സൗന്ദര്യ ആരോഗ്യ വർദ്ധന വിഭവങ്ങളും പല രൂപത്തിൽ പായ്ക്കറ്റുകളിലാക്കി വിൽക്കുന്ന ഷോപ്പിംഗ് സെന്ററുകളുണ്ട്. ചെളി ശരീരമാസകലം പുരട്ടി അൽപ്പ സമയത്തിനു ശേഷം കഴുകി കളയുന്ന *ചെളി ചികിത്സ* ത്വക്ക് രോഗങ്ങൾക്കെന്ന പോലെ എല്ലാത്തരം ആന്തരിക അസുഖങ്ങൾക്കും പ്രയോജനപ്പെടുമെന്നതാണ് പ്രചാരവും വിശ്വാസവും. ചാവുകടലിന്റെ ഓരങ്ങളിൽ നിന്നും കുറേശ്ശേയായി മഞ്ഞ, പച്ച നിറങ്ങളിൽ ദ്രാവകം ഒഴുകി വരുന്നത് സന്ദർശകർക്ക് കാണാം. സത്യത്തിൽ ഗലീലാ കടലിനെക്കാളും ചാവു കടലിനെക്കാളും തകർച്ച കൂടുതലായുള്ളത് ജോർഡാൻ നദിയ്ക്കാണ്. (കൂടുതൽ വിവരങ്ങൾക്ക് ലേഖകൻ എഴുതിയ ലോക കക്ഷകന്റെ പാദസ്പർശം തേടി എന്ന പുസ്തകം കാണുക)

ജോസ് കുര്യൻ
പുളിയേരിൽ, കൊല്ലാട്

■

കോറെപ്പിസ്കോപ്പായും കത്തീഡ്രലും : പരിശോധനാസമിതി വേണം

വൈദികർക്ക് റമ്പാൻ-കോറെപ്പിസ്കോപ്പാ, കോറെപ്പിസ്കോപ്പാ, റമ്പാൻ തുടങ്ങിയ സ്ഥാനങ്ങളും ദേവാലയങ്ങൾക്ക് വലിയ കത്തീഡ്രൽ, കത്തീഡ്രൽ, മഹാ ഇടവക, വലിയ പള്ളി, ആഗോള/പൗരസ്ത്യ (മരിയൻ/മാർതൊമ്മൻ/ജോർജിയൻ/ഗ്രിഗോറിയൻ) തീർത്ഥാടന കേന്ദ്രം തുടങ്ങിയ പദവികളും നൽകുന്നതിന് സഭാ തലത്തിൽ ഒരു പരിശോധനാ സമിതിയും മാനദണ്ഡങ്ങളും നടപടിക്രമവും ഉണ്ടാകണം. ദേവാലയങ്ങളിലെ തിരുശേഷിപ്പു പ്രതിഷ്ഠയ്ക്ക് നിയന്ത്രണം വേണം. കോറെപ്പിസ് കോപ്പാ, റമ്പാൻ സ്ഥാനികൾക്ക് ഏകീകൃതമായ ഒരു വേഷക്രമം വേണം. പരിശുദ്ധ ബസേലിയോസ് മാർ തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തയ്യാറാക്കിയ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ശുശ്രൂഷാ നടപടിച്ചട്ടങ്ങളിൽ (പേജ് 119 - 128) ചില മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യവസ്ഥകളും പറയുന്നുണ്ട്. ഇവ പാലിച്ചു കൊണ്ടു തന്നെ അഖില മലങ്കര/കേന്ദ്ര തലത്തിൽ പരിശോധനാ സമിതി (പ. എപ്പിസ്കോപ്പൽ സിനഡ്/വർക്കിംഗ് കമ്മറ്റി ആയാലും മതി) ഉണ്ടായാൽ അർഹതയ്ക്കു മാത്രം അംഗീകാരം ലഭിക്കും.

മെത്രാസന വൈദികസംഘത്തിന്റെ തീരുമാനവും ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരവും പ. കാതോലിക്കാ ബാവായുടെ അനുമതിയും ഉണ്ടായാൽ പോലും ഒരു വൈദികൻ കോറെപ്പിസ്കോപ്പാ സ്ഥാനത്തിന് യോഗ്യനായിരിക്കണമെന്നില്ല. ഗുരുസ്ഥാനിയരും മാതൃകാവൈദികരും നേടാൻ ശ്രമിക്കാത്ത കോറെപ്പിസ്കോപ്പാ സ്ഥാനം തങ്ങൾ നേടിയെടുക്കുന്നത് ശരിയാണോ എന്ന് വൈദികർ ആലോചിക്കണം. മാർ തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദേവാലയങ്ങൾക്കില്ലാത്ത പദവികൾ മറ്റു പള്ളികൾ നേടിയെടുക്കുന്നതു ശരിയാണോ എന്ന് ഇടവകക്കാരും ചിന്തിക്കണം. കത്തീഡ്രലും മഹാ ഇടവകയും കോറെപ്പി സ്കോപ്പായും റമ്പാനും ഇല്ലാതെ തന്നെ നിരണം മെത്രാസനം ഭംഗിയായി പോകുന്നുണ്ടല്ലോ. കാലം ചെയ്ത ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി യുടെ മാതൃകാപരമായ ഈ നിലപാട് അനുകരണീയമാണ്.

ഏതായാലും ബസിലിക്കാ, കമാണ്ടർ, ഷെവലിയാർ തുടങ്ങിയ പദവികൾ നമുക്കില്ലാത്തത് നന്നായി. ഒരിക്കൽ ഏതെങ്കിലും പദവി ലഭിച്ച ദേവാലയം മാനദണ്ഡങ്ങൾ ലംഘിക്കുകയോ നിലവാരത്തിൽ നിന്ന് പിന്നോക്കം പോകുകയോ ചെയ്താൽ അതിന്റെ പദവി പിൻവലിക്കാനും നിയമമുണ്ടാക്കണം. തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള പല ദേവാലയങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലെന്നുള്ളതും ഒരു സത്യമാണ്. (2012 ജൂൺ ലക്കംമലങ്കരസഭാ മാസികയിലെ ഫാ. ഡോ. ടി. ജെ. ജോഷ്വായുടെ ലേഖനം കൂടി കാണുക).

- ലെജു പി. തോമസ്,
ഉള്ളനാട്

■



കൗൺസലിംഗ്

കുട്ടികളുടെ പരിപാലനം

ഫാ. യൂഹാനോൻ ജോൺ
മാർ കുറിയാക്കോസ് ആശ്രമം, മൈലപ്ര

കുട്ടികളെ സംബന്ധിച്ച വിഷയങ്ങളിലുള്ള ക്രിസ്തീയ ഇടപെടലിന്റെ അടിസ്ഥാനം കുട്ടികൾ പൂർണ്ണമായും ദൈവസ്വരൂപത്തിലും സാദൃശ്യത്തിലുമാണ് (ഉല്പത്തി 1:27) സൃഷ്ടിക്കപ്പെടുന്നതെന്ന ചിന്തയാണ് (Created in the Image of God) കുഞ്ഞുങ്ങളെ പൂർണ്ണ വ്യക്തികളായി അംഗീകരിക്കാൻ ഈ ചിന്ത സൂചന നൽകുന്നു. ദൈവസ്വരൂപവും,ദൈവസാദൃശ്യവും മങ്ങലേല്പിക്കാതെ തേജസ്സിൽ വളർത്തേണ്ടത് മനുഷ്യന്റെ ധർമ്മമാണ്.

ദൈവം മനുഷ്യനായി അവതരിച്ചു; "ശിശുവായി സ്വയമേ വെളിവായി"(ലൂക്കോസ് 2:7,52) യേശു ശൈശവത്തെയും, ബാല്യത്തെയും 'ഉൾകൊണ്ട് ' കൗമാരത്തിലൂടെ കടന്ന് യുവത്വത്തിൽ എത്തി പരസ്യ ശുശ്രൂഷ പൂർത്തിയാക്കുന്നു. 'ചൈൽഡ് ഹുഡ് '(Childhood) എന്ന ജീവിത കാലഘട്ടത്തെ യേശു തന്റെ മനുഷ്യത്വത്തിൽ പൂർണമായി ഉൾക്കൊള്ളുന്നത് കുട്ടികളെ മഹത്വത്തിലേക്ക് നയിക്കുന്നതിന്റെ സൂചനയാണ്. യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ കുട്ടികൾക്ക് പങ്കാളിത്തം നൽകുന്നു. തന്റെ അടുക്കലേക്ക് അവർ വരട്ടെ. അവരെ തടയേണ്ട എന്ന് ശിഷ്യർക്ക് നിർദ്ദേശം കൊടുക്കുന്നു. ദൈവരാജ്യത്തെക്കുറിച്ചുള്ള വലിയ പാഠം ശിഷ്യരെ പഠിപ്പിക്കുമ്പോൾ അതിന് ഉപയോഗിച്ച ഉപാധി ശിശുക്കളാണ്. ഒരു ശിശുവിനെ വിളിച്ച് അവരുടെ നടുവിൽ നിർത്തി (In the midst of the community). ദൈവരാജ്യത്തിന്റെ കേന്ദ്രമായി ഒരു ശിശുവിനെയാണ് യേശുനാഥൻ എടുത്ത് കാണിക്കുന്നത്. ശിശുക്കൾ പാർശ്വവത്ക്കരിക്കപ്പെടുമ്പോൾ, ക്രിസ്തു ഉപയോഗിച്ച ഈ അടയാളം ഒരു തിരുത്തൽ സ്വാധീനമായി നിലകൊള്ളേണ്ടതുണ്ട്. സഭയിൽ ഏതൊരു പ്രഖ്യാപിത പരിശുദ്ധനും നൽകുന്ന സ്ഥാനത്തേക്കാളുപരിയായ പദവിയാണ്, ക്രിസ്തു വിഭാവനചെയ്ത ദൈവരാജ്യ സംഘത്തിൽ കുഞ്ഞുങ്ങൾക്ക് നൽകുന്നത്. ഈ വിധത്തിലുള്ള അടിസ്ഥാന തത്വത്തിൽ നിലകൊണ്ട് കുട്ടികളുടെ ദൈവശാസ്ത്രത്തിന്റെ അർത്ഥ തലങ്ങളെ കൂടുതൽ ആഴത്തിലുള്ളതാക്കണം. അതിന്റെ പ്രയോഗിക തലങ്ങളെ വികസിപ്പിക്കുകയും ചെയ്യണം.

സഭാതലം : ശിശു-സൗഹൃദ സഭാന്തരീക്ഷം കാത്തുസൂക്ഷിക്കാൻ കാലം നമ്മോട് ആവശ്യപ്പെടുന്നു. ശിശു-സൗഹൃദമായ ശൈലികളും പ്രവർത്തനങ്ങളും രൂപപ്പെടുമ്പോൾ കൂടുതൽ ഫലവത്തായി കുട്ടികളുടെ വ്യക്തിത്വം വികസിപ്പിക്കാൻ ഇടയാകും. സൺഡേസ്കൂൾ, ബാലസമാജം, എം.ജി.ഒ.സി.എസ്സ്. എം, തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ സമഗ്രമായ വ്യക്തിത്വ വികസനത്തിന് ഉതകുന്ന പദ്ധതികൾ ഇടവക തലത്തിൽ കൂടുതലായി ആവിഷ്കരിക്കാൻ ശ്രദ്ധിക്കണം. കുട്ടികളുടെ മാനസികമായ പ്രയാസങ്ങളും ദുഃഖങ്ങളും മനസ്സിലാക്കുവാൻ സൺഡേസ്കൂൾ അധ്യാപകർ ശ്രമിക്കുകയും, അവരുടെ ജീവിതത്തിന് വേണ്ട കൈത്താങ്ങൽ കൊടക്കുവാൻ ശ്രദ്ധിക്കുകയും വേണം.

ആരാധനയിൽ, പ്രസംഗത്തിൽ, കൂദാശകളിൽ, പൊതുയോഗ തീരുമാനത്തിൽ, ആഘോഷങ്ങളിൽ... കുട്ടികൾ "അദൃശ്യരായി" പോകാതെ അവരെ സഭയുടെ നടുവിൽ കൊണ്ടുവരുവാനുള്ള ബാധ്യത നമുക്കുണ്ട്. സഭയുടെ ദർശനങ്ങളിൽ കുട്ടികൾ സഭാമണ്ഡല മധ്യത്തിൽ തന്നെയുണ്ടാവണം.

കുടുംബതലം : കുഞ്ഞുങ്ങളുടെ ഭൗതിക സാഹചര്യങ്ങളെ സജ്ജമാക്കി അവരുടെ ആത്മീയ- മാനസിക-സാമൂഹിക വളർച്ചയ്ക്കും പരിപോഷണത്തിനും ഉതകും വിധം കുടുംബാന്തരീക്ഷം രൂപപ്പെടുത്തേണ്ടത് ക്രിസ്തീയ ദൗത്യമാണ്. ക്രിസ്തീയ കുടുംബം നിലനിർത്തേണ്ട മൂല്യങ്ങളെപ്പറ്റിയും, കുടുംബ ദൈവശാസ്ത്രത്തെപ്പറ്റിയും കുട്ടികളുടെ പരിപാലനക്കെുറിച്ചും, ആധുനിക കുടുംബം നേരിടുന്ന ല്ലെുവിളികക്കെുറച്ചും, അതിജീവനമാർഗ്ഗത്തെക്കുറച്ചും മാതാപിതാക്കൾ ബോധവാന്മാരാകണം. അതിന് സഹായകമാകുന്ന കുടുംബപഠനങ്ങളും പദ്ധതികളും നടപ്പിലാക്കണം.

വികസിത ശുശ്രൂഷാതലം : കുഞ്ഞുങ്ങൾ ദൈവസദൃശ്യരാകയാൽ അവർ വ്യത്യസ്ഥമതത്തിലോ, വർഗ്ഗത്തിലോ, സാഹചര്യങ്ങളിലോ ആയാലും അവരുടെ പ്രശ്നങ്ങളും വേദനകളും സഭയുടേതായി ഏറ്റെടുക്കേണ്ടതുണ്ട്. കരുതലില്ലാതെ പ്രവർത്തിക്കുന്ന ഭരണ സംവിധാനങ്ങൾക്കിടയിലും, മൂല്യമില്ലാതെ നടപ്പിലാക്കുന്ന പദ്ധതികൾക്കിടയിലും സമൂഹത്തിന്റെ മനഃസാക്ഷിയായി സഭ നിലകൊള്ളേണ്ടതുണ്ട്. കുഞ്ഞുങ്ങൾ ഉദരത്തിൽ വച്ച് തന്നെ കൊലചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ, പോഷകാഹാരക്കുറവ് കാരണം ആദിവാസി കുഞ്ഞുങ്ങൾ മരിച്ചു വീഴുന്നിടത്ത്, ദാമ്പത്യ ബന്ധത്തിന്റെ ശിഥിലീകരണത്തിൽ കുഞ്ഞുങ്ങൾ വേദനിക്കപ്പെടുന്ന സ്ഥലത്ത്, ആൺകുഞ്ഞുങ്ങൾ ഉപദ്രവക്കപ്പെടുമ്പോൾ, പെൺകുഞ്ഞുങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ സഭ സമൂഹത്തിന്റെ നിർമ്മല മനസ്സായി ഉണരണം. പ്രദർശനമാകാതെ, ദർശനമായി, ഫലവത്തായ കർമ്മ പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ കഴിയണം. ■

അഹമ്മദാബാദ് ഭദ്രാസന കേന്ദ്രം ഉദ്ഘാടനം ചെയ്തു



അഹമ്മദാബാദ് ഭദ്രാസനത്തിന്റെ നവീകരിച്ച ആസ്ഥാന മന്ദിരത്തിന്റേയും സെ. തോമസ് ചാപ്പലിന്റേയും കൂദാശ ഓർത്തഡോക്സ് സഭ പരമാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. ജൂലൈ 12-ന് നടന്ന ചടങ്ങിൽ ചെങ്ങന്നൂർഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നിവർ സംബന്ധിച്ചു. നിലവിൽ അഹമ്മദാബാദ് സെ. മേരീസ് കത്തീഡ്രലിന്റെ അധീനതയിലുള്ള വസ്തുവിൽ സ്ഥിതി ചെയ്യുന്ന ഭദ്രാസന ആസ്ഥാനത്തിന്റെ പ്രമാണ രേഖ വികാരി ഫാ. ടിജു ഐപ്പ് പ. കാതോലിക്കാ ബാവായെ ഏൽപിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജേക്കബ് മാത്യു, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

വെല്ലൂർ സി.എം.സി. മെഡിക്കൽ കോളജിൽ സ്പോൺസർഷിപ്പ്

വെല്ലൂർ സി.എം.സി. മെഡിക്കൽ കോളജ് പ്രവേശനത്തിന് കോയമ്പത്തൂർ സി.എസ്. ആശ്രമത്തിൽ നിന്നും രണ്ട് പേർക്ക് സ്പോൺസർഷിപ്പ് ലഭിക്കും.

ഇന്റർ ആശ്രമം ഫെലോഷിപ്പ് മെംബർഷിപ്പ്, തടാകം ആശ്രമത്തിന് ലഭിച്ചതിനാലാണ് ഒരോവർഷവും രണ്ട് പേർക്ക് അഡ്മിഷൻ സ്പോൺസർഷിപ്പ് നൽകുവാൻ കഴിയുന്നത്. എസ്.എസ്.എൽ.സി., +2 പരീക്ഷകൾക്ക് 80% മാർക്ക് വാങ്ങിയവർക്ക് അപേക്ഷിക്കാം. 70% മാർക്ക് വാങ്ങിയവർക്ക് നേഴ്സിംഗിനും അപേക്ഷിക്കാം. വരുമാനപരിധി, പ്രവേശന പരീക്ഷ, മറ്റ് നിബന്ധനകൾ ഇവയ്ക്കുവേണ്ടി ബന്ധപ്പെടുക.

എം.ഡി. യൂഹാനോൻ റമ്പാൻ (ആക്ടിംഗ് ആചാര്യ)
ഫോൺ: 9447277690

SITE SUPERVISOR NEEDED

Applications are invited from Civil Engineering Diploma Holders, to the post of a site supervisor, for the proposed New Hostel Block building at the Orthodox Theological Seminary, Kottayam. Salary negotiable. Suitable applicants should address their application with resume to the **Principal, Orthodox Theological Seminary, Kottayam, 686 001**.

ഗുജറാത്തിൽ എയ്ഡ്സ് പുനരധിവാസ കേന്ദ്രം നിർമ്മിക്കുന്നു

അഹമ്മദാബാദ്: ഗുജറാത്തിലെ ഗാന്ധിദാമിൽ സഭ അഹമ്മദാബാദ് ഭദ്രാസനത്തിന്റേയും മിഷൻ ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ എച്ച്.ഐ.വി.-എയിഡ്സ് പുനരധിവാസ കേന്ദ്രം നിർമ്മിക്കുന്നു. ഇതിനുവേണ്ടിയുള്ള സ്ഥലത്തിന്റെ പ്രമാണരേഖ ജൂലൈ 12-ന് ഭദ്രാസനാസ്ഥാനത്തു വച്ചു നടന്ന ചടങ്ങിൽ ഗാന്ധിധാം ഇടവക വികാരി ഫാ. ബിജോയ് വർഗീസ് പ. കാതോലിക്കാ ബാവായെ ഏൽപിച്ചു. തോമസ് മാർ അത്താനാസിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും, ഡോ. ജോർജ് ജോസഫ്, ബാംഗ്ലൂർ ദയാഭവൻ മാനേജർ ഫാ. ജിനേഷ് വർക്കി, ഭദ്രാസന സെക്രട്ടറി ഫാ. ജേക്കബ് മാത്യു, സഭാ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ എന്നിവരും സംബന്ധിച്ചു.

ഗുജറാത്തിൽ മഹാത്മാഗാന്ധി സ്മൃതി അതിഥി മന്ദിരം തുറന്നു

അഹമ്മദാബാദ്: രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്വാതന്ത്ര്യ സമരങ്ങളുടെയും രാഷ്ട്രീയ പ്രവർത്തനങ്ങളുടേയും സംഗമ കേന്ദ്രമായിരുന്ന അഹമ്മദാബാദ് നഗരത്തിൽ മഹാത്മാ ഗാന്ധി സ്മൃതി ഹെറിറ്റേജ് സെന്റർ എന്ന പേരിൽ ഓർത്തഡോക്സ് സഭയുടെയും അഹമ്മദാബാദ് ഭദ്രാസനത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ അതിഥി മന്ദിരം തുറന്നു. ഇതിന്റെ ഉദ്ഘാടനം ജൂലൈ 13-ന് പ. കാതോലിക്കാ ബാവാ നിർവ്വഹിച്ചു. സഭയുടെ ദേശീയതയുടെയും മതസൗഹാർദ്ദത്തിന്റെയും രാഷ്ട്രത്തോടുള്ള വിധേയത്വത്തിന്റെയും പ്രതീകമാണ് ഈ സെന്ററെന്നു ഇതോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ പ. ബാവാ പ്രസ്താവിച്ചു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

മഹാത്മാഗാന്ധിയുടെ ജന്മസ്ഥലമായ പോർബന്തർ, സബർമതി ആശ്രമം, അദ്ദേഹം സ്ഥാപിച്ച ഗുജറാത്ത വിദ്യാപീഠ്, പ്രസിദ്ധ ജൈന-ബുദ്ധമത തീർത്ഥാടക കേന്ദ്രങ്ങളായ ദ്വാരക, സോമനാഥ് പാലിത്താന, അംബാജി, അക്ഷർധാം തുടങ്ങിയവ കാണാനെത്തുന്ന സന്ദർശകർക്കു ജാതി-മത ഭേദമെന്യേ ഇവിടെ താമസ-വിശ്രമ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.

സഹോദരങ്ങൾക്ക് ഡോക്ട്രേറ്റ്





കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ നിന്നും ഡോക്ട്രേറ്റ് നേടിയ ഏഞ്ചൽ സൂസൻ ചെറിയാനും സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ട്രേറ്റ് നേടിയ ക്രിസ്റ്റി തോമസ് ചെറിയാനും. ഫിസിക്സിൽ ഡോക്ട്രേറ്റ് നേടിയ ഇരുവരും, സൺഡേ സ്ക്കൂൾ ഓഫീസ് മാനേജർ പ്രൊഫ. ചെറിയാൻ തോമസിന്റെയും, സി.എം.എസ്. കോളേജ് കെമിസ്ട്രി വിഭാഗം മേധാവി പ്രൊഫ. ഡോ. സൂസൻ വർഗീസിന്റെയും മക്കളാണ്. മാന്നാർ മണലേൽ മഠത്തിൽ ജിനോ വർഗീസ് ചാക്കോയുടെ ഭാര്യയാണ് ഏഞ്ചൽ. ഡോ. മെറി മറിയം വർഗീസാണ് ക്രിസ്റ്റിയുടെ ഭാര്യ. സൺഡേസ്ക്കൂൾ മത്സരപരീക്ഷകളിലും സഹപാഠ്യ മത്സരങ്ങളിലും ഇരുവരും അഖില മലങ്കരാടിസ്ഥാനത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്. ഏഞ്ചൽ, മാന്നാർ മർത്തമറിയം പള്ളിയിലേയും, നട്ടാശ്ശേരി സെ. തോമസ് ഇടവകാംഗമായ ക്രിസ്റ്റി, സിംഗപ്പൂർ, സെന്റ് തോമസ് പള്ളിയിലേയും സൺഡേസ്ക്കൂൾ അദ്ധ്യാപകരാണ്.

ഡോക്ട്രേറ്റ് നേടി




മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽവർക്ക് വിഭാഗത്തിൽ അഡോളസന്റ് കൗൺസലിംഗ് വിഷയത്തിൽ ഡോക്ട്രേറ്റ് നേടിയ ഫാ. ജോൺസൺ സി. ജോൺ. പരുമല സെ. ഗ്രിഗോറിയോസ് കോളജ് ഓഫ് ഹെൽത്ത് സയൻസ് പ്രിൻസിപ്പാൾ ആയി പ്രവർത്തിച്ചു അമേരിക്കയിൽ ഫിലാഡൽഫിയായിൽ ഇൻസൈറ്റ് അക്കാദമി ഡയറക്ടർ ആയി ഇപ്പോൾ പ്രവർത്തിക്കുന്നു. കല്ലൂപ്പാറ സെ. മേരീസ് വലിയ പള്ളി ഇടവകാംഗം, സ്തേഫാനോസ്, ഇച്ഛാശക്തി എന്നീ ഗ്രന്ഥങ്ങൾ രചയിച്ചിട്ടുണ്ട്. ഭാര്യ സെലീൻ, മക്കൾ: ജോയൽ, ജുവാൻ.

അഭിനന്ദനങ്ങൾ



ഏഷ്യൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 4 X 400 മീറ്റർ റിലേയിൽ സ്വർണ്ണം നേടിയ അനു മറിയം ജോസ്. പാമ്പാക്കുട വലിയ പള്ളി ഇടവകാംഗം.



ഒക്ടോബറിൽ ബ്രസിലിൽ വച്ചു നടത്തുന്ന 20-ാമത് ലോക മാസ്റ്റേഴ്സ് അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇൻഡ്യയെ പ്രതിനിധീകരിച്ച് അഞ്ചു കിലോമീറ്റർ നടത്ത മത്സരത്തിൽ വി.ജി. മാത്യുവിനു പങ്കെടുക്കുവാൻ മാസ്റ്റേഴ്സ് അത്ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇൻഡ്യ അർഹത നല്കിയിരിക്കുന്നു.

വി.ജി. മാത്യു, സുമംഗലം, തുമ്പമൺ, 2009-ാം ആണ്ടിൽ സിംഗപ്പൂരിൽ വച്ചു നടത്തപ്പെട്ട ലോക വെറ്ററൻ അത്ലറ്റിക്ക് മീറ്റിൽ 3 കി.മീ നടത്ത മത്സരത്തിൽ സ്വർണ്ണപ്പതക്കം നേടുകയും, 2006 വർഷം മുതൽ 2012 വരെ കേരള സ്റ്റേറ്റ് അത്ലറ്റിക്സ് സ്റ്റേറ്റ് ചാമ്പ്യനാണ്. നിരവധി ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

ദേവാലയ കൂദാശ

കൊല്ലം ഭദ്രാസനത്തിലെ താമരക്കുടി മർത്തമറിയം ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ആഗസ്റ്റ് 11 മുതൽ 18 വരെ നടത്തുന്നു, ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളും കൂദാശയോടനുബന്ധിച്ചുള്ള ദീപശിഖാ പ്രയാണം പതാക ഘോഷയാത്ര സ്വീകരണഘോഷയാത്ര പൊതുസമ്മേളനം, വി. മൂന്നിന്മേൽ കുർബ്ബാന തുടങ്ങിയവയും ഈ ദിവസങ്ങളിൽ നടത്തുന്നു. അഭി. സഖറിയ മാർ അന്തോണിയോസ്, അഭി. അലക്സിയോസ് മാർ യൗസേബിയോസ്, അഭി. യൂഹാനോൻ മാർ ദിയസ്ക്കോറോസ് എന്നിവർ നേതൃത്വം നൽകുന്നു.

എം. ഒ. സി. പ്രസിദ്ധീകരണങ്ങൾ പള്ളികളിലേയ്ക്ക്...

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസിന്റെ കേന്ദ്ര ഓഫീസിൽ നിന്നും (കോട്ടയം, മനോരമ-ഈരയിൽക്കടവ് റോഡ്) പള്ളികളിൽ ബുക്ക് സ്റ്റാൾ ക്രമീകരിക്കുന്നതിന്, sale or return -വ്യവസ്ഥയിൽ, എല്ലാ ക്രിസ്തീയ പ്രസിദ്ധീകരണങ്ങളും ഭക്തിഗാന സിഡികൾ, ബൈബിളുകൾ, പള്ളിസാധനങ്ങൾ, മലങ്കരസഭ മാസിക എന്നിവ ഹോൾസെയിൽ വിലയ്ക്ക് നൽകുന്നതാണ്.

മലങ്കരസഭ മാസികയുടെ വരിസംഖ്യ പുതുക്കുന്നതിനും, മാസിക ലഭിക്കുന്നതിനും അവസരമുണ്ടായിരിക്കും.

ഫോൺ: 0481-2561305, 9496161305

MOC Book Stall Kottayam	- 9496161305
MOC Book Stall Parumala	- 8606675702
MOC Book Stall Devalokam	- 9447018283
Malankara Sabha Magazine, Devalokam	- 9744648617

ആരോഗ്യ പോഷണം പദ്ധതിക്ക് സർക്കാരിന്റെ അഭിനന്ദനം



അഗളി : അട്ടപ്പാടിയിലെ വിവിധ ആദിവാസി ഊരുകളിൽ മലങ്കര ഓർത്തഡോക്സ് സഭ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'ആരോഗ്യ പോഷണം ' പദ്ധതിയ്ക്ക് കേരള സർക്കാരിന്റെ പ്രത്യേക അഭിനന്ദനം. ജൂൺ 2 ന് നെല്ലിപ്പതി ഊരിലെ 65 കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്തുകൊണ്ട് ആരംഭിച്ച പദ്ധതി ഇപ്പോൾ ഭൂതിവഴി, കോട്ടമല, ചുണ്ടുകുളം, വെങ്കക്കടവ്, കതിരമ്പതി, കാരറ, ഗുഡ്ഡയൂർ എന്നീ ഊരുകളിലെ 15 വയസ്സിൽ താഴെയുളള 500 കുട്ടികൾക്ക് ദിവസവും പോഷകാഹാരം വിതരണം ചെയ്യുന്ന പദ്ധതിയായി വളർന്നിട്ടുണ്ട്. ദിവസവും 10000 രൂപയോളം പദ്ധതിക്കായി ചിലവാകുന്നു.

അട്ടപ്പാടി സെന്റ്. തോമസ് ആശ്രമത്തിന്റെ ചുമതലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതിയെ ബഹു. പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി കുമാരി. പി. കെ ജയലക്ഷ്മി അഭിനന്ദിച്ചു. 'സമൂഹത്തിന്റെ താഴെ തട്ടിൽ കഴിയുന്ന അട്ടപ്പാടി ആദിവാസി ഊരുകളിലെ കുട്ടികൾക്ക് നിങ്ങൾ ഏറ്റെടുത്ത ദൗത്യം മൂലം പോഷകാഹാരം ലഭിക്കുന്നു എന്നത് ഒരു വലിയ കാര്യമായി സർക്കാർ കാണുന്നു. മാത്രമല്ല ഈ സേവനം മറ്റുള്ളവർക്ക് ഒരു മതൃകയുമാണ്. ഈ പദ്ധതി നടപ്പാക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയേയും പ്രത്യേകിച്ച് അട്ടപ്പാടി സെ.തോമസ് ആശ്രമത്തേയും, സഭാനേതൃത്വത്തേയും അഭിനന്ദിക്കുന്നു.' എന്ന് പദ്ധതി ഡയറക്ടറും സുപ്പീരിയറുമായ ഫാ. എം.ഡി യൂഹാനോൻ റമ്പാനെ അഭിനന്ദന സന്ദേശത്തിൽ മന്ത്രി അറിയിച്ചു.

പതിനഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വൃദ്ധജനങ്ങൾക്കും ആഹാരം നൽകുന്നുണ്ട്. പുഴുങ്ങിയ മുട്ട, കാച്ചിയ പാൽ എന്നിവ ആശ്രമത്തിൽ തയ്യാറാക്കി വാഹനങ്ങളിൽ സന്നദ്ധപ്രവർത്തകർ ഊരുകളിലെത്തിച്ചാണ് വിതരണം നടത്തുന്നത്.

.പദ്ധതിയുടെ ട്രഷററായി ഫാ.എസ് പോളും കോഓർഡിനേറ്ററായി മിഷൻ പ്രോജക്ട് ഡയറക്ടർ ഡോ. സിബി തരകനും പ്രവർത്തിക്കുന്നു.



പിൻമൊഴി

സാക്ഷരത കൂടിപോയതാണോ; നമ്മുടെ കുറ്റം

പ്രകൃതിക്ക് പ്രഹരം ഏൽപ്പിച്ചു കൊണ്ട് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് സൗഹാർദ്ദപരമായ ബദലുകൾ തേടുക എന്നത് ശ്രേഷ്ഠമായ ആശയമാണ്. തണ്ണീർത്തടങ്ങളും മഴക്കുഴികളും മരം നട്ടുപിടിപ്പിക്കലുമൊക്കെ ഉൾപ്പെടുന്ന വിപ്ലവാത്മകമായ പോംവഴികളിലൊന്നായിരുന്നു ഉദാത്ത ഊർജ്ജമാതൃകയായ സൗരോർജ്ജം.

കേരളത്തിലും പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിലും വിജയകരമായി നടപ്പിലാക്കി വന്ന ഈ പദ്ധതി സർക്കാരിന്റെ സ്വന്തം സംരംഭങ്ങളായ അനർട്ട് കെൽട്രോൺ തുടങ്ങിയവയിലൂടെ ബാഹ്യ ഇടപെടലുകളില്ലാതെ ജനങ്ങൾക്ക് നൽകാനാകുമായിരുന്നു. ചില രാഷ്ട്രീയ ഇടപെടലുകൾ മൂലം ഈ പദ്ധതിയുടെ ഭാവി തുലാസ്സിലായിരുക്കുന്നു.

പകരം വെയ്ക്കാനില്ലാത്ത ഈയൊരു ഊർജ്ജ സ്രോതസ്സിനെ പ്രകീർത്തിച്ചു നിന്നിരുന്ന ഒരൊറ്റ മാധ്യമം പോലും ഇതുമായി മുന്നോട്ട് പോകാനാകാത്ത വിധം 'സോളാർ' എന്ന പദം തന്നെ അപകീർത്തീകരമായിരിക്കന്നു.

രണ്ടോ മൂന്നോ അതിലധികമോ വ്യക്തികളുടെ ദുർമ്മോഹപരവും സ്വാർത്ഥത നിറഞ്ഞതുമായ പ്രവർത്തനങ്ങളിൽ വഞ്ചിക്കപ്പെട്ടവരുടെ വ്യവഹാരങ്ങൾ മാന്യമായി നടത്തി പ്രതികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനു പകരം; ഓർക്കുക, ഏതു വിധിയും നീതിപരമായി പുനപ്പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഒട്ടൊക്കെ നിലനിൽക്കേ!. ടി സംഭവത്തെ ഓരോ രാഷ്ട്രീയ പാർട്ടിയും ഓരോ ചാനലുകളും അവരവരുടെ റേറ്റിംഗ് കൂട്ടുവാനുള്ള സബ്ജറ്റാക്കിയതു മൂലം, ആ പദം ആരും ഉപയോഗിക്കാൻ ധൈര്യപ്പെടാത്ത വിധത്തിൽ മലിനപ്പെട്ടിരിക്കുന്നു.

പ്രപഞ്ചത്തിലെ ജീവചൈതന്യ പ്രഭവങ്ങളിലൊന്നായ സൂര്യന്റെ സ്വാഭാവികമായ കിരണങ്ങൾ ഭൂമിക്കു നൽകുന്ന അനുഭൂതിദായകമായ വളർച്ചാ വിശേഷങ്ങൾക്കപ്പുറം സൂര്യന്റെ ചിത്രത്തെ അശ്ലീലവൽക്കരിച്ച് തങ്ങൾക്കിഷ്ടമില്ലാത്ത നേതാക്കളെ കൂട്ടിവരച്ച് കേരളത്തിലുടനീളം പ്രദർശിപ്പിച്ചിരിക്കുന്നത് ഭൂമിയിൽ ജീവൻ നിലനിർത്തുന്ന സൂര്യനോട് കാട്ടുന്ന പാതകമല്ലേ.?

സ്റ്റേറ്റിന്റേയും ഗവൺമെന്റിന്റേയും അഭ്യുന്നതിക്കുവേണ്ടി ബുദ്ധിപരമായ അഭ്യസനം നടത്തി പൗരന്റെ വിരൽത്തുമ്പിലെ മഷിപ്പാടിന് വിലകൽപ്പിച്ച് ജനാധിപത്യത്തെ കൊടിപാറിക്കുന്ന പഠനമാണ് രാഷ്ട്രമീമാംസ എന്ന പൊളിറ്റിക്കൽ സയൻസ്.

അങ്ങനെ ഗുരുത്വത്തോടെ സമീപിക്കേണ്ട ഭരണസംവിധാനത്തിൽ അടിസ്ഥാന വിദ്യാഭ്യാസം പോലും നഷ്ടപ്പെടുത്തിയവർ വർണ്ണക്കൊടികളുടെ പിൻബലത്തിൽ നിയമനിർമ്മാണ സഭകളിലെത്തുന്നതാണ് ആധുനിക ഭാരതീയന്റെ ശാപം .

കഴിഞ്ഞ രണ്ട് മാസത്തിനിടെ കേരളത്തിലെ ജനങ്ങളുടെ ജീവനും ക്ഷേമത്തിനും സ്വത്തിനും വികസനത്തിനും ഗുണകരമായ എത്ര ചർച്ചകളിൽ ക്രിയാത്മകമായി പങ്കെടുത്തു എന്നൊരു ചോദ്യം പ്രതിപക്ഷത്തോടുണ്ട്. ഇറങ്ങിപ്പോക്കും രാപകലുമൊക്കെ ഫ്രെയിമുകളിൽ നിറഞ്ഞു നിൽക്കാനുള്ള ഉപാധികളല്ലാതെ ആകാംഷയോടും പ്രാർത്ഥനയോടും താൽപര്യത്തോടും നിയമനിർമ്മാണ സഭയിലെത്തിച്ച പൗരനോടുകാട്ടിയ അതിക്രമമായിപോയി.

മറ്റെല്ലാവരും എതിർത്തിട്ടും സ്വന്തം ഓഫീസിൽ ക്യാമറ സ്ഥാപിച്ച് മാതൃക കാട്ടിയ മുഖ്യമന്ത്രി സുതാര്യനാകാൻ പരിശ്രമിക്കുമ്പോഴും സ്വന്തം സഹായികൾ കാട്ടിയ അതാര്യത അദ്ദേഹത്തെ വെട്ടിലാക്കിരിക്കുന്നു. മുപ്പതോളം വരുന്ന സ്റ്റാഫുകളെ പഠിച്ച് നിയമിക്കാൻ കഴിയില്ലെങ്കിലും ഇന്ദിരാഗാന്ധിക്ക് അംഗരക്ഷകരിൽ നിന്നേറ്റ വെടിയുണ്ടകൾ തന്നെയാണ് ഈ കേസ്സിലും ബഹു. മുഖ്യമന്ത്രിക്ക് സംഭവിച്ചിരിക്കുന്നത്.

രാഷ്ട്രീയപാർട്ടികളുടെ ചേരിതിരിഞ്ഞുള്ള പോർവിളികളും വാതുവയ്പുകളും നീതിസാരബോധനങ്ങളുമെല്ലാം എം എൽ എ മാരുടെ ശമ്പളപരിഷ്ക്കരണ ചർച്ചകൾ വരുമ്പോഴോ, രാഷ്ട്രീയപാർട്ടികൾ വിവരാവകാശത്തിന്റെ പരിധിയിൽ വരുമ്പോഴോ ആവിയായി പോകുന്ന നിർലജ്ജമായ കാഴ്ചകൾ കൂടി ഈ കാലത്ത് കാണേണ്ടി വന്നു.

വിദേശ ഭരണത്തിലും വിമോചനസമരങ്ങളിലും മലയാള നാടിനെ വെളിച്ചത്തിലേക്ക് ഉപനയിച്ച മഹത് പാരമ്പര്യമുള്ള മാധ്യമലോകം മാന്യതയേയും ധാർമ്മികതയേയും അവരുടെ ചർച്ചാടേബിളിൽ നിന്നും പടിയിറക്കി വിട്ടിരിക്കുന്നു. ഏതു തിന്മകളും ചോദ്യം ചെയ്യാൻ മാധ്യങ്ങളുണ്ടെന്ന ആശ്വാസം കാത്തുസൂക്ഷിച്ചവർ ഇന്ന് രീതിയിലാണ്. ഏതെങ്കിലുമൊരു അല്പമോഹിയുടെ വിരൽത്തുമ്പിൽത്തൂങ്ങി ക്യാമറകൾ മനുഷ്യനെ വേട്ടയാടുന്ന കാലമായി. ആൾമാറാട്ടത്തിലൂടെ അപരനാമത്തിലൂടെ വ്യാജഫോണിലൂടെ എല്ലാ സുരക്ഷയും ലംഘിച്ച് അവർ എങ്ങനെയും ആരെയും സമീപിക്കാം. തങ്ങൾക്കിണങ്ങുന്ന വർത്തമാനക്കാരെ കുളിപ്പിച്ച് കുറിതൊടീച്ച് വൈകുന്നേരങ്ങളിൽ ചർച്ചക്കിരുത്തി അവർ ആത്മരതി അനുഭവിക്കുന്നു. അക്ഷരങ്ങളും അച്ചുകൂടങ്ങളും ദൃശ്യങ്ങളും അഗമ്യഗമനത്തിലേക്ക്

സാമ്പത്തിക കുററങ്ങളുടെ ഭാവി എന്തായി തീരുമെന്ന് നന്നായിട്ടറിയവാുന്നരാണ് നാം. ഈ കേസിലും ചുമത്തപ്പെട്ടിട്ടുള്ള കുറ്റങ്ങൾ അതുമാത്ര മാണ്. വഞ്ചന, സാമ്പത്തികം തുടങ്ങിയവ .... ഭാരതത്തിലെ കെടി കെട്ടിയ കേമന്മാർ കോടി കണക്കിന് രൂപയുടെ തിരിമറികൾ നടത്തിയിട്ടും വ്യവഹാരങ്ങൾ ഉണ്ടായിട്ടും ഇവിടെ വിലസിയ ചരിത്രമാണുള്ളത്.

പക്ഷെ, ഇതൊക്കെ മങ്ങലേൽപ്പിച്ചത് സൗരോർജ്ജമെന്ന സ്രോതസ്സിന്റെ വ്യാപനത്തെയാണ്. കേരളത്തിന്റെ വീട്ടകങ്ങൾ വിളങ്ങേണ്ട വെള്ളിവെളിച്ചത്തെ ഒരു സ്ത്രീയുടെ പേരോടു ചേർത്തു കെട്ടി നാം അപഹസിക്കുമ്പോൾ, തർക്ക- വിതർക്കങ്ങൾ മങ്ങലേൽപ്പിക്കാത്ത അന്യസംസ്ഥാന ബദൽ മാതൃകകൾ കണ്ട് മനസ്സുകൊണ്ട് നമിച്ചു പോകുന്നു. സാക്ഷരത കൂടിപ്പോയതാണോ നമ്മുടെ കുറ്റം ?

ഗുണിതം: . .വർത്തമാന ഭാരതത്തിന്റെ കൊടിയ ശാപം ഈ അടിമത്തമാണ്. ഇവിടെ സകലർക്കും ആജ്ഞാപിക്കണം. ആർക്കും അനുസരിക്കാൻ വയ്യ. ആദ്യം ഭൃത്യനാകാൻ ശീലിക്കുക. യജമാനനാകാനുള്ള യോഗ്യതയും വരും (സ്വാമി വിവേകാനന്ദൻ)

- ഫാ. മുകളിൽ

'വീടിനൊരു മലങ്കരസഭ'

Since 1946



നല്ല വായനയ്ക്ക്

മലങ്കരസഭ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാധ്യമം



വായിക്കാനും സൂക്ഷിച്ചു വയ്ക്കാനും സംശോധന നടത്തുവാനും ഒരുത്തമ ഗ്രന്ഥം.

കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇഷ്ടപ്പെടുന്ന വായനാ വിഭവങ്ങൾ

അദ്ധ്യാത്മിക ചിന്തകളിലൂടെ സാമൂഹ്യ ബോധത്തിന്റെ പുത്തൻ ശീലുകൾ...

മലയാളിയുടെ പുതിയ വായനാ സംസ്ക്കാരം.

No. 176/2013

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ



കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

മലങ്കരസഭ മാസിക നമ്മുടെ എല്ലാ ഭവനങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ അതിന്റെ പ്രവർത്തകർ ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിന് ആഗ്രഹിക്കുന്നു. പരിശുദ്ധ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം എന്ന നിലയിൽ ഈ മാസികയെ പ്രോത്സാഹിപ്പിക്കേണ്ടത് സഭാമക്കളായ ഏവരുടെയും കടമയാണ്. നമ്മുടെ എല്ലാ ഇടവകകളും ഭവനങ്ങളും **മലങ്കരസഭ** മാസികയുടെ വളർച്ചയ്ക്ക് ആത്മാർത്ഥമായി സഹകരിക്കുകയും മാസികയുടെ വരിക്കാരാകുകയും ചെയ്യണം എന്ന് നാം ആഗ്രഹിക്കുന്നു. മാസിക പ്രവർത്തകർ നമ്മുടെ ഇടവകകൾ സന്ദർശിക്കുമ്പോൾ പരമാവധിപേർ വരിക്കാരായി ചേരുകയും പ്രവർത്തകർക്ക് പൂർണ്ണ സഹകരണം നൽകുകയും ചെയ്യണം എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും, പ. ഗീവർഗീസ് സഹദായുടേയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2013 ജൂലൈ മാസം 06 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

പ്രസ്താവന

ചൈനയിൽ ധാരാളമായി കണ്ടു വരുന്ന പുളോണിയ എന്ന വൃക്ഷത്തിന്റെ തടി കടഞ്ഞ് പ്ലൈവുഡ് ആക്കി നിയന്ത്രിത അളവിലുള്ള രാസപ്രക്രിയകൾക്ക് വിധേയമാക്കി, സാറ്റിൻ തുണിയും, കോട്ടൺ ലേസും വച്ച് ഇനാമൽ പെയിന്റ് ചെയ്ത് മനോഹരമാക്കി, തേക്ക്, മഹാഗണി, ചെറി തുടങ്ങിയ ഡിസൈനുകൾ നൽകി ഗോൾഡൻ കോട്ടിംഗ് ഉള്ള ഹാൻഡിലുകൾ ചേർത്ത് നിർമ്മിക്കപ്പെടുന്ന ഒന്നാണ് ചൈനീസ് കോഫിൻസ് എന്ന പേരിൽ അറിയപ്പെടുന്ന സ്വർഗ്ഗപ്പെട്ടി. തികച്ചും പരിസ്ഥിതി സൗഹാർദ്ദപരമായി നിർമ്മിച്ചിട്ടുള്ളതും ഉപയോഗിക്കുന്നതുമായ ഈ ഉല്പന്നം ഒട്ടുമിക്ക സഭാവിഭാഗങ്ങളിലേയും ദേവാലയങ്ങളിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതും യാതൊരു വിധ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. ഇതിന്റെ നിർമ്മാതാക്കളായ **luxes casket company ltd. (www.Luxes Casket.com)** ന് അമേരിക്കൻ, യൂറോപ്യൻ യൂണിനുകളുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള പ്രത്യേക സർട്ടിഫിക്കറ്റും ലഭിച്ചിട്ടുള്ളതാണ്. കണ്ടെയ്നറുകളിൽ ഇറക്കുമതി ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന ചെലവുകൾ ആണ് വിലവർദ്ധനവിന് കാരണം. യോജ്യമായ വിലക്ക് സാധാരണക്കാർക്കു കൂടി ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ കമ്പനി നടത്തുന്നുണ്ട്. ഏറ്റവും മികച്ചതും ഗുണകരവും പാരിസ്ഥിതിക പ്രയാസങ്ങൾ ഉണ്ടാക്കാത്തതും മണ്ണോട് അലിഞ്ഞു ചേരുന്നതുമായ ഈ ഉല്പന്നത്തിന്റെ വിതരണത്തിൽ ചെങ്ങന്നൂർ ആസ്ഥാനമായ ചെമ്പക ഇംപോർട്ടേഴ്സ് & എക്സ്പോർട്ടേഴ്സിന് പൂർണ്ണ ഉത്തരവാദിത്വമുണ്ട്. മറ്റെല്ലാ ചൈനീസ് ഇറക്കുമതി ഉല്പന്നങ്ങൾക്കും നിങ്ങൾ നൽകുന്ന എല്ലാ പ്രോത്സാഹനങ്ങളും കാത്തു സൂക്ഷിച്ചുകൊണ്ട് തുടർന്നും ഞങ്ങൾ പ്രവർത്തിക്കുന്നതാണ്.

ചെമ്പക ഇംപോർട്ടേഴ്സ് & എക്സ്പോർട്ടേഴ്സിനു വേണ്ടി
മാനേജിംഗ് ഡയറക്ടർ, ഫോൺ: 8606079991

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10th of Every Month

RNI No. 3076/1948, Reg. No. KL/KTM/236/2012-14
License No. KL/CR/KTM/WPP-47/2012-14
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. THOMAS P. MUKALIL, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, EDITOR DR. ZACHARIAH MAR APREM RS. 15/-